# ഗുരുനാഥൻ.

പുസ്തകം 9 } 1105 മകരം { ലക്കം 6


## എന്റെ കുടുംബസ്മരണകൾ.


(ആർ. ഈശ്വരപിള്ള ബി. എ.)


(തുടർച്ച)

ഗോവിന്ദപ്പിള്ള അവർകൾ ഏററുമാനൂർ, പത്തനാപുരം, പറവൂർ, കരുനാഗപ്പള്ളി, ചേർത്തല, നെയ്യാററിൻകര എന്നീ ആറു സ്ഥലങ്ങളിൽ തഹശീൽ ഉദ്യോഗം വളരെ ശേഷിയോടും ഊർജ്ജിതത്തോടുംകൂടി വഹിച്ചിരുന്നു. ചേർത്തലെവച്ചു് അന്നു ചേർത്തല പേഷ്കാരായിരുന്ന ധീരനും ഗംഭീരനുമായ ശങ്കുണ്ണിമേനവനവർകളുമായിട്ടു് അല്പം മല്ലിടുകയുണ്ടായി. എന്നാൽ വഴക്കു മൂക്കുന്നതിനു മുമ്പു് അവിടെനിന്നും നെയ്യാററിൻകരക്കു് സ്ഥലംമാററപ്പെട്ടു. ദിവാൻ മിസ്റ്റർ മാധവറാവു അദ്ദേഹത്തിന്റെ ശേഷിയെ ശ്ലാഘിച്ചു് പല ഉപദേശങ്ങൾ നൽകിയും എഴുത്തുകൾ അയച്ചിട്ടുള്ളതു് ലേഖകൻതന്നെ പ്രത്യക്ഷമായി കണ്ടിട്ടുണ്ടു്. ഗോവിന്ദപ്പിള്ള അവർകളെപ്പോലെ നിഷ്കളങ്കരാജഭക്തിയുള്ളവർ വളരെ ചുരുക്കമാണു്. ഇതുപോലെ കുടുംബസ്നേഹമുള്ള ഒരു കാരണവരേയും കാണ്മാൻ പ്രയാസമാണു്. ആശ്രിതവാത്സല്യവും ഇതുപോലെതന്നെയായിരുന്നു. പലർക്കും ഉദ്യോഗം കൊടുത്തും മററു പല വിധത്തിലും സഹായം ചെയ്തിട്ടുണ്ടു്. തന്റെ കുടുംബൈശ്വര്യത്തിനുവേണ്ടി പല സൽകർമ്മങ്ങളും ധർമ്മങ്ങളും മററും ചെയ്തിട്ടുണ്ടു്. അടുത്തുള്ള പൂവാൻകുളങ്ങരെ ക്ഷേത്രത്തിൽ അത്താഴപ്പൂജയ്ക്കു സർക്കാരിൽനിന്നും ഏർപ്പാടില്ലാത്തതിനാൽ അതിലേക്കു വേണ്ട പണം മാറാശാന്തിക്കാരനായ കുഴതപ്പള്ളിൽ എളയതിനെ ഏല്പിച്ചു പ്രമാണം വാങ്ങുകയും ചെയ്തു. പോരാതെ വന്നതു് അന്നത്തെപ്പോലെ ഇന്നും നെല്ലായിട്ടു കൊടുത്തും വരുന്നുണ്ടു്. ഇതുപോലെതന്നെ "വേട്ടയ്ക്കൊരുമകൻ" ക്ഷേത്രത്തിൽ പ്രതിദിനംനിവേദ്യംവകക്കും നാഴി അരിവീതം കൊടുക്കുന്നതിനും ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഈ രണ്ടു ദിക്കിലും ഓരോ വിളക്കിനുള്ള എണ്ണയും അനുവദിച്ചിട്ടുണ്ടു്. ഇതുകൂടാതെ ക്ഷേത്രങ്ങളിൽ വിശേഷാൽ പല പാട്ടുകളും വഴിപാടുകളും പ്രതിവർഷം നടത്തുന്നതിനും നിശ്ചയം ചെയ്തിട്ടുണ്ടു്. ഇതുകൂടാതെ വീടിരിക്കുന്നതിനു നേരെ വടക്കെപ്പുരയിടത്തിൽ പണിചെ

യ്യിച്ച മഠത്തിൽവച്ച് ൧൦൮൧-ാമാണ്ട് ഒരു വിശേഷ അടിയന്തിരം നടത്തി; അവിടെ ഒരു ചെറിയ വിഷ്ണുക്ഷേത്രം പണിചെയ്യിച്ച് ഒരുനേരം പൂജനടത്തിവരുന്നുമുണ്ട്. ഇതുപോലെ മററു പല ഏപ്പാടുകളും ചെയ്തിട്ടുണ്ട്. അവയൊക്കെയും ഇന്നും വിഘ്നംകൂടാതെ നടത്തിവരുന്നുണ്ട്. ആനെക്കാട്ടും ഇതുപോലെ ചില ഏപ്പാടുകൾ ചെയ്തിട്ടുണ്ട്. ഈയിടെ ഭാഗം കഴിഞ്ഞപ്പോൾ ആവകക്കു വേണ്ടതായ വസ്തുക്കൾ പ്രത്യേകം തിരിച്ചു തറവാട്ടിൽ കുടുംബമായി താമസിക്കുന്ന ശാഖയെ ഏല്പിച്ചിരിക്കയാണ്. ഗോവിന്ദപ്പിള്ള അവർകൾ കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസത്തിലും ശ്രദ്ധ പതിക്കാതിരുന്നില്ല. ലേഖകനേയുംമററും ഇംഗ്ലീഷുവിദ്യാഭ്യാസത്തിനു പ്രോത്സാഹിപ്പിച്ചതും ഇദ്ദേഹംതന്നെയാണ്. വളരെ കാലമായി വെട്ടിക്കാതെ മുക്കാലും നികന്നു കിടന്ന പൂവാർകുളം വളരെപണം വ്യയംചെയ്തു വെട്ടിച്ചു നന്നാക്കി ഒരുവശം കല്ലുകെട്ടിച്ചതും ഈ മഹാൻ തന്നെയാണ്. ഒളശയിൽ ജീർണ്ണപ്പെട്ടു കിടന്നിരുന്ന വേട്ടയ്ക്കൊരുമകൻക്ഷേത്രം മുക്കാലും പണിതീർത്തതും ഗോവിന്ദപ്പിള്ള അവർകൾതന്നെയാണ്. ഒളശ കരതന്നെ ഒന്നു തെളിഞ്ഞതും ഇദ്ദേഹത്തിന്റെ സാന്നിദ്ധ്യംകൊണ്ടാണെന്നു പറയുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ "ദൈവപ്രിയന്മാക്കായുസ്സില്ല" എന്നുള്ള വാക്യം പലപ്പോഴും വാസ്തവമായി ഭവിക്കുന്നുണ്ടല്ലോ. കുടുംബത്തിന്റെ ദൌർഭാഗ്യംനിമിത്തം ൧൦൮൨-ാമാണ്ട് മീനമാസം ൧൯-ാംനു- ഗോവിന്ദപ്പിള്ള അവർകൾ തിരുവനന്തപുരത്തുവച്ച് മസൂരിരോഗത്താൽ മരിക്കയാണുണ്ടായത്. അദ്ദേഹം മരണശയ്യയിൽ കിടക്കുമ്പോൾ ജ്യേഷ്ഠൻ നാരായണപിള്ളയുടെ പേക്ക് ഒരു ചരമസന്ദേശം അയച്ചിരുന്നതിന്റെ ഒടുവിലത്തെ വാചകം ഇങ്ങിനെയായിരുന്നു. "ഇരുപത്തിരണ്ടിൽ കുളിപ്പിക്കാമെന്നാണു പറയുന്നത്. ഞാൻ അതു വിശ്വസിക്കുന്നില്ല. ഉടപ്പിറന്നവരെയും കുട്ടികളേയും രക്ഷിച്ചുകൊള്ളണം." അദ്ദേഹത്തിനു തന്റെ പത്നി ലക്ഷ്മിയമ്മയിൽ ഒരു പുത്രനും രണ്ടു പുത്രികളും ഉണ്ടായിരുന്നു. അവക്കും കാലക്ഷേപത്തിനു വേണ്ട വസ്തുക്കൾ സമ്പാദിച്ചു കൊടുത്തിട്ടുണ്ടായിരുന്നു. അവരിൽ ആരും ഇപ്പോൾ ജീവിച്ചിരിപ്പില്ല. അവരുടെ സന്താനങ്ങൾ മാത്രമെയുള്ളു. പത്തുകൊല്ലംമുമ്പ് കൊച്ചുകൃഷ്ണപിള്ളയുടെ മരണംനിമിത്തം വലിയ ഇടിവു തട്ടിയ കുടുംബം ആ വിപത്തിന്റെ കാക്ശ്യത്തിൽനിന്നും നിശ്ശേഷം വിമുക്തമാകുന്നതിനു മുമ്പാണ് ഈ അത്യാഹിതം സംഭവിച്ചത്. അതുനിമിത്തം ഈ സംഭവം കുടുംബത്തിനു ഒരശനിപാതം തന്നെ ആയിരുന്നു. കുടുംബപ്രതിഷ്ഠാപകന്മാരായ ഈ രണ്ടു മഹാന്മാരുടേയും വിയോഗം പലവിധത്തിലും കുടുംബത്തിന്റെ മേൽവളർനക്കു വലിയ പ്രതിബന്ധമായിത്തീന്നതിനും പുറമെ തൽക്കാലം ചില കുഴപ്പത്തിനും ഇടയാക്കി. എങ്കിലും അംഗങ്ങളുടെ യോജിപ്പുനിമിത്തം വലി

യ ങ്കേടൊന്നും പററാനിടയായില്ല എന്നുതന്നെ പറയാം. ഗോവിന്ദപ്പിള്ള അവകൾ ഇരിക്കുമ്പോൾതന്നെ ഗൃഹഭരണം തൻെറ രണ്ടാമത്തെ അനന്തിരവനായ നാരായണപിള്ളയെ ഏല്പിച്ചിരുന്നു. ഇദ്ദേഹം ബുദ്ധിമാനും പ്രാപ്തനുമായിരുന്നതുകൊണ്ടും മററു കുഴപ്പങ്ങൾ യാതൊന്നുമില്ലാതിരുന്നതുകൊണ്ടും കുടുംബത്തെ യഥാസ്ഥിതിയിൽതന്നെ സംരക്ഷിച്ചുവന്നു; ഒന്നാമത്തെ അനന്തിരവൻ സുഖക്കേടുകാരനും വ്യയശീലനുമാണെന്നു കണ്ടാണ് ഈ ഏപ്പാടു ചെയ്തിരുന്നതു്. ലേഖകൻെറയും ജ്യേഷ്ഠസഹോദരൻെറയും വിദ്യാഭ്യാസവും നിർവിഘ്നം നടത്തപ്പെട്ടു. നാല്പത്തെട്ടു മകരത്തിൽ ലേഖകൻെറയുംമററും പിതാവായിരുന്ന ഗോവിന്ദൻനായർ വാദ്ധക്യത്താൽ ചരമം പ്രാപിച്ചു. നാരായണപിള്ള അവകൾ ൪൭ മീനം മുതൽ ൭൭ കന്നിവരെ ഗൃഹഭരണം എല്ലാവക്കും തൃപ്തികരമായ വിധത്തിലും പതിവേർപ്പാടുകൾക്കു വിഘ്നംകൂടാതേയും കുടുംബപ്രശസ്തിക്കു ഹാനിതട്ടാതേയും നടത്തിവന്നു. ൭൦ ാമാണ്ടു മീനമാസം ൧-ാംനു- ലേഖകൻെറയുംമററും മാതാവായ ആ മഹതിയും തൻെറ ൬൩-ാമത്തെ വയസ്സിൽ സന്താനങ്ങളുടെ സാന്നിദ്ധ്യത്തിൽ പരലോകപ്രാപ്തയായി. ഇങ്ങിനെ ചിരകാലമായി സവിശേഷം ഉജ്വലിച്ചുകൊണ്ടിരുന്ന കുടുംബപ്രദീപം നിർവാപിതമായി. ദീനമാണെന്നറിഞ്ഞു് മാവേലിക്കര ജോലിയായിരുന്ന ലേഖകനും തിരുവനന്തപുരത്തു താമസിച്ചിരുന്ന തൻെറ ജ്യേഷ്ഠസഹോദരനും മുൻപെതന്നെ വന്നുചേന്നിരുന്നു. ൭൮-ാമാണ്ടു ലേഖകൻ ആലപ്പുഴ ഹെഡ്മാസ്റ്ററായി സ്ഥലംമാററപ്പെട്ടു. അന്നുമുതല്ക്കു കുട്ടികളെ പഠിപ്പിച്ചതിനും പുറമെ കുടുംബത്തിലേക്കു തക്കതായ ധനസഹായവും ചെയ്തുവന്നു. ജ്യേഷ്ഠൻ രാമൻപിള്ള ഗവമ്മേൻറു ചിലവിൽ സേദാപ്പേട്ടയിൽ കൃഷിവിഷയം അഭ്യസിച്ചു മടങ്ങിവന്നു. അദ്ദേഹം കുറെനാൾ മേലങ്ങാണം തഹശീൽ ഉദ്യോഗം വഹിച്ചിരുന്നു. പിന്നീടു കോട്ടയം കൃഷിത്തോട്ടത്തിലും കരമനകൃഷിത്തോട്ടത്തിലും ജോലിചെയ്കയും എക്സൈസ് ഇൻസ്പെക്ടർ വേല നോക്കുകയും ചെയ്തതിനുശേഷം തിരുവനന്തപുരം അമ്പലപ്പുഴ ഈ കണ്ടുകൃഷികളിൽ തഹശീൽ ജോലി വഹിക്കയും ഒടുവിൽ ചെങ്കോട്ട റവന്യൂ തഹശീൽദാരായി നിയമിക്കപ്പെടുകയും ചെയ്തു. നാരായണപിള്ള കുടുംബസംബന്ധമായ പല വിശേഷ അടിയന്തിരങ്ങളും അന്നത്തെ വ്യയഭ്രയിഷ്ഠമായ രീതിയിൽ നടത്തി. നിർഭാഗ്യവശാൽ നാരായണപിള്ള അവകൾ ൭൯-ാമാണ്ടു കന്നിമാസം ൨൨-ാംനു- വിഷൂചികാരോഗംനിമിത്തം മരണംപ്രാപിച്ചു. ഈ സംഭവവും കുടുംബത്തിന് ഒരു ഇടിവായി പരിണമിച്ചു. നാരായണപിള്ള അവകൾ വസ്തുക്കൾ സമ്പാദിക്കുന്നതിൽ അതി താല്പര്യമുള്ള ഒരാളായിരുന്നതിനാൽ പണം കടംവാങ്ങിച്ചു ഒട്ടേറെ വസ്തുക്കൾ പിടിച്ചിരുന്നു. ഇതുനിമിത്തം തറവാട്ടേക്കു കുറെ കടംവന്നു ചേന്നിരിന്നു. ഈ കടം കൊടുത്തുതീ

ക്കുവാൻ തൽക്കാലം വേറെ ഇനം ഇല്ലാതിരുന്നതിനാലും കടം നീട്ടിക്കൊണ്ടു പോകുന്നതു കുടുംബത്തിനു ഹാനികരമായതുകൊണ്ടും ഈവക വസ്തുക്കൾതന്നെ വിട്ടുകൊടുത്തും ചിലവ വിററും രാമൻപിള്ള അവർകളും ലേഖകനുംകൂടി കടം ഒട്ടു മുക്കാലും ഒതുക്കി. അനന്തരം രാമൻപിള്ള അവർകൾ അന്യദിക്കിൽ താമസമായിരുന്നതുകൊണ്ട് ഗൃഹഭരണം ലേഖകൻെറ മേൽനോട്ടത്തിൽതന്നെ നടത്തിപ്പോന്നു. ഗൃഹത്തിലെ വിശേഷാൽ ചിലവുകളും ചിട്ടികൾ നടത്തിത്തീരുവാനുള്ളവയും ലേഖകൻതന്നെ കയ്യിനാൽ നടത്തിപ്പോന്നു. ഗൃഹകാര്യങ്ങളും കീഴ്പതിവനുസരിച്ച് വിഘ്നംകൂടാതെ നടത്തി; ജ്യേഷ്ഠൻെറ മരണംകൊണ്ടു ഭരണവിഷയത്തിൽ വരാവുന്നതായ വൈകല്യങ്ങൾക്കിടകൊടുക്കാതെ ആസന്നമായ ദുർഘടത്തെ തരണംചെയ്തു യഥാസ്ഥിതിയിൽതന്നെ ഭരണം തുടൎന്നുകൊണ്ടിരുന്നു. സാമാന്യം ധനപുഷ്ടിയും, അനേകം അംഗങ്ങളുമുള്ള ഒരു ഗൃഹം ഭരിക്കുന്നതു് ഒരുതരം ശിക്ഷണംതന്നെയാണ്. ക്ഷമ, സഹനശക്തി, സമഭാവന, സ്വാൎത്ഥത്യാഗം, പരഹിതാനുവൎത്തനം, ആത്മസംയമനം, അവധാനം മുതലായ വിശിഷ്ടഗുണങ്ങൾ സമ്പാദിക്കുവാൻ ഇതു് ഏററവും നിഷ്പാദകമായ ഒരു മാൎഗ്ഗമാണ്. പലരുടേയും ഹിതത്തിനനുരൂപമായും, എന്നാൽ നീതി വിടാതെയും പൊതുക്ഷേമത്തെ ബാധിക്കാതെയും ഭരിക്ക എന്നുള്ളതു് അത്ര സുകരമായ ഒന്നാണെന്നു് തോന്നുന്നില്ല. എണ്ണൂറാമാണ്ടു വൃശ്ചികമാസം ൪-ാംനു ജ്യേഷ്ഠസഹോദരനായ കുമാരപിള്ളയും എണ്ണൂറെത്താന്ന് ധനു മേടം ഈ മാസങ്ങളിൽ പാൎവ്വതിഅമ്മ കുഞ്ഞിക്കുട്ടിഅമ്മ എന്നീ രണ്ടു സഹോദരിമാരും പരേതരായി ഭവിച്ചു. ഇപ്രകാരം അടുപ്പിച്ചുണ്ടായ ഈ വിപത്തു കുടുംബക്ഷേമത്തെ അല്പാല്പമായി ബാധിച്ചുവെങ്കിലും അതിനു വലിയ വിഘാതംവരാതെ തന്നെ കഴിച്ചുകൂട്ടി. ഇവരെസംബന്ധിച്ചുള്ള അടിയന്തിരങ്ങളുംമററും രാമൻപിള്ളയും ലേഖകനുംകൂടി കവിയാത്തമട്ടിൽ കഴിച്ചുകൂട്ടി. കുടുംബഭരണത്തെ സംബന്ധിച്ചു ചില വ്യവസ്ഥകൾ ഇയ്യിടക്കു ചെയ്തുവെങ്കിലും അവ രാമൻപിള്ള അവർകളുടേയും ലേഖകൻേറയും കാലശേഷം മാത്രം നടപ്പിൽവരുമെന്നു നിശ്ചയംചെയ്തിരുന്നതിനാൽ അതു് കേവലം ലുപ്താൎത്ഥരേഖയായി ഇരുന്നതേയുള്ളൂ. ൯൬-ാമാണ്ട് ചിങ്ങമാസത്തിൽ രാമൻപിള്ള അവർകൾ ഉദ്യോഗംപിരിഞ്ഞുവന്ന് ഗൃഹത്തിൽതാമസം തുടങ്ങിയപ്പോൾ ഗൃഹഭരണം അദ്ദേഹം നേരിട്ടു കയ്യേററു. പിന്നീടു ൻവ്വ മേടം ൧൦൨-ാംനു അദ്ദേഹത്തിൻെറ മരണംവരെ ഗൃഹഭരണം അദ്ദേഹമാണ് നടത്തിവന്നതു്. ൧൧൦൦ തുലാത്തിൽ തൻെറ ശേഷിച്ച സഹോദരി പരേതയായി. ലേഖകൻ ൻവ്വർ മകരം മുതൽ പറവൂർ താമസമാക്കി. ൧൧൦൦ മീനത്തിൽ ചിലകുടുംബാംഗങ്ങൾ ഭാഗം കിട്ടണമെന്നാവശ്യപ്പെട്ടതനുസരിച്ച് തറവാട്ടുവസ്തുക്കൾ ഭാഗം ചെയ്തു. പുരുഷന്മാർ എല്ലാം ഒ

ററയ്ക്കും സ്ത്രീസന്താനമുള്ളവർ രണ്ടു ശാഖകളായിട്ടും ഭാഗംപിരിഞ്ഞു. ആ നിലയിൽ ഇന്നും നടന്നുവരുന്നു. ക്ഷേത്രങ്ങളിലെ പതിവുകഠംക്കും മററു ധമ്മസ്ഥാപനങ്ങഠംക്കും വേണ്ട ചിലവിലേക്ക് വസ്തുക്കഠം പ്രത്യേകം തിരിച്ചുവച്ചിട്ടുമുണ്ട്. ഇന്നും കുടുംബത്തിനു വലിയ ഹാനികൂടാതെതന്നെ ഇരിക്കുന്നു എന്ന് ഒരു സമാധാനമുണ്ട്. ലേഖകനെപ്പററിയുള്ള മററു സംഗതികഠം സ്മരണകളിൽ ഉഠംപ്പെട്ടിരിക്കുന്നതുകൊണ്ട് ഇവിടെ ആവത്തിക്കുന്നില്ല. കുഞ്ഞി അമ്മയ്ക്ക് ഏഴു സന്താനങ്ങളുണ്ടായിരുന്നവരിൽ ഇന്ന് ലേഖകൻ മാത്രമെ ജീവിച്ചിരിക്കുന്നുള്ളു. മററുള്ളവർ ഒക്കെയും അവരുടെ സന്താനങ്ങളുടെ സന്താനങ്ങളാണ്. ഏകദേശം നൂറു കൊല്ലത്തിനു മുമ്പ് അഭ്യാഗാരികന്മാരായ രണ്ടു വിശിഷ്ട പുരുഷന്മാരാൽ സുപ്രതിഷ്ഠിതവും അവരുടെ വാത്സല്യഘടാംബുസംവദ്ധിതവുമായ ഈ കുടുംബവൃക്ഷം ഇടയ്ക്കിടെ ഉണ്ടായ വാത്യാവേഗത്താൽ അല്പം ഉലഞ്ഞു എങ്കിലും ഇന്നും പത്രപ്രവാളശാഖാഢ്യമായിത്തന്നെ നില്ക്കുന്നു എന്നുള്ളതു് ഏററവും ചാരിതാത്ഥ്യജനകമായ ഒരു സംഗതിയാണ്. അവർ ഏർപ്പെടുത്തിയിട്ടുള്ള ധമ്മസൽക്കമ്മാദികളും ഇന്നും നടന്നുവരുന്നുണ്ട്. ഈ കുടുംബരക്ഷക്കായി ലേഖകനും തന്നാൽ കഴിയുന്നതുപോലെ ശ്രമം ചെയ്തിട്ടുണ്ടെന്നു മാത്രമെ പറവാനുള്ളു. കുടുംബാംഗങ്ങളിൽ പലരേയും വിദ്യ അഭ്യസിപ്പിക്കയും ഗൃഹങ്ങഠം കേടുപാടുകഠംതീത്തു ഓടിടുവിക്കയും പുതിയ കെട്ടിടം പണി ചെയ്യിക്കയും കുടുംബത്തിലെ പല ആവശ്യങ്ങഠം നടത്തുകയും കടം തീക്കുന്നതിനു വേണ്ട ഏർപ്പാടുകഠം ചെയ്യുകയുംമററും പലതും ചെയ്തിട്ടുണ്ട്.

## സാപ്തപദീനപാരമ്യം.

### ഷഷ്ഠരംഗം

(എം. രാജരാജവമ്മതമ്പുരാൻ എം. എ, ബി. എൽ.)

"സവ്വധമ്മാൻപരിത്യജ്യമാമേകംശരണംവ്രജ;
അഹംത്വാസവ്വപാപേഭ്യോമോക്ഷയിഷ്യാമിമാശുചഃ."

രാജ്യഭരണരീതികഠം നാഠംക്കുനാഠം ഭിന്നങ്ങളായിത്തീൻവരുന്നുണ്ടെന്ന് ഏവക്കമറിയാവുന്നതാണ്. ജീവനുള്ളതിനെല്ലാം വൃദ്ധിക്ഷയ

ങ്ങളില്ലാതെ വരില്ലെന്ന് സിദ്ധമാണെങ്കിലും, പെട്ടെന്നുണ്ടാകുന്ന മാററങ്ങൾ പക്ഷ ആപൽക്കരങ്ങളല്ലയൊ എന്നു ശങ്കതോന്നാം. രാജാവെന്നും പ്രജകളെന്നും മുറകൾ തേഞ്ഞുതേഞ്ഞ് എത്രമാത്രം ഭിന്നപ്രകൃതികളും സങ്കരജാതികളുമായ ഭരണവ്യവസ്ഥകളുണ്ടെന്ന് കണക്കില്ല. ബ്രഹ്മസൃഷ്ടിയിൽ ഒന്നിനോടൊന്നു തുല്യമായിരിക്കയില്ലെന്നുള്ള ന്യായം ഭരണവിഷയത്തിലാണോ മുത്തായിച്ചിരിക്കുന്നതെന്നു തോന്നുമാറു ദേശംപ്രതി സമ്പ്രദായങ്ങൾ മാറിക്കാണുന്നു. ഇതിന്റെ സൂക്ഷ്മം മറെറാന്നുമല്ല; ഏതു വഴിക്കു പോയാൽ സ്വാതന്ത്ര്യത്തിനു പൂർത്തിവരുമെന്നാണ് എല്ലാവർക്കും നോട്ടം. അതു നേടാനുള്ള അഹമഹമികയിലുള്ള ബഹളമാണിതെല്ലാം. ഈ കലക്കം ലോകമാസകലം പടന്നു പിടിച്ചിട്ടുണ്ട്. ഇന്നു രാജാവിനെ വാഴിക്കുന്നു; നാളെ മാററുന്നു; മററന്നാൾ ജനപ്രതിനിധി രാജാവാകുന്നു; പിറേറന്നു അരാജകരാജ്യഭാരം തുടങ്ങുന്നു; ഇങ്ങനെ പരിഷ്കൃതങ്ങളെന്നു വമ്പുനടിക്കുന്ന രാജ്യങ്ങൾക്കുപോലും സ്ഥിരചിത്തവൃത്തിയില്ലാതെ അലഞ്ഞുതിരിയുന്ന കാഴ്ച ഇന്ന് ഒട്ടും ദുർല്ലഭമല്ല. ഇങ്ങനെ പരിഭ്രമിച്ചു വശമായിരിക്കുന്നവരോടുള്ള മഹാസമിതിയുടെ ഉപദേശം മേലുദ്ധരിച്ചിരിക്കുന്ന ഭഗവദ്വാക്യത്തിലൊട്ടും വ്യത്യാസപ്പെട്ടതല്ല. എല്ലാവർക്കും അനുഗ്രഹംവേണം, ഭജിക്കാൻ കഴികയില്ല; അവകാശങ്ങൾ കിട്ടണം, ചുമതലകളേൽക്കാൻ വഹിയ; എന്നിങ്ങനെയാകുമ്പോൾ, ഭാരം താങ്ങാനെല്ലാം ഭൂമിതന്നെ വേണമെന്നമട്ടിൽ, ശരണാഗതരെ വിപത്തുകൾകൂടാതെ രക്ഷിക്കാനുള്ള ഭാരം മഹാസമിതി നിർവഹിക്കുന്നു.

ഏഷ്യാമഹാഖണ്ഡത്തിന്റെ വടക്കു പടിഞ്ഞാറെ മൂലയ്ക്കു കിടക്കുന്ന സിറിയാരാജ്യത്തിലുൾപ്പെട്ട പാലസ്റ്റൈൻദേശം വമ്പിച്ച മൂന്നു മതങ്ങൾക്കു പുണ്യഭൂമിയാകുന്നു. യൂദന്മാർ, ക്രിസ്ത്യാനികൾ, മഹമ്മദീയർ എന്നീ മൂന്നു ജാതിക്കാർക്കും ആ സ്ഥലത്തിനുള്ള അവകാശം ഒന്നുപോലെയുണ്ടെന്നുവേണം പറയാൻ. അവിടമധിവസിച്ചിരുന്ന സെമിററിക്കു വർഗ്ഗങ്ങളായ കാനാൻകാരെയും ഫിലിസ്റ്റീൻകാരെയും വിരട്ടി, ഹീബ്രുക്കാർ ക്രിസ്തുവിന് രണ്ടായിരംകൊല്ലം മുമ്പിൽ കുടിയേറിപ്പാർത്തു. പതിന്നാലു ശതാബ്ദങ്ങൾ കഴിഞ്ഞ് ബി. സി. ൬൦൦-ാമാണ്ടിനു പിന്നീട് സുറിയാനികൾ ഹീബ്രുക്കളെ ബന്ധനസ്ഥരാക്കി ദേശാധിപത്യംനേടി. ഹീബ്രുക്കൾ മിക്കവരും സുറിയാനികളോടു ഒന്നുചേർന്നു. ജൂദാ എന്നു പേരുണ്ടായിരുന്ന ഒരു കൂറവുകാർമാത്രം പുരാതന ഹീബ്രുവാചാരങ്ങളെ വിടാതെ അനുഷ്ഠിച്ചുവന്നു. അന്നുമുതലാണ് യൂദന്മാരെന്നുള്ള സംജ്ഞ ഹീബ്രുജനങ്ങൾക്കു ലഭിച്ചത്: ഹീബ്രുജനങ്ങളിലൊരുവനായിട്ടാണ് ജീസസ് ജനിച്ചത്. ക്രിസ്ത്യൻ വേദപുസ്തകമായ ബൈബിളിന്റെ മിക്ക ഭാഗവും ഹീബ്രുക്കൾ എഴുതീട്ടുള്ള ചരിത്രമത്രെ ഹീബ്രുബൈബ്ബിളിന്റെ തർജ്ജമകളാണ് പിന്നീട

ണ്ടായവയെല്ലാം. പക്ഷേ യേശുക്രിസ്തു ഹീബ്രുമതഖണ്ഡകനെന്നുള്ള ദുർബ്ബാധംനിമിത്തം അദ്ദേഹത്തെ അവർ കുരിശിൽ തറച്ചതു യൂദന്മാരോടു ക്രിസ്ത്യാനികൾക്കു വൈരകാരണമായി. ക്രിസ്തുമതത്തിനു പ്രാബല്യം സിദ്ധിച്ചപ്പോൾ യൂദന്മാരെ നാട്ടിൽനിന്നു ബഹിഷ്കരിച്ചു ക്രിസ്ത്യാനികൾ വൈരനിര്യാതനംചെയ്തു.

പാലസ്റ്റൈൻ പണ്ടേപണ്ടേ ഒരു അടക്കളമായിരുന്നു. ക്രിസ്ത്യാനികളുടെ കാലത്തിനു മുമ്പുതന്നെ ഹിത്തൈതികളെന്ന സുറിയാനിക്കാർ വടക്കുനിന്നും എത്തിയോപ്പിയരെന്നവർ തെക്കുനിന്നും പലപ്പോഴും ആക്രമങ്ങൾ നടത്തിയിരുന്നു. കമ്പിസസ്സ് എന്നു പ്രസിദ്ധനായിരുന്ന വീരജേതാവിൻെറ നേതൃത്വത്തിൽ പാരസീകരും, അലക്സാൻഡർ ചക്രവർത്തിയുടെ നായകത്വത്തിൽ ഗ്രീക്കുകാരും പല കയ്യേററങ്ങളും ചെയ്തിട്ടുണ്ട്. പിന്നീടു ജഗജ്ജൈത്രരായ് റോമന്മാരുടെ പടയേറി. എ. ഡി. നൂറ്ററ് ാമാണ്ട് അറബിപ്പട പാഞ്ഞണഞ്ഞു. അന്നുമുതലാണ് ആ പ്രദേശത്തിൻെറ ആധിപത്യം ക്രിസ്ത്യാനികളെവിട്ടു മഹമ്മദീയരിൽ സംക്രമിച്ചതു്.

സാരസന്മാരെന്നു പറയപ്പെടുന്ന മാസ്ലം മതക്കാരുടെ കൈവശം വിട്ടതു് തുർക്കികൾ ആക്രമിച്ചപ്പോഴാണ്. തുർക്കികളും മഹമ്മദുമതക്കാരാകകൊണ്ടു് പാലസ്റ്റൈനിൽ മഹമ്മദീയ മേധാവിത്വം ക്രിസ്ത്വബ്ദം ഏഴാം ശതകംമുതൽ ഇക്കഴിഞ്ഞ ജർമ്മൻയുദ്ധംവരെ ഒരു പതിമുന്നൂറു കൊല്ലത്തിനുമേലുണ്ടായിരുന്നു. റോമിലെ പോപ്പിനു മതാധ്യക്ഷ്യംകൂടാതെ ലോകാധ്യക്ഷ്യംകൂടിയുണ്ടെന്ന് വകവച്ചിരുന്ന മധ്യകാലത്തു് (Middle ages) യൂറോപ്പിലുണ്ടായിരുന്ന പല രാജവീരന്മാർ പോപ്പിൻെറ പ്രേരണയിൽ 'ക്രൂസേഡ്' എന്നു പേരായ കുരിശുയുദ്ധങ്ങൾ നടത്തി ഈ പുണ്യഭൂമിയെ ക്രിസ്ത്യാനികൾക്കു നേടാൻ ശ്രമിച്ചുനോക്കി അലബ്ധകാമരായിട്ടുണ്ട്.

ഇങ്ങനെ ആദ്യം യൂദരും, അനന്തരം ക്രിസ്ത്യാനികളും, പിന്നീട് മഹമ്മദീയരും പാലസ്റ്റൈന് അവകാശികളായി. മൂന്നു മതക്കാൎക്കും അവിടെ ദേവാലയങ്ങളും, കബറുകളും, പുണ്യസ്ഥലങ്ങളുമുണ്ട്. മഹായുദ്ധത്തിൽ തുർക്കികൾ ജെർമ്മനിയോടു ചേർന്നു പൊരുതുകയാൽ സംയുക്തകക്ഷികൾ ജയിച്ചു് പാലസ്റ്റൈൻ പിടിച്ചു. മുൻകാലങ്ങളിൽ യുദ്ധത്തിൽ ജയിച്ചെടുക്കുന്ന രാജ്യങ്ങളെ ജേതാക്കൾ സ്വന്തമാക്കി വരികയായിരുന്നല്ലോ പതിവ്. ഇൻഡ്യാസംസ്ഥാനം ആദ്യം മഹമ്മദീയൎക്കും പിന്നീടു വെള്ളക്കാൎക്കും അധീനമായതങ്ങനെയല്ലേ? മഹാസമിതിയുടെ ആവിർഭാവത്തോടുകൂടി ഈ പഴയ നയം മാറി. 'ആദേശകഭരണരീതി' (Mandatory System) എന്നൊരു പുതിയ ഏർപ്പാടു മഹാസമിതിയുടെ കൂട്ടടമ്പടിയിൽ പന്ത്രണ്ടാം വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ളതു മുന്നൊരു രംഗത്തിൽ പറഞ്ഞിട്ടുണ്ട്. സ്വയംഭരണത്തിനു പാകംവന്നിട്ടില്ലാത്ത രാജ്യങ്ങളെ മഹാരാജ്യക്കാർ പങ്കിട്ടു

എടുക്കയല്ല ചെയ്യേണ്ടതു്; പിന്നെയൊ? മഹാസമിതിയുടെ മേലധികാരത്തിൽ പരിഷ്കൃത സ്വതന്ത്രരാജ്യനിവഹത്തിൻെറ ന്യാസമായി രക്ഷിക്കയും, അവിടത്തെ പ്രജകളെ ക്രമേണ സ്വയംഭരണത്തിന്ന ശീലിപ്പിച്ച് അവൎക്ക ശേഷി വന്നാലുടൻ രാജ്യങ്ങളെ അവരവൎക്ക വിട്ടുകൊടുക്കയുമാണ വേണ്ടതു്; ഇതാണ നവീനഭരണരീതി. മററുരാജ്യങ്ങളെ കൈക്കലാക്കി സാമ്രാജ്യം നേടാനുള്ള കൌതുഹലം നിമിത്തമാണ വലിയ യുദ്ധങ്ങളുണ്ടാകുന്നതെന്നും, അപ്രകാരം ചെയ്യാനാൎക്കും അവസരമില്ലെന്ന വരുമ്പോൾ രാജ്യങ്ങൾ തമ്മിലുള്ള കലഹങ്ങൾ കുറയുമെന്നുമാണ് ഈ പുതിയ ഭരണരീതിയുടെ രഹസ്യം. ബ്രിട്ടൺ, ഫ്റാൻസ്, ജപ്പാൻ എന്നീ മഹാരാജ്യങ്ങളാണ മഹാസമിതിയുടെ ആജ്ഞാനുസാരം ആദേശകഭരണം കയ്യേററിട്ടുള്ളതു്. അവർ ഏററിട്ടുള്ള ന്യാസങ്ങളുടെ ഭരണറിപ്പോൎട്ട് ആണ്ടുതോറും മഹാസമിതിക്കു അയക്കണം. അവിടെനിന്നുണ്ടാകുന്ന നിൎദ്ദേശങ്ങളനുവൎത്തിക്കണം. ആദേശകഭരണത്തിനു വിഷയമായ രാജ്യങ്ങളെ എ, ബി, സി, എന്നു മൂന്നായി തരംതിരിച്ചിട്ടുണ്ട്. സ്വയംഭരണത്തിന്ന പ്രാപ്തിവന്നിട്ടുള്ളതിൻെറ തോതനുസരിച്ചുള്ള വിഭാഗമാണിതു്. പാലസ്റ്റൈൻ എ ക്ലാസ്സിലും ആഫ്റീക്കാഖണ്ഡത്തിലുള്ള ചില രാജ്യങ്ങൾ ബി യും സി യും ക്ലാസ്സുകളിലും ഉൾപ്പെടുത്തിയിരിക്കുന്നു.

പാലസ്റ്റൈൻ ബ്രിട്ടൻെറ ചുമതലയിൽ ഭരിക്കാനാണ വിട്ടിരിക്കുന്നതു്. അവിടെ ആദികാലത്തു കുടിപാൎത്തിരുന്നതു യൂദന്മാരാണെന്നു പറഞ്ഞിട്ടുണ്ടല്ലൊ. തുരുഷ്കരുടെ (സാരസന്മാർ) ആധിപത്യം ഉറച്ചതോടുകൂടി അവർ നിഷ്കാസിതരായി. അന്നുമുതൽ യൂദർ നാടും വീടുമില്ലാതെ ലോകത്തിൽ എവിടെയും സഞ്ചരിച്ച് വ്യാപാരത്തിൽ, വിശേഷിച്ചു ഉണ്ടിയൽ വ്യാപാരത്തിൽ, വിരുതരായി കാലക്ഷേപം ചെയ്തുവരികയാണ്. സ്വരാജ്യമെന്നുപറയാൻ അവൎക്കൊന്നുമില്ല. ഭൂമിയിലെ കുബേരനായിരുന്ന റാസ്ചൈൽഡ് പ്രഭുപോലും വിദേശവാസിയായിരുന്നു. ഇങ്ങനെ സ്വദേശമില്ലാതെ അലഞ്ഞു നടന്ന യൂദന്മാർ ക്രിസ്ത്യൻ നാടുകളിലും മഹമ്മദീയനാടുകളിലും വളരെ കഷ്ടതകൾ അനുഭവിച്ചിട്ടുണ്ട്. അവരുടെ ധനം പിടിച്ചുപറിച്ചും, ക്രൂരത്താടെ അവരെ കൊന്നൊടുക്കിയും, രാജ്യങ്ങളിൽനിന്ന് ബഹിഷ്കരിച്ചും യൂറോപ്യൻ രാജ്യക്കാർ അവരെ ദ്രോഹിച്ചിട്ടുള്ളതിനു കയ്യും കണക്കുമില്ല. ഇത്രമാത്രം ശനിദശ അനുഭവിച്ച ഒരു സമുദായം വ്യാപാരമൊന്നുകൊണ്ടു മേന്മ സമ്പാദിച്ചു വൎത്തകന്മാരായി മഹാരാജ്യങ്ങൾക്കുപോലും ധനസഹായം ചെയ്യാൻതക്ക കെല്പുള്ളവരായിത്തീൎന്നിട്ടുള്ളതു് സഹനശക്തിയുടേയും ക്ഷമാശീലത്തിൻേറയും പരിശ്രമത്തിലുള്ള ധൈൎയ്യത്തിൻെറയും ഉത്തമോദാഹരണമായി ഗണിക്കേണ്ടതാണ്. എത്രയോ രാജ്യങ്ങളിലായി ചിതറിക്കിടക്കുന്ന യൂദന്മാൎക്ക ഏകകുലജാതരാണെന്നുള്ള

ബോധം ഇന്നും വിട്ടുമാറീട്ടില്ലെന്നുള്ളതു് ആശ്ചര്യമാണ്. ഈ ഐകമത്യത്തിന്റെ മറെറാരു ദൃഷ്ടാന്തം പ്രത്യക്ഷപ്പെടുന്നതു പാർസികളിലും നാട്ടുകോട്ടചെട്ടികളിലുമാണ്. സഹോദരബോധം നിമിത്തമുണ്ടായിരിക്കുന്ന കെട്ടുപാടൊന്നുകൊണ്ടാണ യൂദന്മാർ ദുരിതങ്ങളെത്രയുണ്ടായിരുന്നിട്ടും അവയെല്ലാം ധിക്കരിച്ചു തലവന്മാരായി നിലനില്ക്കുന്നതു്.

ഇത്ര കരുത്തേറിയ സമുദായത്തിന്ന സ്വദേശമില്ലാതിരിക്കുന്നതു യുക്തമല്ലെന്നുള്ള ബാൽഫോർ പ്രഭുവിൻെറ ഉപദേശത്തെ ബ്രിട്ടീഷ്ഗവമ്മെൻറു ശരിവച്ചു. അതിൻവണ്ണം പണ്ടു സ്വദേശമായിരുന്ന പാലസ്റ്റൈനിൽ യൂദന്മാൎക്കു ഭൂമി പതിച്ചുകൊടുത്തു കുടിപാപ്പു ഉറപ്പിച്ചു. നാട്ടുകാരായ അറബികൾക്കു് ഇതു തീരെ രസിച്ചില്ല. യൂദന്മാരും അറബികളും തമ്മിൽ എന്നും കലഹം നടന്നുകൊണ്ടിരിക്കുന്നു. ഈയിടെ വലിയ ലഹളകളുണ്ടായി. അരാജതച്വം നേരിട്ടു. പട്ടാളങ്ങളുടെ സഹായംകൊണ്ടു ലഹള ഒരുവിധം ശമിച്ചിട്ടുണ്ടെങ്കിലും ഇന്നും അല്പാല്പമായി കൊലപാതകങ്ങൾ നടന്നു വരുന്നുണ്ടെന്നു പത്രങ്ങളിൽ കാണുന്നുണ്ട്. ക്ഷോഭകാരണങ്ങളെപ്പററി വിചാരണനടത്താൻ ഒരു കമ്മീഷൻ ഏൎപ്പെടുത്തീട്ടുണ്ട്. മഹാസമിതിയുടെ ദൃഷ്ടി ഈ വിഷയത്തിൽ പതിച്ചിരിക്കുന്നു.

ഏഷ്യാമഹാഖണ്ഡത്തിൽ ഒരു വമ്പിച്ച പുരാതന രാജ്യമാണ ചീനം. അതും മഹാസമിതിയിൽ അംഗമായി ചേൎന്നിട്ടുണ്ട്. ഏറിയ വഷസഹസ്രം പുരാതന രീതിയിൽ കഴിച്ചുകൂട്ടിയ ചീനന്മാൎക്കു നവീനരാഷ്ട്രീയബോധമുദിച്ചപ്പോൾ, മഹാ കലാപങ്ങൾ ഉണ്ടായി. അഭ്യന്തരകലഹം കൊണ്ടു ക്ഷീണരായ ചീനർ ഇപ്പോൾ ഏതാണ്ടു ശാന്തരായിരിക്കുന്നു. യൂറോപ്യന്മാരും ജപ്പാൻകാരും ഏറിയ നാളായി ഇവിടെ കുടിയേറി കച്ചോടസംബന്ധമായുംമററും പല ഏൎപ്പാടുകൾ തുടങ്ങി അവരവരുടെ സ്വാധീനപരിധികളെ സ്ഥിരീകരിച്ചിട്ടുണ്ട്. അവൎക്കെല്ലാം ചീനത്തിൻെറ സുസ്ഥിതിയും സമാധാനവും കൂടിയെ കഴിയൂ. എങ്കിലും നവീന പരിഷ്കൃത രീതിയിലുള്ള ഞായം നടത്തൽ ചീനത്തു് ഇന്നും വേണ്ടവണ്ണം ഏർപ്പെട്ടിട്ടുണ്ടെന്നു അവൎക്കബോധം വരാത്തനിമിത്തം മറുരാജ്യക്കാർ ചീനനിയമങ്ങൾക്കു കീഴടങ്ങിക്കഴിഞ്ഞിട്ടില്ല. സ്വരാഷ്ട്രഭരണം (National Government) ഇപ്പോൾ ഏർപ്പെട്ടതിൽപിന്നീടു ചുങ്കത്തെപ്പററിയുള്ള ഉടമ്പടികൾ മുമ്പുണ്ടായിരുന്നവയെ ഭേദപ്പെടുത്തി ചീനന്മാരുടെ സ്വാതന്ത്ര്യം ഒരുവിധം ഉറച്ചുവരുന്നു. ഔത്തരാഹന്മാരായ റഷ്യയിലെ സോവിയററു ഗവമ്മെൻറുകാർ (അരാജകവൎഗ്ഗക്കാരാണിവർ) കുറെകാലം മുമ്പുതന്നെ ചീനയുടെ സ്വാതന്ത്ര്യഹാനിക്കുവേണ്ടി അതിൎത്തി പ്രദേശമായ മഞ്ചൂരിയയിൽക്കൂടി തീവണ്ടി ഇടുകയും അതിൻെറ ഭരണത്തിനെന്നുള്ള വ്യാജേന കലഹങ്ങളാ

രംഭിക്കയും ചെയ്തിട്ടുണ്ട്. ഈ കുഴപ്പങ്ങൾ തീർക്കുന്ന സംഗതിയും മഹാസമിതിയുടെ മുമ്പാകെ വന്നുചേർന്നിട്ടുണ്ട്.

മറെറാരു ഏഷ്യാമഹാരാജ്യം ജപ്പാനാണ്. അതു യൂറോപ്യന്മാരോടൊപ്പം മഹാസമിതിയുടെ വമ്പിച്ച അംഗങ്ങളിൽ ഒന്നായി ആദ്യമേ ചേർന്നിട്ടുണ്ട്. എല്ലാ കാര്യങ്ങളിലും ബ്രിട്ടനും ഫ്റാൻസിനുമൊപ്പം ഒന്നാം പന്തിയിൽതന്നെ ജപ്പാനെയും ഗണിച്ചുവരുന്നു. അവരുടെ സമ്മതം കൂടാതെ ഒരു കാര്യത്തിനും പുറപ്പാടില്ല.

ഇൻഡ്യാസംസ്ഥാനത്തിനു മഹാസമിതിയിൽ സ്ഥാനമുണ്ട്; എങ്കിലും ബ്രിട്ടൻെറ സാമന്തരാജ്യമായിട്ടു മാത്രമായിട്ടാണ് അതിൻെറ സ്ഥിതി. പ്രതിനിധികൾക്കു രണ്ടാംസ്ഥാനമായി മാത്രമാണ് വാഴ്ച. ആരോഗ്യം, കച്ചോടം, തൊഴിൽ എന്നീസംഗതികളിടപെട്ട കാര്യങ്ങളിൽ മഹാസമിതിയുടെ ആനുകൂല്യം ഇന്നിൻഡ്യയ്ക്കു സിദ്ധിക്കുന്നുണ്ട്.

അമേരിക്കാമഹാഖണ്ഡത്തിൽ ഐക്യനാട്ടുകാർമാത്രം മഹാസമിതിയുടെ അംഗമല്ല. അവിടത്തെ പ്രസിഡൻറായിരുന്ന വിൽസൻഡപരയാണു മഹാസമിതിയുടെ ജനകൻ. എന്നിട്ടും ആ രാജ്യംമാത്രം ചേരാത്തതുആശ്ചര്യമായി തോന്നിയേക്കാം. അതു മറെറാന്നുകൊണ്ടുമല്ല; അമേരിക്കയൊഴിച്ചു മററു ഭൂഖണ്ഡങ്ങളിൽ പാക്കുന്നവരുമായി രാഷ്ട്രീയമായി യാതൊരു ഇടപാടും പാടില്ലെന്നു മുമ്പുതന്നേ ഒരു നിർണ്ണയം അവർ ചെയ്തുവച്ചിട്ടുണ്ട്. ഇതിന് 'മൺറോനിശ്ചയം' (Monroe Doctrine) എന്നാണു പേർ. മററുള്ള മഹാഖണ്ഡങ്ങളെ വിട്ട് അകലെ കിടക്കുന്നവരാകയാൽ, ദൂരസ്ഥരുമായി കലഹമുണ്ടാകാതിരിക്കുന്നതിനും സ്വാജ്ജിത പുണ്യങ്ങളെ നാട്ടിൽതന്നേ സംഭരിക്കുന്നതിനും ചെയ്തിട്ടുള്ള ഏർപ്പാടാണിതു്. എങ്കിലും ലോകക്ഷേമകരങ്ങളായ സകല പൊതുസംവിധാനങ്ങൾക്കും ആനുകൂല്യവും സഹായവും നല്കാത്തവരല്ല അമേരിക്കർ. കഴിഞ്ഞ മഹായുദ്ധത്തിൽ അവർ പങ്കെടുക്കാൻ വന്നതു, ജർമ്മൻനയം ജയിക്കുന്നപക്ഷം ലോകമാസകലമുള്ള സ്വാതന്ത്ര്യം നശിക്കുമെന്നു കണ്ടതു മാത്രംകൊണ്ടാണ്. കുഴപ്പമുള്ള സംഗതികളിൽ താടസ്ഥ്യം കൈക്കൊണ്ടു സഹായിക്കുന്നതിൽ അവർ സദാ സന്നദ്ധരാകുന്നു. യുദ്ധച്ചിലവുകളെപ്പററി യൂറോപ്യൻരാജ്യക്കാർതമ്മിൽ വലിയ തക്കങ്ങളുണ്ടായപ്പോൾ അതു തീർക്കാൻ ഡാസ് (Dawes) എന്ന ധനവിദഗ്ദ്ധനെ അയച്ചു നിഷ്പക്ഷപാതമായ ഒരു തീരുമാനം ആദ്യമുണ്ടാക്കിക്കൊടുത്തതു് അമേരിക്കരാണ്. അതിൻപ്രകാരം നടക്കവേ, ജർമ്മനിയുടെ സ്വാതന്ത്ര്യമായ അഭിവൃദ്ധിക്കു ഹാനി തട്ടത്തക്കവണ്ണം ആ രാജ്യത്തിൻെറ കണ്ണായ റൈൻലണ്ടു എന്ന പ്രദേശം ഇംഗ്ലീഷുകാരും ഫ്റഞ്ചുകാരും ന്യാസമായി കൈവശം വച്ചുകൊണ്ടിരിക്കുന്നതു ഒഴിച്ചുകിട്ടണമെന്നു മഹാസമിതിയിൽ ജർമ്മനി ബോധിപ്പിച്ചു. അതിനു വേണ്ടി ഡാസോ

പജ്ഞമായ ഏപ്പാട്ട ഉടച്ചുവാക്കേണ്ടതായി ഈയിടെ നേരിട്ടപ്പോഴും അമേരിക്കയിലെ ധനവിദഗ്ദ്ധന്മാർതന്നെ സഹായിച്ചു. അതിൻപ്രകാരം നടപടികൾ നടന്നുവരുന്നു.

യുദ്ധം മേലാൽ ഒരു സംഗതിക്കും പാടില്ലെന്നാണ് മഹാസമിതിയുടെ സ്ഥിരനയം. അതിന് എല്ലാ രാജ്യക്കാരെയുംകൊണ്ട കരാർ ചെയ്യിപ്പിക്കാനായി അമേരിക്കയിലെ വിദേശകാര്യഭരണമന്ത്രിയായ കെല്ലാഗ് (Kellog) എന്ന പേർകേട്ട രാജധർമ്മ വിദഗ്ദ്ധൻ പരിശ്രമിക്കയും, മിക്കവൻരാജ്യക്കാരും സമ്മതിച്ചു "കെല്ലാഗുടമ്പടി" (Kellog Pact) എന്നു സുപ്രസിദ്ധമായ ലോകസമാധാനസമയത്തിൽ ഒപ്പു വക്കയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ആയോധനസാധനനിയന്ത്രണ(Disarmament)ത്തിനുള്ള ആലോചനകളും അമേരിക്കർ മുമ്പിട്ടുനിന്നു നടത്തിവരുന്നു. പ്രസിഡൻഡ് ഹൂവരുടെ (Hoover) ക്ഷണനമനുസരിച്ചു ലണ്ടൻപട്ടണത്തിൽവച്ചു വൻരാജ്യപ്രതിനിധികൾചേൎന്ന് ഒരു കൂടിയാലോചന ഇതുസംബന്ധിച്ചു അടുത്തുതന്നെ ഉണ്ടാകുന്നുണ്ട്.

ഇപ്രകാരം ലോകമൊട്ടുക്ക വ്യാപിച്ച് സർവരാജ്യക്കാരുടേയും സങ്കടങ്ങൾകേട്ട് വേണ്ടുംപോലെ കാര്യങ്ങളെ സമാധാനപൂർവം നടത്തിച്ച് ക്ഷേമം വളൎത്തുന്നതിനു സർവരാഷ്ട്രീയ മഹാസമിതിയോടൊപ്പം മറെറാരു ശക്തിയില്ലെന്നു പ്രത്യക്ഷപ്പെടുന്നുണ്ടല്ലൊ. അതുകൊണ്ട പാപമോചനം വരുത്തി അനുഗ്രഹം നല്കാനുള്ള ഈശ്വരശക്തിയെ ഇന്നു കാണിച്ചുതരുന്ന മഹാസമിതി ആരാദ്ധ്യയാണെന്നു തൎക്കമില്ല. തദാശ്രയത്തിലാണു ലോകക്ഷേമം നിലനില്ക്കുന്നതു്.

# * അദ്ധ്യക്ഷപ്രസംഗം.

ഐ. സി. ചാക്കൊ ബി. എ, ബി. എസ്സ് സി,

എം. ആർ. എസ്. എം, എ. ആർ. സി. എസ്. (ലണ്ടൻ)

വിദ്വച്ഛിരോമണികളായ മാന്യസദസ്യരെ,

സാഹിത്യകാവിദന്മാരായ നിങ്ങളുടെ സന്നിധിയിൽ ഞാൻ ഹാജരാകുന്നതു അത്യന്തം ഹൃദയവേപഥുവോടുകൂടെയാണ് എന്നു പറയുന്നതു അദ്ധ്യക്ഷസാധാരണമായ വിനയനാട്യമല്ല. എന്റെ സിതീൎത്ഥ്യന്മാരും

* സമസ്തകേരളസാഹിത്യപരിഷത്തിലെ പ്രസംഗം.

സ്നേഹിതന്മാരുമായ ഉള്ളൂരിൻേറയും മള്ളൂരിൻേറയും അനിവാർയ്യവും സ്നേഹവശാൽ ആജ്ഞാസദൃശവുമായ നിർബന്ധം ഒന്നു മാത്രമാണ് എന്നെ ഇതിനു വഴിപ്പെടുത്തിയതു്. സാഹിത്യലോകത്തിലെ കർമ്മവീരന്മാരുടെ ഈ സദസ്സെവിടെ! നിങ്ങളുടെ കർമ്മഫലങ്ങളെ ആസ്വാദിക്കമാത്രംചെയ്യുന്ന ശാലീനനും അല്പജ്ഞനുമായ ഞാനെവിടെ!! എൻെറ സ്നേഹിതന്മാരാൽ പ്രേരിതമായ എൻെറ ഈ കൃത്യം മഹാമനസ്സന്മാരായ നിങ്ങളുടെ സഹിഷ്ണുതയാൽമാത്രം സാധൂകരിക്കപ്പെടേണ്ടതാകുന്നു.

അദ്ധ്യക്ഷപ്രസംഗം ദീർഘമായിരിക്കരുതെന്നുള്ള ഭാരവാഹികളുടെ നിർദ്ദേശം അല്പജ്ഞനും സ്വശബ്ദശ്രുതിയിൽ അനുത്സുകനുമായ എനിക്ക് ആശ്വാസപ്രദമായിരിക്കുന്നു. ഹ്രസ്വത എന്ന ഗുണത്തിൽ ഈ പ്രസംഗം അനവദ്യമായിരിക്കുമെന്നു ഞാൻ ആദ്യമേതന്നെ ഉറപ്പു പറഞ്ഞുകൊള്ളുന്നു. ഹ്രസ്വതയുടെ ഹൃദ്യതയെ ഞാൻ അപഹരിക്കയില്ലെന്നു ശപഥവും ചെയ്യുന്നു.

ഏതു വിഷയത്തെ അല്ലെങ്കിൽ വിഷയങ്ങളെ അധികരിച്ചാണു ഈ സന്ദർഭത്തിൽ പ്രസംഗിക്കേണ്ടതെന്നുള്ളതു് എന്നെ കാർയ്യാകുലനാക്കാതെയിരുന്നില്ല. സാഹിത്യപരിഷത്തിൻെറ ഉദ്ദേശങ്ങളേയും ഈ പരിഷത്തിൻെറ ചില യോഗങ്ങളിൽ അദ്ധ്യക്ഷന്മാരായിരുന്ന മഹാന്മാരുടെ നിർദ്ദേശങ്ങളെയും ഞാൻ പരിശോധിച്ചുനോക്കി. ഈ ഗവേഷണത്തിൽ നമ്മുടെ സാഹിത്യപരിഷത്തിൻെറ ഒരു ന്യൂനത പ്രത്യക്ഷമായി. ഇതു പരിഷത്തിൻെറ യോഗനടപടികൾ അച്ചടിച്ചു പ്രസിദ്ധം ചെയ്യാറില്ല എന്നുള്ളതാണ്. ഈ ന്യൂനതയെ പരിഹരിക്കേണ്ടതു അത്യാവശ്യമാണെന്നുഞാൻ ഇവിടെ പറഞ്ഞുകൊള്ളട്ടെ. എൻെറ അന്വേഷണത്തിൻെറ ഫലമായി അങ്ങുമിങ്ങും നിന്നു കിട്ടിയ ചില അദ്ധ്യക്ഷപ്രസംഗങ്ങളിൽനിന്നും എനിക്കു മനസ്സിലായതു "സൂർയ്യൻെറ താഴെ നവീനമായി യാതൊന്നുമില്ല" എന്നുള്ള ഇംഗ്ലീഷുപഴഞ്ചൊല്ലു എൻെറ ഈ പ്രസംഗത്തിൽ അർത്ഥവത്തായിത്തീരുമെന്നുള്ളതാണ്. എൻെറ പൂർവ്വഗന്മാരുടെ സൂത്രഹ്രസ്വങ്ങളായ രണ്ടുമൂന്നു നിർദ്ദേശങ്ങളെ അധികരിച്ചുള്ള അയോഗ്യമായ ഒരു ഭാഷ്യം മാത്രമായിരിക്കും എൻെറ ശ്രമത്തിൻെറ ഫലം.

## ഗ്രന്ഥനിർമ്മാണവൈഷമ്യങ്ങൾ.

ഇംഗ്ലീഷുഭാഷയോടു മലയാളഭാഷയെ താരതമ്യപ്പെടുത്തിക്കൊണ്ടു നമ്മുടെ സാഹിത്യദരിദ്രതയെ നാം ശോചിക്കാറുണ്ട്. മലയാളസാഹിത്യം നാം ആഗ്രഹിക്കുന്ന വിധത്തിൽ വർദ്ധിക്കാത്തതിൻെറ പ്രധാന കാരണങ്ങളിൽ ഒന്നു മലയാളികളുടെ സംഖ്യയുടെ ചെറുപ്പമാണെന്നിനിക്കു തോന്നു

ന്നു. ഗ്രന്ഥകാരന്മാരും സുഖമായ ജീവിതത്തെ അർഹിക്കുന്നവരാണല്ലോ. ഇംഗ്ലീഷുഭാഷ ഭൂമുഖത്തിന്റെ എല്ലാ ഭാഗങ്ങളെയും വ്യാപിച്ചിരിക്കുന്നു; ആ ഭാഷയിലുള്ള പുസ്തകങ്ങൾ വായിക്കുന്നവരുടെ സംഖ്യ വളരെ വലുതാണ്. ഇംഗ്ലീഷുഭാഷയിൽ എഴുതപ്പെടുന്ന പുസ്തകങ്ങളുടെ അനേകായിരം പ്രതികൾവീതം വേഗത്തിൽ ചെലവാകുകയും തന്മൂലം ഇംഗ്ലീഷുഗ്രന്ഥകാരന്മാർക്ക് ഗ്രന്ഥനിർമ്മാണത്തിൽനിന്നു ഉപജീവനമാർഗ്ഗമുണ്ടാകയും ചെയ്യുന്നു. രസകരമായ ഒരു നോവൽ എഴുതുന്ന ഗ്രന്ഥകാരനു പ്രതിഫലമായി കിട്ടുന്നതു അനേകായിരം പവനായിരിക്കും. ഏററവും ശാസ്ത്രീയവും അതുകൊണ്ടു ഏററവും പ്രചാരംകുറഞ്ഞതുമായ വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ഗ്രന്ഥമെഴുതുന്നവനും യശോരൂപത്തിൽ മാത്രമല്ലാതെ ധനരൂപത്തിലും പ്രതിഫലം കിട്ടുന്നതായിരിക്കും. എന്നാൽ മലയാളഗ്രന്ഥകാരന്മാരുടെ കഥയിതാണോ? വളരെ പണിപ്പെട്ടു മലയാളത്തിൽ ഒരു ഗ്രന്ഥമെഴുതുന്നവനെ വല്ല ടെക്സ്റ്റുബുക്കുകമ്മിററിക്കാരും അനുഗ്രഹിച്ചില്ലെങ്കിൽ അച്ചടിക്കൂലിയും കടലാസുവിലയും അവന്റെ തലയിൽ വന്നുകൂടുന്നതായിരിക്കും. മലയാളം മാതൃഭാഷയായിട്ടുള്ളവരുടെ സംഖ്യ നിസ്സാരം; ഇവരിൽ വായിക്കാനറിയാവുന്നവരുടെയും വായിക്കുന്നതിനു സമയമുള്ളവരുടെയും സംഖ്യ അതിലും തുച്ഛം; ഗഹനമായ വല്ല വിഷയത്തെയും അധികരിച്ചാണു ഗ്രന്ഥമെങ്കിൽ അതു വാങ്ങിക്കുന്നവർ ഈ മലയാളനാടൊട്ടുക്കുനോക്കിയാലും നൂറിലധികം വരുമോ എന്നു സംശയമാണ്. ഇതിനും പുറമെ വർഗ്ഗീയങ്ങളും ദേശീയങ്ങളുമായ പക്ഷപാതങ്ങളും വിദ്വേഷങ്ങളും ഗ്രന്ഥപ്രചാരത്തിനു വിഘാതങ്ങളായി നില്ക്കുന്നു. സാഹിത്യംമാത്രം തൊഴിലാക്കുന്ന മലയാളിക്ക് ഉപജീവനമാർഗ്ഗമില്ലാതാകുമെന്നു മാത്രമല്ല തന്റെ പിതൃസ്വത്ത് അച്ചടിക്കൂലിയായിട്ടും കടലാസുവിലയായിട്ടും നശിച്ചുപോകുന്നതുമായിരിക്കും. നമ്മുടെ സാഹിത്യകാരന്മാരിൽ മിക്കവരും ഉപജീവനത്തിനു മററു മാർഗ്ഗങ്ങളുള്ളവരാകുന്നു; അവരുടെ വിനോദത്തിന്റെയൊ യശഃപ്രാർത്ഥിതത്തിന്റെയോ ഫലം മാത്രമാണ് സാഹിത്യം. സാക്ഷാൽ സാഹിത്യവാസനയുള്ള യുവാക്കന്മാർ നമ്മുടെയിടയിൽ വളരെയുണ്ടെന്നു മാസികകളിലും മററും കാണുന്ന ഉപന്യാസാദികളിൽനിന്നും നാം കാണുന്നു. എന്നാൽ സാഹിത്യം ധനാഗമമാർഗ്ഗവുമല്ലെങ്കിൽ ലക്ഷ്മീദേവിയാൽ അനനുഗ്രഹീതരായ യുവാക്കന്മാരുടെ വാസന ക്ഷയിച്ച് ജീവികാപരിശ്രമങ്ങളിൽ ലയിച്ചുപോകയില്ലയോ?

ഈ ദുരവസ്ഥയെ നാം എങ്ങിനെയാണു പരിഹരിക്കേണ്ടതു്? ഇങ്ങനെയുള്ള ചോദ്യങ്ങളായിരിക്കാം മലയാളഭാഷയെ ഉപേക്ഷിച്ചിട്ട് ഇംഗ്ലീഷോ ഹിൻഡിയോ പോലെ കൂടുതൽ വ്യാപ്തിയുള്ള ഒരുഭാഷയെ നാട്ടുഭാഷയായി സ്വീകരിച്ചുകളയാമെന്നു പറയുന്നതിന് ചിലരെ പ്രേരിപ്പിക്കുന്നതു്.

ഭാഷകൾ രൂപാന്തരങ്ങളെ പ്രാപിച്ചതു നാം കാണുന്നുണ്ട്; ഭാഷകൾ പരഭാഷാശബ്ദങ്ങൾകൊണ്ടു വദ്ധിക്കുന്നതു നാം കാണുന്നുണ്ട്. പരദേശഭാഷകൾ ഔദ്യോഗികഭാഷകളായി തീരുന്നതും നാം കാണുന്നുണ്ട്. എന്നാൽ ഒരു ഭാഷ മറെറാരു ഭാഷയെ ആകപ്പാടെ ഉന്മൂലനം ചെയ്തിട്ടുള്ളതായി എനിക്കറിവില്ല. നമ്മുടെ നാടുള്ള കാലത്തോളം നമ്മുടെ ഭാഷയും നമ്മുടെ കൂടെ ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ ശക്തിയെ കവിഞ്ഞിരിക്കുന്ന കാരണങ്ങളാൽ വന്നുകൂടിയിരിക്കുന്ന പ്രതിബന്ധങ്ങളെ നീക്കുവാൻ നമുക്കു പാടില്ലല്ലോ. നമ്മുടെ അഭിമാനവും അഭിമാനജന്യമായ ത്യാഗവുമാണ് ഭാഷാപോഷണത്തിൽ നമ്മുടെ മുഖ്യോപകരണങ്ങൾ ആയിരിക്കേണ്ടതു്.

## ശബ്ദാദാനം.

ഒരു ഭാഷയുടെ വൃദ്ധി ആ ഭാഷ ഉപയോഗിക്കുന്നവരുടെ മനോവികാസത്തിന്റെ മാനദണ്ഡമാണെന്നു പറയണമെന്നില്ലല്ലോ. മാനസകമ്മങ്ങൾ വദ്ധിക്കുംതോറും ശബ്ദകോശവും വദ്ധിക്കണം. ഭൂമുഖം മുഴുവൻ വ്യാപിച്ചിരിക്കുന്ന ഇംഗ്ലീഷുകാരുടെ ഭാഷയിൽ ഭൂമുഖത്തുള്ള സകല ഭാഷകളിലെയും ശബ്ദങ്ങൾ കാണാവുന്നതാണ്. ഭാഷകൾ തമ്മിൽ സമ്പക്കമുണ്ടാകുമ്പോൾ ശബ്ദവിനിമയവും ഉണ്ടാകുന്നതാണ്. ശബ്ദശുദ്ധിയിൽ കഠിനവ്രതമുള്ള സംസ്കൃതംപോലും പരഭാഷകളിൽനിന്നും ശബ്ദങ്ങളെ ആദാനം ചെയ്തിട്ടുണ്ടല്ലോ. യൂറോപ്യന്മാർ പരദേശങ്ങളെ ആക്രമണം ചെയ്തു് ശബ്ദങ്ങളെ അപഹരിച്ചു കൊണ്ടുവന്നാണ് അവരുടെ ശബ്ദകോശങ്ങളെ പോഷണം ചെയ്യാറുള്ളതു്. നമ്മുടെ ശബ്ദകോശം വദ്ധിക്കുന്നതു് ഇതിന് വിപരീതമായ ഒരു വ്യാപാരത്തിൽ നിന്നുമാണ്. ക്രിസ്തുവിന്റെ കാലത്തിനു മുമ്പുതന്നെ മലയാളരാജ്യം വാണിജ്യതല്പരന്മാരായ പരദേശികളെ ആകഷിച്ചുകൊണ്ടാണിരുന്നതു്. യൂറോപ്യൻമാർ ഇവിടെ വന്നു പറവുന്നതിനു മൻപുതന്നെ അറബിക്കടലിന്റെ തീരങ്ങളെ അധിവസിച്ചിരുന്ന സകല പരദേശികളും മലയാളത്തു വന്നുകൊണ്ടിരുന്നു. നമുക്കിപ്പോൾ പച്ചമലയാളമായിട്ടു തോന്നുന്ന പല ശബ്ദങ്ങളും വാസ്തവത്തിൽ പരദേശശബ്ദങ്ങളായിരിക്കാം. പോത്തുഗീസുകാർ നമ്മുടെയിടയിൽ പ്രചരിപ്പിച്ചതെന്ന് നിസ്സന്ദേഹം നമുക്കറിയാവുന്നതായ 'മേശ' 'കസേര' 'പേന' മുതലായവ "പച്ചമലയാള"മായിത്തീന്നിരിക്കുന്നു. ദീഘപരിചയം മൂലം നമുക്കു "പച്ച"യായിത്തീന്നിരിക്കുന്ന 'പൂച്ച' പോലും ഏജിപ്തിൽനിന്നു വന്ന ശബ്ദമല്ലയോ എന്നു ഞാൻ സംശയിക്കാറുണ്ട്. ശബ്ദാഗമത്തെക്കുറിച്ചു ദീർഘമായി ഉപന്യസിക്കേണമെന്നല്ല ഇവിടെ എന്റെ ഉദ്ദേശം. പച്ച

യായിരിക്കേണമെന്ന നാം ആഗ്രഹിക്കുന്ന മലയാളഭാഷയെ അപഗ്രഥനം ചെയ്തു ഭനാക്കിയാൽ അതിപ്പോഠം തന്നെ പച്ചയല്ലെന്നും കമ്പിത്തപാൽ, കമ്പിയില്ലാക്കമ്പി, തപാൽ, വിമാനം, തീക്കപ്പൽ മുതലായ പരിഷ്കാരയന്ത്രങ്ങളാൽ സർവ്വദാ മട്ടിക്കപ്പെട്ടിരിക്കുന്ന നമുക്ക് നമ്മുടെ ഭാഷയെ പച്ചയായിട്ടു വെച്ചുകൊണ്ടിരിക്കാൻ സാധിക്കയില്ലെന്നും പറയണമെന്നെ എനിക്കുദ്ദേശമുള്ളു. ഈ തലമുറയ്ക്ക് നവീനവും അയോഗ്യവുമായി തോന്നുന്നതു് അടുത്ത തലമുറയ്ക്കു് പ്രാചീനവും യോഗ്യവുമായിത്തീരുന്നതായിരിക്കും.

നമ്മുടെ അഭിമാനത്തിനും നമ്മുടെ ഭാഷയുടെ ഘടനയ്ക്കും യോജിക്കുന്നതു് ആവശ്യമുള്ളപ്പോളെല്ലാം കഴിവുണ്ടെങ്കിൽ സംസ്കൃതത്തിൽ നിന്നു നവീനശബ്ദങ്ങളെ ആദാനം ചെയ്യുന്നതായിരിക്കും. എന്നാൽ ശാസ്ത്രീയമായ ഗ്രന്ഥനിർമ്മാണത്തിലല്ലാതെ നമുക്കു ഈ വ്രതത്തെ പാലിക്കുന്നതിനു സാധിക്കുമെന്നു തോന്നുന്നില്ല. നമ്മുടെ സകലജീവിതവ്യവഹാരങ്ങളിലും ദുസ്ത്യജ്യമായി തീർന്നിരിക്കുന്ന ഇംഗ്ലീഷ് ഭാഷയുടെ മട്ടും നമ്മുടെ സകല സാഹിത്യദുർഗ്ഗങ്ങളേയും ഭേദിക്കുന്നു. മോട്ടോർകാർ എന്ന ഒന്നിന്റെ കൂടെ എത്രയൊ ശബ്ദങ്ങളാണു് മലയാളത്തിലേക്കു കടന്നിരിക്കുന്നതു്! ഇങ്ങനെകയറിവരുന്ന ശബ്ദങ്ങളെ നമ്മുടെ ശബ്ദകോശങ്ങളിൽ ചേർത്തച്ചടിക്കാതിരിക്കാൻ നമുക്കു കഴിയുമായിരിക്കാം. എന്നാലും നാട്ടിൽ ഇവ രൂഢമൂലങ്ങളായിത്തീർന്നു കാലക്രമേണ നമ്മുടെ "മേശയും" "കസേരയും" പോലെ തനി നാടൻശബ്ദങ്ങളായിത്തീരുന്നതായിരിക്കും.

തിരുവിതാംകൂറുകാർ സംസ്കൃതപക്ഷപാതികളാണെന്നു മററു മലയാളികഠം പഴിക്കുന്നതു് അവരുടെ കാവ്യബന്ധനരീതിയെ ഉദ്ദേശിച്ചാണെന്നു് ഞാൻ ഊഹിക്കുന്നു. പദ്യമയമായൊ ഗദ്യമയമായോ ഉള്ള മലയാളകാവ്യങ്ങളിൽ മലയാളത്തിൽ പ്രസിദ്ധിയില്ലാത്ത സംസ്കൃതശബ്ദങ്ങഠം അധികമായി പ്രയോഗിക്കുന്നതു് കാവ്യോദ്ദേശത്തിന് വിഘാതമാണെന്നാണെന്റെയും അഭിപ്രായം. കാവ്യഗുണങ്ങളിൽ ഏററവും പ്രധാനങ്ങളായവയിൽ ഒന്നു് പ്രസാദമാണു്. കേഠംവികൊണ്ടുമാത്രം അർത്ഥബോധത്തെ ഉളവാക്കുന്ന ശബ്ദങ്ങളാണു കാവ്യങ്ങഠംക്കു പ്രസാദത്തെ കൊടുക്കുന്നതു്. ("ശബ്ദാസ്തദ്വ്യഞ്ജകാ അർത്ഥബോധകാശ്ശ്രുതിമാത്രതഃ") സാധാരണ മലയാളികഠംക്കു ഗ്രഹിക്കുവാൻ പാടില്ലാത്ത അസാധരണസംസ്കൃതശബ്ദങ്ങഠം കൊണ്ടു് നിബിഡമായിരിക്കുന്ന മലയാളകാവ്യങ്ങഠംക്കു പ്രസാദമുണ്ടാകുന്നതെങ്ങനെയാണു്? പ്രസാദമില്ലാത്ത കാവ്യങ്ങഠംക്കു വളരെ ശ്രോതാക്കഠം ഉണ്ടായിരിക്കുന്നതല്ല. മലയാളികഠംക്കു ദുർഗ്രഹമായ ഭാഷയിൽ മലയാളകാവ്യങ്ങഠം എഴുതുന്നവർക്കുള്ള ശിക്ഷ ആ കാവ്യങ്ങളിൽതന്നെ അടങ്ങിയിരിക്കുന്നു. അവ അവയുടെ നിർമ്മാതാക്കളെ അതിജീവിക്കാതെ

കേവലം പുസ്തക വിന്യസ്തങ്ങളായിട്ട് മലബാറിലെ പ്രസിദ്ധമായ ഇൗർപ്പ നിരയായിത്തീരുന്നതായിരിക്കും.

എന്നാൽ ശാസ്ത്രീയഗ്രന്ഥങ്ങളുടെ കഥയല്ല ഞാനിപ്പറഞ്ഞത്. ശ്രീമാൻ മള്ളൂർ ഗോവിന്ദപ്പിള്ള സാഹിത്യപരിഷത്തിൻെറ തൃതീയസമ്മേളനത്തിലെ ഒരു അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതുപോലെ നമ്മുടെ സാഹിത്യം പൂർണ്ണമാകേണമെങ്കിൽ ഹൃദയത്തെ ചലിപ്പിക്കുന്ന കൃതികളും ബുദ്ധിയെ വികസിപ്പിക്കുന്ന കൃതികളും നമുക്കുണ്ടായിരിക്കേണ്ടതാണ്. ബുദ്ധിയുടെ വികാസത്തിന് പരിധിയില്ലാത്തതിനാൽ നവീനങ്ങളായ സങ്കല്പങ്ങളും അവയെ സൂചിപ്പിക്കുന്ന ശബ്ദങ്ങളെ നിർമ്മിക്കേണ്ട ആവശ്യവും ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ആയതുകൊണ്ടു ശാസ്ത്രീയങ്ങളായ സങ്കേതിക സാംജ്ഞകളെ നാം സംസ്കൃതത്തിൽനിന്നൊ മററുഭാഷകളിൽനിന്നൊ ആദാനം ചെയ്യേണ്ടിയിരിക്കുന്നു. ശാസ്ത്രീയഗ്രന്ഥങ്ങളിൽ അപ്രസന്നങ്ങളായ നവീന ശബ്ദങ്ങൾ ഉണ്ടായിരിക്കുന്നത് സാഹിത്യദോഷമായിരിക്കയില്ല.

(തുടരും)

## കിർമ്മീരവധവ്യാഖ്യാനനിരൂപണത്തെ കുറിച്ചുള്ള അഭിപ്രായം

(പി. കൃഷ്ണൻനായർ)

"സപദതെസപദതാം ദയാലവെ:" (ശ്ലോകം 8) എന്ന സ്ഥലത്തു 'ദയാലവെ' എന്ന പാഠമാണ് ഉചിതമെന്നു ശ്രീമാൻ പി. എസ്സ് എ അഭിപ്രായപ്പെടുന്നു. ഈ പാഠം സ്വയംകൃതമൊ മററു വല്ലേടത്തും കണ്ടിട്ടുള്ളതൊ എന്നറിയുന്നില്ല. അതെങ്ങിനെയായാലും അദ്ദേഹം പറയുന്നപ്രകാരം അതുകൊണ്ടു വിശേഷിച്ചു വല്ല ഗുണവുമുള്ളതായി എനിക്കു തോന്നുന്നതുമില്ല. 'പാണ്ഡുഭവാംകഥാമൃതംദയാലവെസപദതാം' എന്നാവുമ്പോൾ, 'ദയാലുക്കൾക്കു പാണ്ഡവന്മാരുടെ കഷ്ടപ്പാടുകളിൽ സഹതാപം തോന്നുവാൻ അവകാശമുള്ളതുകൊണ്ടു താദൃശന്മാർക്കു അവരുടെ ചരിതം രുചിക്കുന്നു' വെന്നല്ലെ വരുന്നത്? അങ്ങിനെയാണെങ്കിൽ ധർമ്മപുത്രാദികളുടെ ധർമ്മനിഷ്ഠ, സത്യസന്ധത, ശൌര്യം, ധൈര്യം മുതലായ ഗുണങ്ങൾക്കു പ്രാധാന്യമില്ലെന്നാവുകയാൽ താദൃശാർത്ഥം അവരുടെ ചരിതത്തിൻെറതന്നെ അ

പകഷാധായകമായിട്ടല്ലേ പര്യവസാനിക്കുക? എന്നു മാത്രമല്ല, 'സ്വദതെ' എന്ന വർത്തമാനനിർദ്ദേശവും സുഘടമാവാൻ പ്രയാസം. അതുമിരിക്കട്ടെ, സ്വദതാമെന്ന പദമെവിടെയാണ അന്വയിക്കുന്നത്? സ്വദതാം പാണ്ഡുഭവാമെന്നാണെങ്കിൽ കേമം തന്നെ! പാണ്ഡവന്മാർ ആസ്വദിക്കുന്നതെന്ത്? കോട്ടയത്തു തമ്പുരാൻ നിർമ്മിച്ച അവരുടെ ചരിത്രം തന്നെയായിരിക്കുമൊ? ഈ ശ്ലിഷ്ടകല്പനയെക്കാൾ പ്രകൃതവ്യാഖ്യാനത്തിലെ ക്ലിഷ്ടകല്പന മോശമായൊ? മഹ്യം, സജ്ജനം എന്നു രണ്ടു പദം അദ്ധ്യാഹരിച്ചിരിക്കുന്നതുകൊണ്ടായിരിക്കാം പി. എസ്സ്. ഏ പ്രകൃതവ്യാഖ്യാനം ക്ലിഷ്ടകല്പനമാണെന്നു കല്പിച്ചത്. അതു രണ്ടും അർത്ഥസിദ്ധമാകയാൽ അതിൽ വലിയ ക്ലിഷ്ടതയൊ ക്ലേശമൊ ഉള്ളതായി എനിക്കു തോന്നുന്നില്ല. അല്ലെങ്കിൽ 'ഗച്ഛാമി' എന്നതിനെ വ്യക്തമാക്കുവാൻ 'അഹ'മെന്നു കൂടി കൂട്ടിയാൽ അതും ക്ലിഷ്ടകല്പനമാവുമല്ലൊ. ഇങ്ങനെയിരിക്കെ 'അനുദാത്തേത്വലക്ഷണമാത്മനെപദമനിത്യം' എന്നും മററും ഉപന്യസിച്ചു, സ്വദതാമെന്ന പദം ഷഷ്ഠ്യന്തമാണെന്നു പറഞ്ഞിട്ടു പ്രയോജനമെന്ത്? കൂടാതെ, അതിലേക്കു സാധകമായി "വെപതിസ്തനവല്ലി" "ഭീഷയന്തീ പ്രദോഷെ"എന്നുംമററും ആത്മനെപദനിയമത്തെ ഉല്ലംഘിച്ച കവിക്ക് ഇതൊരു വലിയ തെററാവാൻ വഴിയില്ലതന്നെ എന്ന് ഉൽഘോഷിച്ചിരിക്കുന്നതിൽ പി. എസ്സ്. ഏ. അവർകൾക്കു മനുഷ്യസാധാരണമായ പ്രമാദം പററിപ്പോയെന്നു വിചാരിക്കാനാണ് അധികമവകാശം കാണുന്നത്. 'വെപതി' എന്നതു മുൻപറഞ്ഞ പരിഭാഷാപ്രകാരം ആത്മനെപദൊല്ലംഘനമാണെന്നു വിചാരിക്കാമെങ്കിലും, 'ഭീഷയന്തീ' എന്നതിൽ ആത്മനെപദത്തിനു പ്രസക്തി തന്നെയില്ലെന്നാണ വ്യാകരണം ഉപദേശിക്കുന്നത്. "ഭീസ്മ്യോർഹെതുഭയെ" എന്ന സൂത്രം കൊണ്ടാണ ണ്യന്തഭീധാതുവിന്ന് ആത്മനെ പദം വിധിക്കുന്നത്. അത്, പ്രയോജകഭയമായാലെ വരികയുമുള്ളു. അല്ലാത്തപക്ഷം പരസ്മൈപദം തന്നെയാണ വരിക. പ്രകൃതശ്ലോകത്തിലാകട്ടെ 'നിജവപുഷാഭീഷയന്തീ' എന്നു നിർവചിച്ചിരിക്കയാൽ, വപുഃ കരണകഭയമാണെന്നുള്ള സംഗതി സ്പഷ്ടവുമാണ്. ഈ സ്ഥിതിക്കു പരസ്മൈപദത്തിനല്ലാതെ ആത്മനെപദത്തിന്നു വല്ല പ്രസക്തിയുമുണ്ടൊ? അതുകയാൽ 'ഭീഷയന്തീ' എന്നതിൽ ശതൃപ്രത്യയം തന്നെയാണ യുക്തം. പക്ഷെ "ഭിയോഹേതുഭയെഷുക്" എന്ന സൂത്രപ്രകാരം ഷുഗാഗമം വരാൻ വഴിയില്ലാത്തതുകൊണ്ടു 'ഭായയന്തീ' എന്നു വേണ്ടതാണെന്നു മാത്രമെ ഒരു വിശേഷമുള്ളു. അതു നമുക്കു പ്രകൃതവുമല്ല. അഥവാ—"തമാര്യഗൃഹ്യം നിഗൃഹീതധെനും മനുഷ്യവാചാ മനുവംശകേതും വിസ്മാപയൻ വിസ്മിതമാത്മവൃത്തൌ സിംഹോരുസത്വം നിജഗാദസിംഹഃ". എന്ന കാളിദാസപ്രയോഗം പോലെ പ്രസ്തുതപ്രയോഗവും സമർത്ഥിച്ചുകൂടെന്നുമില്ല. അതായതു (പാഞ്ചാലീ ബിഭേതി; താം വ

പ്: (പ്രയോജകകർത്തൃ) ഭീഷയതെ; തഥാവപു: പ്രയോജയതിസിംഹികാ) എന്നിങ്ങിനെ വിവക്ഷിക്കുന്നതായാൽ, 'ഭീഷി' എന്ന ണ്യന്തത്തിൽ നിന്നും ണിച് പ്രത്യയം വെക്കുമ്പോൾ ആദ്യത്തെ 'ണിച്' ലോപിക്കുകയും ശേഷമുള്ള 'ഭീഷി' എന്നതിൽ 'ശതൃ' പ്രത്യയം, ശപ്പരകണിച് പ്രത്യയത്തിന്നു ഗുണം, അയാദേശം, ങീപ് എന്നിവയാൽ ഭീഷയന്തി എന്ന രൂപം സിദ്ധിക്കുകയും ചെയ്യുന്നു. 'നിജവപുഷാ' എന്നതു കർത്തരിതൃതീയയാണ്; കരണതൃതീയയല്ല. ഇങ്ങനെയിരിക്കെ 'ഭീഷയന്തി'യിൽ കവിക്കു ആത്മനേപദോല്ലംഘനാപരാധമുണ്ടെന്നു തട്ടിവിട്ടതു ആലോചിക്കാതെ തന്നെയായിരിക്കണം. അതിരിക്കട്ടെ—"സ്വദതെ സ്വദതാം ദയാലവെ" എന്ന പാഠം സാമ്പ്രദായികമാണോ? ആണെങ്കിൽ ശ്രീമാൻ പി. എസ്സ്. ഏ. പറഞ്ഞ രീതിയിലല്ലാതെ മറെറാരു പ്രകാരത്തിൽ "അന്നദാതേതത്വലക്ഷണം—" എന്ന പരിഭാഷയെ ശരണം പ്രാപിക്കാതെ തന്നെ ഞാൻ വ്യാഖ്യാനിച്ചുനോക്കാം. ഒരുവേള വിദ്യാൎത്ഥികൾക്കൊ മറെറാ അതുകൊണ്ടു വല്ല ഉപകാരമുണ്ടാവുമെങ്കിൽ ആയികൊള്ളട്ടെ.

തദനന്തരജേനനിൎമ്മിതം യദുനാഥാംഘ്രി സമൎപ്പിതാത്മനാം പാണ്ഡുളവാം തദിദം കഥാമൃതം, സ്വദതെ ദയാലവേ സ്വദതാം എന്നു അന്വയം. സ്വദതേ=നല്ലപോലെ വിഭാവനം ചെയ്യുന്ന (അൎത്ഥിതി അദൻസു + അദൻ=സ്വദൻ; തസ്മൈ=സ്വദതെ. ദയാലവെ എന്നതിന്നു വിശേഷണം) ദയാലവേ=ദയാലുവിന്നു (ആൎദ്രഹൃദയനായ സഹൃദയന്നു എന്നു താല്പൎയ്യം) സ്വദതാം=രുചിക്കട്ടെ. പക്ഷെ ഇതും ക്ലിഷ്ടകല്പനമാണെന്നു ശ്രീമാൻ പി. എസ്സ്. ഏ. അഭിപ്രായപ്പെട്ടുമോ എന്തോ? എന്തുചെയ്യാം. എന്റെ ബുദ്ധിക്ക് ഈ വകയൊന്നും അത്ര ക്ലിഷ്ടമായ് തോന്നുന്നില്ല. എന്നു മാത്രമല്ല, വല്ലവരുടേയും ശിഷ്ടകല്പനം പുറത്തുവരുന്നതു വരെ, ആവശ്യക്കാർ ഇതിനെ ആദരിച്ചാൽ മതിയെന്നെ ഞാൻ പറയുന്നുള്ളു. ഏതായാലും ഈ അവസരത്തിൽ വിദ്യാൎത്ഥികളുടെ ഉപയോഗത്തിനായി, വ്യാഖ്യാനത്തിൽ വന്നുപോയ ഒന്നുരണ്ടബദ്ധങ്ങളെ എടുത്തുകാണിച്ചു നേരെയാക്കുന്നതു് ഒന്നുകൊണ്ടും അയുക്തമാവുകയില്ലെന്നു വിശ്വസിക്കുന്നു. "സജ്ജനസപൎയ്യ ചെയ്യാനും വിരവിലിജ്ജനത്തിന്നു കഴിവരാനും നിയമമജ്ജനാദ്യകളാശ്രുരചെയ്യുഭവാനും" (ഭാഗം ൻ൫) ഇവിടെ കഴിവരാനും=നന്മ വരാനും എന്നു അൎത്ഥം പറയുന്നതായിരിക്കും ഉചിതം. അങ്ങിനെയാണെങ്കിൽ ചെയ്യാനും, കഴിവരാനും എന്നിവയിലുള്ള 'ഉം' പ്രാസത്തിന്നു മാത്രമാണെന്നും നിരൎത്ഥകമാണെന്നും പറയാതെ കഴിക്കാം. ഇതു വ്യാഖ്യാനിക്കുന്നസമയം ആലോചിക്കാതെ ബദ്ധപ്പെട്ടു എഴുതിപ്പോയതുകൊണ്ടു വന്നിട്ടുള്ള അബദ്ധം തന്നെ. ൧൦-ാംഭാഗത്തിലുള്ള 'ഇത്ഥംവിനിശ്ചിതവതി'—എന്ന ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ 'അഥ അവ്യാ അനന്തരം' എന്നതിന്നു

ശേഷം, കോമളവപുഃ (സ-സ്ത്രീ-പ്ര-ഏ) സുകുമാരശരീരയായി; ഭൃതാ അവ്യാഭവിച്ചു എന്നതുവരെ വിട്ടുപോയിരിക്കുന്നു. അതു ചേൎത്തുകൊള്ളണം. ഈവകയൊന്നും പി. എസ്സ്. എ. അവർകളുടെ ദൃഷ്ടിയിൽ പെട്ടു കാണാത്തതെന്തുകൊണ്ടോ? ഇതുപോലെ ഇനിയും ചില വീഴ്ചകൾ കാണാമെങ്കിലും വിസ്തരഭയത്താൽ അവയെല്ലാം ഇവിടെ എടുത്തെഴുതുന്നില്ല.

"രുചിരകനകാദ്രിസാനൊ' എന്നതിൽ സാനുവിനും സൂൎയ്യനുമുള്ള സംബന്ധം സമാസാൎത്ഥമാവുന്നതെങ്ങിനെ? സ്വസ്വാമിഭാവാദിയൊ ആധാരാധെയഭാവാദിയോ ചേരുകയുമില്ല." എന്നാണ് മറെറാരു ആക്ഷേപം. രുചിരഃ കനകാദ്രിസാനുഃ യസ്യ എന്നു വിഗ്രഹിച്ചു സാനുവിനും സൂൎയ്യനും സ്വസ്വാമിഭാവം തന്നെ പറയുന്നതിൽ വലിയ തരക്കേടൊന്നുമില്ലെന്നാണു ഞാൻ വിചാരിക്കുന്നത്. മഹാമേരുവിനെ അമരഗിരിയെന്നും മററും പറയാറില്ലെ. അവിടേയും സംബന്ധാനുപപത്തിയുണ്ടോ? അമരശ്രേഷ്ഠനായ സൂൎയ്യനുമാത്രം തന്നിഷ്ഠസ്വത്വനിരൂപിത സ്വാമിത്വം ഇല്ലെന്നു വരുമോ? അഥവാ വാസ്തവികമായ സ്വസ്വാമിഭാവമില്ലെന്നു തന്നെയിരിക്കട്ടെ. എങ്കിലും കവികല്പിതസംബന്ധം കൂടി സംഭാവ്യമല്ലെന്നാവുമോ? സംബന്ധം തന്നെ വിവക്ഷാനുസാരിയല്ലെ.? ഇതൊന്നും ശ്രീമാൻ പി. എസ്സ്. എ. സമ്മതിക്കാത്തപക്ഷം, പ്രസ്തുതപാഠത്തിനു വേറെ വിധത്തിൽ തന്നെ സമാസം പറയാം. 'സ്ഥിതസ്യഗതിശ്ചിന്തനീയം' എന്നുണ്ടല്ലൊ. അതായതു - രുചിരഃ കനകാദ്രിസാനുഃ യേന സഃ 'യേന' എന്നതു ഹേതൌ തൃതീയ. അഥവാ രുചിം രാതീതി രുചിരഃ ഇഷ്ടഃ കനകാദ്രിസാനുൎയ്യസ്യ എന്നിങ്ങനെ സമാസം ഉപവാദിച്ചുകൂടേ? ഇതിന്നുവേണ്ടി പാഠം മാററണമെന്നുണ്ടോ? അല്ലാത്തപക്ഷം "ഇദംതേ കേനോക്തം കഥയ കമലാതങ്കവദനേ" ഇത്യാദിയായ എത്രയോ പ്രയോഗങ്ങളുടെ സ്ഥിതി ദത്തജലാഞ്ജലിയായ് ത്തീരുമല്ലൊ. മാററിയെ കഴിയു എന്നുണ്ടെങ്കിൽ, 'രോചിത' എന്നല്ലാതെ ശ്രീമാൻ പി. എസ്സ്. എ. നിൎദ്ദേശിച്ച വിധം 'രുചിത' എന്നു മാററുന്നതുകൊണ്ടു ഘടകുടീപ്രഭാത ന്യായപ്രകാരം യാതൊരു ഗുണത്തിനും വഴിയില്ലതന്നെ. രുചിതമെന്നതിനു ദീപ്തമെന്നല്ലെ അൎത്ഥം? പ്രകൃതസ്ഥലത്തൊ ദീപിതമെന്നു തന്നെ വേണ്ടതായിരിക്കുന്നു. അതിന്നു 'രോചിത' എന്നുവേണം. തമ്പുരാന്റെ കൃതിയിൽ അത്രത്തോളം സ്വാതന്ത്ര്യമെടുക്കുന്നതിന്ന് എനിക്കു അവകാശമോ ധൈൎയ്യമൊ ഇല്ല. എന്തിന് - അന്തികമാഗതന്മാരാകും (ഭാഗം ൧൦) എന്നാദിക്കിൽ അഗതന്മാരാകുമെന്നായിരുന്നാലെ ശരിയാവു എന്നാണു എന്റെ വിശ്വാസം. പലപ്രതികളിലും തിരഞ്ഞുനോക്കീട്ടും അങ്ങനെ ഒരു പാഠം കണ്ടുകിട്ടായ്കയാൽ ഞാൻ മാററിയതുമില്ല. പണ്ഡിതവൎയ്യന്മാർ ആരെങ്കിലും അഭിപ്രായപ്പെട്ടാൽ മാററാമെ

ന്നാണു വിചാരിച്ചിട്ടുള്ളതു്. പക്ഷെ എൻെറ ദുരദൃഷ്ടം കൊണ്ടു ശ്രീമാൻ പി. എസ്സ്. എ. അതു കണ്ടില്ലായിരിക്കാം.

സമജനി (ലുങ് - ആ - പ്ര - പു - ഏ) എന്നു വേണ്ടതായിരിക്കെ (ലുങ് - പ - പ്ര) എന്നായതു മുദ്രാപകപ്രമാദമെന്നു സമ്മതിക്കുന്ന പി. എസ്സ്. ഏ. അവർകൾക്കു്, ജകദേക നിവാസഭ്രുഃ (ഊ-പു-പ്ര-ഏ) എന്നിങ്ങനെ 'സ്ത്രീ' എന്നതിന്നു പകരം 'പു' എന്നു കാണുന്നതു മാത്രം സ്ഖലിതമാണെന്നുള്ള സംശയത്തിനു കാരണമെന്തെന്നറിയുന്നില്ല. ഒരുവേള അതിൻെറ ചുവട്ടിൽ വസുദേവഭ്രുഃ (ടി) എന്നു അച്ചടിച്ചു കാണുന്നതായിരിക്കുമോ? മുദ്രാപകന്മാരുടെ ബദ്ധപ്പാടിൽ എന്തെല്ലാം വന്നു ചാടുമെന്നു ഞാൻ പറയേണമെന്നില്ലല്ലൊ. അദ്ദേഹത്തിൻെറ നിരൂപണത്തിൽ കാണുന്ന 'അനുദാത്തേതലക്ഷണമാത്മനേ ഇടവിടങ്ങ പദമനിത്യം" എന്ന വാചകം തന്നെ അതിന്നു സാക്ഷ്യം വഹിക്കുന്നുണ്ടുതാനും. എന്നു മാത്രമല്ല, 'ഭരതകുലാഭരണാബഭ്രുവുരേതേ' എന്നതിലെ ഭരതകുലാഭരണാഃ' എന്ന പ്രയോഗം സാധുവല്ലെന്നു സപ്രപഞ്ചമുപപാദിച്ച വ്യാഖ്യാതാവിന്നു ആവക സംഗതികളൊന്നും തിരെ അറിയുകയില്ലെന്നാവുമോ? അല്ലെങ്കിൽ ഇതെല്ലാം പറഞ്ഞിട്ടു പ്രയോജനമെന്തു്? ആർ വിശ്വസിക്കും? ഏതായാലും ഈ രണ്ടുതെററും അടുത്ത പതിപ്പിൽ ഞാൻതന്നെ ശ്രദ്ധിച്ചു നേരെയാക്കിക്കൊള്ളാമെന്നു സമ്മതിക്കുന്നു. ഈ അബദ്ധങ്ങളെല്ലാം ചൂണ്ടിക്കാണിച്ചുതന്നതിന്നു ഞാൻ എത്രയും കൃതജ്ഞതയുള്ളവനായിരിക്കുന്നു. എന്നാൽ 'നിവാസാൽഭവതീതി' എന്നായാലെ ജഗദേകനിവാസഭ്രുശബ്ദം പുല്ലിംഗമാവുകയുള്ളു എന്ന അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഭവതീതി ഭ്രുഃ (കർത്തരികിപ്) ജഗതാ മേകനിവാസഃ ജഗദേകനിവാസഃ സചാസൌഭ്രുശ്ച എന്നു വിഗ്രഹിക്കുന്നതായാൽ ജഗദേകനിവാസമായി ഭവിക്കുന്നവനെന്നു് അൎത്ഥവുംപറയാം.

'ഭാരതകുലാഭരണാഃ' എന്നതിലെ യമകത്തിന്നു വൈചിത്ര്യമില്ലായ്കയാൽ അലങ്കരതമില്ലെന്നാണു മറെറാരാക്ഷേപം. 'വസിക്കുമോ' 'നടക്കുമോ' ഇത്യാദിയിൽ പറഞ്ഞ യമകാദിക്കും, 'ഭാഗവതപുംഗവം' ഇത്യാദിയിലെ ഉപമാദിക്കും (വ്യാഖ്യാനത്തിൽ രൂപകമെന്നു കാണുന്നതു അബദ്ധമാണു്.) അസ്വാരസ്യം തോന്നാതിരിക്കെ, ഭരതകുലാഭരണം മാത്രമെന്തുപിഴച്ചുവെന്നറിയുന്നില്ല. 'ഭര'ശബ്ദത്തെ ആവൎത്തിച്ചിരിക്കുന്നതിൽ യാതൊരു വൈചിത്ര്യവും തോന്നുന്നില്ലെന്നു പറയാമൊ? ഉണ്ടെങ്കിൽ അലങ്കാരവുമുണ്ടു്. പക്ഷെ ആ അലങ്കാരം അനുപ്രാസമൊ വൃത്ത്യനുപ്രാസമൊ ആണെന്നു പറഞ്ഞാൽ അക്കൂട്ടൎക്കു ആക്ഷേപമുണ്ടാവില്ലായിരിക്കാം. എൻെറ അഭിപ്രായത്തിൽ അതു യമകമാണെന്നേ ഭേദമുള്ളു. നേരെ മറിച്ചു

യാതൊരു ചമല്ക്കാരവുമില്ലെന്നു ശഠിക്കുന്ന പക്ഷം, ആവക സഹൃദയന്മാരുടെ അഭിപ്രായം മുൻകൂട്ടിചോദിച്ചറിഞ്ഞു വ്യാഖ്യാനമെഴുതുന്നതിനു സാധിക്കാതെ വന്നതിൽ ക്ഷമിക്കേണമെന്നുമാത്രമേ എനിക്കു പറയുവാനുള്ളൂ.

കൂടാതെ 'നിരനുനാസികാവദൽ'=അനുനാസികമല്ലാതെ പറഞ്ഞു എന്നു വയിച്ചാൽ അധികം നന്ന് എന്നഭിപ്രായപ്പെട്ടു കാണുന്നു. 'നിരനുനാസികാ' ശബ്ദത്തിന്നു അനുനാസികമല്ലാതെ എന്നോ, ഇല്ലാതെ എന്നൊ അർത്ഥമാവുന്നതെങ്ങനെ? അതു ക്രിയാവിശേഷണമാവുകയില്ലല്ലൊ. അനുനാസിക വർണ്ണങ്ങളോടു കൂടാത്തവൾ എന്നല്ലെ അർത്ഥം? അതുതന്നെയാണ് വ്യാഖ്യാനത്തിലും. താല്പര്യാർത്ഥമാണു പറഞ്ഞതെങ്കിൽ അതു വ്യാഖ്യാനത്തിൽ എടുത്തു കാണിച്ചിട്ടുമുണ്ട്. അതിലേക്കു ഏതാദൃശനയനം വേണമെന്നുമില്ല. 'സാ' എന്നതിന്നു വിധേയവിശേഷണമാക്കിയാൽ അന്വയാർത്ഥത്തിന്നു സ്പഷ്ടത കൂട്ടമെന്നാണ് അഭിപ്രായമെങ്കിൽ, 'നാമ്നാ, പുരളീ, ഇതി, ശാസ്ത്രാ, ഇത്യാദിയേയും പുരളീ, ഇതി, നാമ്നാ, ശാസ്ത്രാ എന്നീവിധത്തിൽ യോജിപ്പിച്ചാൽ നന്നെന്നുകൂടി പറയാമായിരുന്നു.

ഞാൻ ഇത്രത്തോളം പറഞ്ഞതുതന്നെ, ഇതുകൊണ്ടു വിദ്യാർത്ഥികൾക്കു വല്ല ഉപകാരവും ഉണ്ടായേക്കാമെന്നുള്ള വിശ്വാസംകൊണ്ടു മാത്രമല്ലാതെ പി. എസ്സ്. ഏ അവർകളുടെ അഭിപ്രായത്തെ പാടെ നിരസിക്കണമെന്നുള്ള ദുരാഗ്രഹംകൊണ്ടല്ലെന്നുള്ള യഥാർത്ഥം സജ്ജനങ്ങളോടു സവിനയം ബോധിപ്പിച്ചു കൊള്ളുന്നതിനു പുറമെ, ചെറുപ്പംകൊണ്ടോ, ആശയപ്രകടനസംരംഭംകൊണ്ടോ, ആലോചിക്കാതെ അവിവേകമായി വല്ല വാക്കും പറഞ്ഞുപോയിട്ടുണ്ടെങ്കിൽ വിശേഷിച്ചു ശ്രീമാൻ പി. എസ്സ്. ഏ അവർകളും താദൃശപണ്ഡിതശ്രേഷ്ഠന്മാരും—സദയം ക്ഷമിച്ച് ഈയുള്ളവനെ അനുഗ്രഹിക്കുമാറാകണമെന്നു വീണ്ടും വീണ്ടും അപേക്ഷിച്ചുകൊണ്ടു പ്രകൃതകൃത്യം അവസാനിപ്പിച്ചുകൊള്ളുന്നു.

# അഖിലഭാരത അദ്ധ്യാപക മഹായോഗം.

ഈയിടെ മദ്രാസിലെ ഹിന്ദു ഹൈസ്കൂളിൽവച്ച് ശ്രീമാൻ പി. എസ്സ്. ശിവസ്വാമി അയ്യരുടെ അദ്ധ്യക്ഷതയിൽ കൂടിയ അഖിലഭാരത അദ്ധ്യാപകയോഗത്തിൽ പല വിഷയങ്ങളെപ്പററിയും പ്രബന്ധങ്ങൾ വായിക്കുകയുണ്ടായി. അവയിൽ ചിലതിലെ ചില ഭാഗങ്ങൾ വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്.

## കായികവിദ്യാഭ്യാസം.

പള്ളിക്കൂടത്തിലെ കായികവിദ്യാഭ്യാസത്തെ ആസ്പദമാക്കി ഡാക്ടർ ജെ. എച്ച്. ഗ്രെ "ഭാരതത്തിൻെറ കായിക വിദ്യാഭ്യാസം, അതു എങ്ങിനെ വേണം?" എന്ന വിഷയത്തെപ്പററി വായിച്ച ഉപന്യാസത്തിൽ ഇങ്ങനെ കാണുന്നു. "ഈ രാജ്യത്തിൽ പല തരത്തിലുള്ള പദ്ധതികൾ കാണുന്നുണ്ട്. യൂറോപ്പിൽ പല രാജ്യങ്ങളിലും വിവിധതരത്തിലുള്ള പദ്ധതികൾ ഉണ്ട്. എന്നാൽ ഒരു രാജ്യത്തിലെ ഒരു പദ്ധതി, അതിലെ തത്വങ്ങൾ എത്ര നല്ലതായിരുന്നാലും, അതേരീതിയിൽതന്നെ വേറൊരു രാജ്യത്തിൽ ഏൎപ്പെടുത്തുന്നതു് ബുദ്ധിപൂൎവ്വകമല്ല. ഇൻഡ്യയുടെ ആവശ്യത്തെ വേണ്ടവിധത്തിലോ തൃപ്തികരമായിട്ടോ നിറവേററത്തക്കവണ്ണമുള്ള ഒരു കായികപരിശീലനപദ്ധതി ഇന്നു് ഇവിടെ ഇല്ല. ഈ രാജ്യം സ്വന്തമായ ചില തത്വങ്ങളെ അടിസ്ഥാനമാക്കിവേണം കാൎയ്യപരിപാടി നിൎമ്മിക്കുവാൻ. കുട്ടികളെ പള്ളിക്കൂടത്തിൽ നിർബന്ധിച്ചു അയക്കുകയും, ഡെസ്കുകളുടെ അടുത്തു കൃത്രിമ സ്ഥാനങ്ങളിൽ ഇരുത്തുകയും, ജീവശക്തിയുടെ വളൎച്ചയെ കുറയ്ക്കുകയും ചെയ്യുന്നതിൻെറ ദൂഷ്യഫലങ്ങളെ നിവാരണം ചെയ്യത്തക്കവണ്ണമുള്ള ഒരു കാൎയ്യപരിപാടിയാണു നമുക്കാവശ്യം. രണ്ടാമതായി അതിൻെറ ഉദ്ദേശങ്ങൾ സൃഷ്ടിപരമായിരിക്കണം, ജീവശക്തിയും ആരോഗ്യവും സമ്പാദിക്കുന്നതിനു വേണ്ട അടിസ്ഥാനം ഉറപ്പിക്കുന്നതു കൂടാതെ, ശരീരത്തിൻെറ എല്ലാ ഭാഗങ്ങളും ദൃഢമാക്കി ഉറച്ച ഒരു ശരീരം ഉണ്ടാകണം. എന്നാൽ മാത്രമെ ജീവിതകാലം മുഴുവനും ഒരു കുട്ടിയുടെ കായികസ്ഥിതി ഒരുപോലെ ആരോഗ്യകരമായും ഭംഗിയുള്ളതായും ഉപയോഗമുള്ളതായും നിലനില്ക്കു. മൂന്നാമതായി കായികവിദ്യാഭ്യാസം ഉൽക്കൎഷം നൽകുന്നതായിരിക്കണം. അതായതു് കുട്ടിയുടെ മനസ്സിൽ അയാളുടെ ശരീരത്തിൻെറ പാവനതയെപ്പററിയുള്ള ഒരു ബോധമുണ്ടാക്കണം. സുബോധം എല്ലാപ്പോഴും ശരീരത്തെ സൂക്ഷിച്ചു വളൎത്തുന്നതിനും യാതൊരവയവത്തിനും കേടു വരാതെ നോക്കുന്നതിനും കുട്ടിയെ പ്രേരിപ്പിക്കുന്നതാണു്. അവസാനമായി കായികാഭ്യാസം പൌരത്വത്തിനുള്ള പരിശീലനത്തെ ലക്ഷീകരിക്കുന്നതുമായിരിക്കണം.

## അദ്ധ്യാപകന്മാരും ഒഴിവുദിവസങ്ങളും.

ഇതിനെക്കുറിച്ചു മി. കേദാരിറാവു വായിച്ച ഉപന്യാസത്തിൽ ഇങ്ങനെ പറയുന്നു:— "സാധാരണയായി നഗരങ്ങളിൽ ജീവിക്കുന്ന അദ്ധ്യാപകന്മാർ കൊല്ലത്തിൽ ഒരുമാസം ഗ്രാമത്തിൽ താമസിച്ചു് ഗ്രാമീണജീവി

ത്തിലെ ശാന്തതയും സമാധാനവും ആസ്വദിക്കുന്നത് നല്ലതാണ്. അവരുടെ ജ്ഞാനം ഗ്രാമീണൎക്കു നല്കി അവർ അതിനെ എങ്ങനെ ആസ്വദിക്കുന്നു എന്നറിയണം. ഇതു ശരിയായിട്ടു ചെയ്താൽ തക്ക ഫലം ഉണ്ടാകുന്നതാണ്. ഒന്നാമതായി അത് അദ്ധ്യാപകന്മാരെ ഗ്രാമീണരുടെ ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനും, ഭാരതീയ ജീവിതത്തിന്റെ യാഥാർത്ഥ്യത്തെ അറിയുന്നതിനും സഹായിക്കുന്നു. രണ്ടാമതായി നഗരങ്ങളിലുള്ള ശാസ്ത്രീയജ്ഞാനം സമ്പാദിക്കുന്നതിനു ഗ്രാമീണൎക്കു സാധിക്കുന്നു.

തന്റെ അനുഭവംകൊണ്ട് ഓരോ അദ്ധ്യാപകനും അയാൾ പഠിപ്പിക്കുന്ന വിഷയത്തെപ്പററിയുള്ള ഏററവും വിലയേറിയ പുസ്തകങ്ങൾ ഏതാണെന്നു കണ്ടുപിടിക്കുന്നു. അതിന് വളരെ സമയവും വേലയും ആവശ്യമാണ്. സമയം അധികം നഷ്ടപ്പെടുത്താതിരിക്കുന്നതിനും വേല ചുരുക്കുന്നതിനുംവേണ്ടി പരിചയം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകന്മാർ അവരുടെ താഴെയുള്ളവരുടെ ആവശ്യത്തിനുവേണ്ടി ഓരോ പ്രത്യേകവിഷയത്തെ സംബന്ധിച്ചുള്ള നല്ല പുസ്തകങ്ങളുടെ ഒരു പട്ടിക തയ്യാറാക്കണം. പുസ്തകങ്ങളിൽ വിവരിക്കുന്ന സംഖ്യകളെപ്പററിയുള്ള ലഘുനിരൂപണങ്ങളും അതിൽ ചേൎക്കാം.

ഒഴിവുദിവസങ്ങളിൽ ചെയ്യേണ്ട വേറൊരു ജോലി വിദേശഭാഷകളിലുള്ള ചില നല്ല പുസ്തകങ്ങളെ മാതൃഭാഷയിലേക്കു തർജ്ജമചെയ്യുകയാകുന്നു. ആദ്യം അതു വളരെ പ്രയാസമേറിയ ഒരു ജോലിയായി തോന്നിയേക്കാം. എന്നാൽ നല്ലതോ മഹത്തോ ആയ യാതൊരു കാൎയ്യവും വിഷമം കൂടാതെ സാധിച്ചിട്ടില്ലെന്നു നാം മനസ്സിലാക്കണം. വളരെ അഭിവൃദ്ധി സിദ്ധിച്ചിട്ടുള്ള ഇംഗ്ലീഷു ഭാഷപോലും അതിന്റെ സാഹിത്യത്തിലേക്ക് അന്യഭാഷകളിൽനിന്നും ഇന്നും ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുന്നുണ്ട്. ഈ വിഷയത്തിൽ ശരിയായി സുഘടിതമായ വേലചെയ്യുന്നതു ഹൈദരബാദിലെ ഓസ്മാനിയ സർവ്വകലാശാലക്കാരാണ്. ഇതിനായി ആ സർവ്വകലാശാല ഒരു കൊല്ലത്തിൽ രണ്ടുലക്ഷംരൂപ ചിലവാക്കുന്നുണ്ട്. അതുകൊണ്ടുള്ള ഫലം ബി. ഏ. ക്ലാസ്സുവരെ വേണ്ട എല്ലാവിഷയങ്ങളിലുമുള്ള പാഠപുസ്തകങ്ങൾ ഉർദ്ദു ഭാഷയിൽ തയാറാക്കിയിട്ടുണ്ടെന്നുള്ളതാണ്.

ഒഴിവുദിവസങ്ങൾ ഉപയോഗകരമാക്കിത്തീൎക്കേണ്ട വേറൊരു മാൎഗ്ഗം ഇൻഡ്യയിലെ ചരിത്രപ്രസിദ്ധങ്ങളായ സ്ഥലങ്ങൾ സന്ദൎശിക്കുകയാകുന്നു. ഇംഗ്ലണ്ടിൽ ഒരു വിദ്യാൎത്ഥി യൂറോപ്പുസഞ്ചാരം നടത്താത്തപക്ഷം അയാളുടെ വിദ്യാഭ്യാസം പൂൎത്തിയാകയില്ലെന്നാണ് വിചാരിക്കുന്നത്. ഇൻഡ്യയിൽ ഇതിനു ധാരാളം സൌകൎയ്യമുണ്ട്. വാസ്തവത്തിൽ ഇൻഡ്യ ഒരു ഭൂഖണ്ഡംതന്നെയാണ്. അതുകൊണ്ട് കുറെ അദ്ധ്യാപകന്മാർ ഇൻഡ്യ മുഴുവനും ഒരു സഞ്ചാരത്തിനായി പുറപ്പെടുകയാണെങ്കിൽ അവൎക്കു വി

ലയേറിയ ഗുണമുണ്ടാകുന്നതാണ്. അങ്ങനെയുള്ള ഒരു സഞ്ചാരം ശ്രീരാമൻെറ യാത്ര പരിശോധിക്കുന്നതിനാകാം. വാത്മീകിയുടെ രാമായണത്തിൽ പറയുന്നപോലെ ശ്രീരാമൻ അയോധ്യയിൽനിന്നും ദണ്ഡകാരണ്യത്തിലേക്കും അവിടെനിന്നും രാവണൻെറ ലങ്കയിലേക്കും, അവിടെനിന്നും തിരിച്ചു തലസ്ഥാനത്തേക്കും ഉപയോഗിച്ച മാർഗ്ഗം മനസ്സിലാക്കാം. ഇൻഡ്യയുടെ ചരിത്രത്തിൽ മഹത്തരമായ പരിവർത്തനങ്ങൾ ഉണ്ടാക്കിയിട്ടുള്ള യുദ്ധഭാഗങ്ങൾ കാണുന്നതിനായിട്ട് വെറൊരു സഞ്ചാരം ഉപയോഗിക്കാം. മൂന്നാമതായി പണ്ടത്തേയും ഇന്നത്തേയും പ്രസിദ്ധസർവ്വകലാശാലാകേന്ദ്രങ്ങൾ സന്ദർശിക്കാം. നാലാമതായി വ്യവസായങ്ങൾ ഉള്ള സ്ഥലങ്ങൾ സന്ദർശിക്കാം. അഞ്ചാമതായി തത്വശാസ്ത്രസംബന്ധമായൊ കലാസംബന്ധമായൊ പ്രസിദ്ധങ്ങളായ സ്ഥലങ്ങളും അധ്യാപകന്മാർ സന്ദർശിക്കാവുന്നതാണ്.

അധ്യാപകന്മാരും ഗ്രാമീണോദ്ധാരണവും.

ഡാക്ടർ മേസൺഓൾകോട്ട് ഈ വിഷയത്തെപ്പററി ഒരു ഉപന്യാസം വായിക്കയുണ്ടായി.

"ചില അധ്യാപകന്മാർ, ഞങ്ങൾക്കു ഗ്രാമങ്ങളിൽപോയി ജനങ്ങളെ സഹായിക്കുവാൻ ആഗ്രഹമുണ്ട്. പക്ഷെ എപ്പോഴാണ് ഞങ്ങൾ പോകുന്നത്? എന്നു ചോദിക്കുന്നുണ്ട്. അധ്യയനദിവസങ്ങൾ ൨൦൦-ൽ കൂടുകയില്ല. ബാക്കിയുള്ള ൧൬൫ ദിവസങ്ങൾ എന്തുചെയ്യുന്നു? അധ്യാപകന്മാർ ചില ഒഴിവുദിവസങ്ങൾ ആത്മീകമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടായിരിക്കാം. എന്നാൽ മനുഷ്യസേവനവും ദൈവം ഇഷ്ടപ്പെട്ടുന്ന ഒന്നല്ലെ?

"വേണമെങ്കിൽ ചക്ക വേരിലും കായ്ക്കു"മെന്നുണ്ടല്ലൊ. എൻെറ അഭിപ്രായം അവർക്ക് അതിനുള്ള മനസ്സ് ഇല്ലെന്നാണ്.

ചിലപ്പോഴെല്ലാം സായാഹ്നവേളകളിൽ അടുത്തുള്ള ഗ്രാമങ്ങളിൽ പോയി പ്രവൃത്തിചെയ്യാം. ഓരോ ആഴ്ചയുടേയും അവസാനത്തിലുള്ള ഒഴിവുദിവസങ്ങളും മററു പ്രത്യേകഒഴിവുദിവസങ്ങളും ഈ ജോലിക്കായി വിനിയോഗിക്കാവുന്നതാണ്. മദ്ധ്യവേനൽ ഒഴിവുകാലവും ഗ്രാമങ്ങൾ സന്ദർശിക്കുന്നതിന് അധ്യാപകന്മാർക്ക് സന്ദർഭം നൾകുന്നുണ്ട്. ഈ സമയങ്ങളിൽ എന്താണ് ചെയ്യാവുന്നത്?

ആദ്യത്തെ ജോലി അനുഭാവത്തോടും ശ്രദ്ധയോടുംകൂടി ഗ്രാമീണജീവിതത്തിൻെറ എല്ലാ ഭാഗങ്ങളേയും പററി പഠിക്കുകയാകുന്നു. അവിടത്തെ കാര്യങ്ങൾ ഗ്രഹിക്കാതെ ഗ്രാമങ്ങളെ ഉദ്ധരിക്കാവുന്നതല്ല. ഓരോ ഗ്രാമവും വ്യത്യസ്ഥമാണ്. നഗരങ്ങളിൽനിന്നും പുറപ്പെടുമ്പോൾ തന്നെ

ഗ്രാമകാര്യങ്ങൾ നമുക്കു മനസ്സിലാക്കാം. എന്നാൽ അവയെപ്പററിയുള്ള അന്വേഷണം അവയുടെ യാഥാത്ഥ്യം മനസ്സിലാക്കുന്നതിനു സഹായിക്കുന്നതാണ്. പഠനം ഒരു സേവനമാണെന്നു മാത്രമല്ല, അനന്തരജോലിക്കുള്ള അടിസ്ഥാനവുമാണ്.

ഗ്രാമങ്ങളിൽ വിനോദങ്ങൾ ഏപ്പെടുത്തുകയും നാടകങ്ങൾ അഭിനയിപ്പിക്കുകയും ചെയ്യാം. മിക്ക ഗ്രാമീണക്കും കളിക്കുന്നതിനുംമററും അറിഞ്ഞുകൂടാ. ഗ്രാമവിനോദങ്ങൾമൂലം ജനങ്ങളുടെ ഇടയിൽ സ്നേഹവുംസഹകരണവും ഉണ്ടാക്കാം. ഇതു മററു പ്രകാരത്തിൽ സാധിക്കുന്നതുമല്ല. ജനങ്ങൾ നാടകങ്ങൾ അഭിനയിക്കുന്നതിനും അവ കാണുന്നതിനും ആഗ്രഹിക്കുന്നു. ഇവ നല്ല ആദശ്ശങ്ങൾ പ്രചരിപ്പിക്കുവാനുള്ള വാഹനങ്ങളായി ഉപയോഗിക്കാവുന്നതാണ്. നമുക്കു ഗ്രാമീണരോടു ആരോഗ്യശാസ്ത്രത്തേയും ശുചീകരണപദ്ധതിയേയും പററി സംസാരിക്കാം. ആധുനികരീതിയിലുള്ള രോഗചികിത്സയെപ്പററി പറയുകയും രോഗാരംഭത്തിൽ തന്നെ രോഗികളെ ആശുപത്രികളിൽ കൊണ്ടുപോകുന്നതിന് ഗുണദോഷിക്കുകയും ചെയ്യാം. സാംക്രമിക രോഗം ഉണ്ടാകുമ്പോൾ ഗ്രാമീണർ വിവരം ഗ്രാമാധ്യക്ഷനെ അറിയിച്ചാൽ അതു തടയുന്നതിനു വേണ്ട വ്യവസ്ഥചെയ്യാം അധികൃതന്മാരോടുള്ള ഒരു വാക്കുകൊണ്ട് അസംഖ്യം ജീവനെ രക്ഷിക്കുവാൻ കഴിയുന്നതാണ്.

മാതാപിതാക്കന്മാരെ വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത മനസ്സിലാക്കി കുട്ടികളെ ക്രമമായി വിദ്യാലയങ്ങളിൽ അയക്കുവാൻ ഉപദേശിക്കാം. നമുക്കു അവരെ സന്ദശിച്ച് വിദ്യാലയം പരിഷ്കരിക്കുവാൻ കഴിയും. അദ്ധ്യാപകന്മാക്കു വേണ്ട ഉപദേശം നല്കുകയും കൈത്തൊഴിൽ ഏപ്പെടുത്തുവാൻ സഹായിക്കുകയും ചെയ്യാം. ഒഴിവുകാലത്തു നിശാപാഠശാല തുടങ്ങി പ്രായപൂത്തി വന്നിട്ടുള്ളവരെ അക്ഷരാഭ്യാസവുമായി പരിചയപ്പെടുത്താം. അല്പം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ ജ്ഞാനം നശിച്ചുപോകാതിരിക്കുവാൻ ചെറിയ ലഘുലേഖനങ്ങൾ പ്രസിദ്ധീകരിച്ചു വിതരണം ചെയ്യാം. ഈ വിദ്യാഭ്യാസശ്രമങ്ങളിൽ രണ്ടോ മൂന്നോ അദ്ധ്യാപകന്മാക്കു ഒരു ഗ്രാമത്തിൽ ശ്രദ്ധിക്കാം. കേമന്മാരായ ആളുകളോടു ഗ്രാമങ്ങളിൽ വന്നു പ്രസംഗിക്കുവാൻ നമുക്കു ഏപ്പാടുചെയ്യാം. കൃഷിസംബന്ധമായ പ്രസംഗങ്ങൾ അത്യാവശ്യവുമാണ്.

ഗ്രാമീണരെ സ്വാശ്രയശക്തിയും സ്വയംപ്രവത്തനശീലവും ഉള്ളവരായിരിക്കുവാൻ നമുക്കു അവരെ മനസ്സിലാക്കാം. സ്വസഹായമാണ് ശ്രേഷ്ഠമായ സഹായം. പുറമെനിന്നു വരുന്ന ഒരു അദ്ധ്യാപകന് വളരെയൊന്നും പ്രവത്തിക്കുവാൻ കഴികയില്ല. എന്നാൽ ഗ്രാമീണരുടെ സ്ഥിതി

യെ പരിഷ്കരിക്കുവാൻ അവരെ ഉദ്യുക്തരാക്കാമെങ്കിൽ അതു വലിയ ഒരു സേവനം തന്നെയായിരിക്കും.

ഇത്തരം ജോലികൾ ചിലപ്പോഴൊക്കെ ചെയ്യാവുന്നതാണ്. നഗരത്തിലെ അധ്യാപകന്മാർ അവരുടെ ജോലി മുഖേനതന്നെ വേറൊരു മഹൽകൃത്യംകൂടി ചെയ്യാം. ഗ്രാമീണസംബന്ധമായ ഒരു പൊതുജനാഭിപ്രായത്തെ സൃഷ്ടിക്കുവാൻ അവർ കഴിയും. അങ്ങനെയുള്ള ഒരു അഭിപ്രായം ഇന്നു ഇൻഡ്യയിലില്ല. ഗ്രാമത്തിലെ തന്റെ സഹോദരന്മാരുടെ കാര്യങ്ങളെപ്പററി നഗരവാസികൾ അശ്രദ്ധയുള്ളവരാണ്. പൊതുജനാഭിപ്രായമുണ്ടെങ്കിൽ ഗ്രാമങ്ങളിൽ ഗവമ്മെൻറിൽനിന്നും കൂടുതൽ പണം ചിലവാക്കുകയും കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും ചെയ്യും. അധ്യാപകന്മാർ അഭിപ്രായസൃഷ്ടാക്കളാണ്. ഇക്കാര്യത്തിൽ ഇത്രയും ശക്തിയുള്ളവർ വേറെ അധികംപേരില്ല. യുവജനങ്ങളുടെ മനസ്സിൽ ആശയങ്ങൾ നിറക്കുവാൻ അധ്യാപകന്മാർ സഹായിക്കാവുന്നതാണ്. അവർ നട്ടു വളർത്തേണ്ട ഒരു ആദർശം ഗ്രാമീണരോടുള്ള അനുഭാവവും നീതിയുമാണ്. ഇപ്രകാരം ഗ്രാമീണാഭിവൃദ്ധിയെ ഉണ്ടാക്കാവുന്നതാണ്.

## ദേശീയവിദ്യാഭ്യാസം.

മിസ്സ് എ. എം. പറേറഴ്സൻ ദേശീയവിദ്യാഭ്യാസത്തെപ്പററി വായിച്ച ഉപന്യാസത്തിലെ ഒരുഭാഗം ഇങ്ങനെയാണ്. ദേശീയവിദ്യാഭ്യാസം എന്നു പറയുന്നതു ഭാരതീയബുദ്ധിക്കു ചേന്നതായ ഒരു വിദ്യാഭ്യാസമാണ്. മനസ്സിൻേറയും, ആത്മാവിൻേറയും, ശരീരത്തിൻേറയും എല്ലാ ശക്തികളേയും വളത്തുന്നതിനു അതു പര്യാപ്തമായിരിക്കണം. കലഹങ്ങൾകൊണ്ടു നിറഞ്ഞ ഇന്നത്തെ സ്ഥിതി പരിഹരിക്കുന്നതിനു പററിയതും മററു ദേശങ്ങളുടെഇടയിൽ ഇൻഡ്യയ്ക്കുള്ള ശരിയായ സ്ഥാനം ലഭിച്ചു ദൈവം നൾകിയിട്ടുള്ള പ്രവൃത്തിയെ നിറവേററുന്നതുമായിരിക്കണം ആ വിദ്യാഭ്യാസം. ആധുനികവിദ്യാഭ്യാസം ബുദ്ധിജന്യമായിട്ടുള്ളതു മാത്രമാണ്. അനേകകോടി ഭാരതീയർ കായികമായി അധഃപതിച്ചിട്ടുള്ളതുപോലെ വിദ്യാർത്ഥികളും അധഃപതിച്ചിരിക്കുന്നു. അവരുടെ ആത്മാവും അധഃപതിച്ചിരിക്കയാണ്.

വിദ്യാഭ്യാസം തലച്ചോറിനു മാത്രം പോര; കയ്യിനും, തലക്കും, ഹൃദയത്തിനും വേണം, എന്നാണ് മഹാത്മാഗാന്ധിയുടെ അഭിപ്രായം. കയ്യിനുള്ള വിദ്യാഭ്യാസം ഒരു കൈത്തൊഴിൽ പഠിപ്പിക്കുന്ന എന്നു മാത്രമല്ല, അതു് പ്രായോഗികവും ഉപയോഗപ്രദവുമായ ഒരു വിദ്യാഭ്യാസമാണ്. അതു നമ്മുടെ കൈകളെ മാത്രമല്ല, ശരീരത്തെ മുഴുവനും ഉപയോഗപ്രദവും യഥാർത്ഥവുമായ പ്രയത്നത്തിനുള്ള ഒരു ഉപകരണമാക്കിത്തീക്കുന്നു. തലപ്പാ

രാ നമ്മുടെ ജീവിതം കഴിച്ചുകൂട്ടുവാനും അന്യരെ സേവിക്കുവാനും കഴിയും-ദ രിദ്രയായ ഇൻഡ്യയെപ്പോലെയുള്ള ഒരു രാജ്യത്തിൽ പ്രാഥമികവിദ്യാഭ്യാസം സാമാന്യജനങ്ങൾക്ക് ഉപയോഗകരമായിത്തീരണമെങ്കിൽ ഇതാണ് ഏ റവും പ്രധാനമായി ചെയ്യേണ്ട സംഗതി.

നൂൽനൂൽപ് എല്ലാ പാഠശാലകളിലും ഏപ്പെടുത്താവുന്നതാണ്. ഗ്രാമീണവിദ്യാലയങ്ങളിൽ പ്രഥമവും പ്രധാനവുമായി വേണ്ടതും അതുത ന്നെയാണ്.

നൂൽനൂല്പു കൂടാതെ (ഇതില്ലാത്ത ഒരു വിദ്യാലയവും ദേശീയമല്ല എന്നാണ് മഹാത്മാഗാന്ധിയുടെ അഭിപ്രായം.) പെൺകുട്ടികളെ തയ്യൽ പഠിപ്പിച്ചാൽ അവരുടെ വസ്ത്രങ്ങൾ തയ്ക്കുവാൻ അവക്കു സാധിക്കുന്നതാ ണ്. (ഞങ്ങളുടെ പള്ളിക്കൂടത്തിൽ അതു നിർബ്ബന്ധവിഷയമാണ്.) ആ ൺകുട്ടികളെ ആശാരിപ്പണിയോ മററോ പഠിപ്പിക്കുന്നതായാൽ അവക്ക് അനന്തരകാലത്തു് അതു് ഗൃഹത്തിലെ ഒരു തൊഴിലായിത്തീരുന്നതാണ്. ഇ ന്ന് കരപരിശീലനം പാഠപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പല പാഠശാ ലകളുമുണ്ട്. എന്നാൽ നിർഭാഗ്യവശാൽ അവ തെററായ സ്ഥാനത്തു നി ന്നാണ് അതു ആരംഭിക്കുന്നതു്. നെയ്ത്തുതടിയും മററു വിലയേറിയ ഉ പകരണങ്ങളുമാണ് അവർ വാങ്ങുന്നതു്. അവ അപ്പോൾ ഉപയോഗി ക്കാറില്ല. നെയ്ത്തു വലിയ വ്യവസായവും മുഴുവൻ സമയവും വേല ചെ യ്യേണ്ട ഒരു തൊഴിലും ആകുന്നു. അതുകൊണ്ടു് അതു വ്യവസായപാഠശാ ലകളിൽ തുടങ്ങുന്നതാണ് ഉത്തമം.

മുൻപറഞ്ഞ ചില കൈത്തൊഴിലുകൾ പള്ളിക്കൂടങ്ങളിൽ ഏപ്പെ ടുത്തിയതു കൊണ്ടോ ഒന്നോ രണ്ടോ മണിക്കൂർ അവയ്ക്കായി ചിലവാക്കിയ തു കൊണ്ടോ തൃപ്തിപ്പെട്ടുകൂടാ. എല്ലാ പാഠങ്ങളും പ്രയോഗികവിലയുള്ള വയായിരിക്കണം. കണ്ണുകളും, ചെവികളും മററു ഇന്ദ്രിയങ്ങളും ഉപയോ ഗിക്കുവാൻ കുട്ടികളെ പഠിപ്പിക്കുക. അവരുടെ പരിസരങ്ങൾ വീക്ഷിക്കു ന്നതിനും, അവരുടെ ഗൃഹങ്ങളിലും ഗ്രാമങ്ങളിലും സംസ്കാരത്തിലും എന്താ ണ് സുന്ദരമായിട്ടുള്ളതു്, നല്ലതായിട്ടുള്ളതു്, ഉപയോഗകരമായിട്ടുള്ളതു് എ ന്നു അറിയുന്നതിനും, അവരുടെ സംസ്കാരത്തെ എങ്ങനെ സംരക്ഷിച്ചു പ രിഷ്കരിക്കണമെന്ന് മനസ്സിലാകുന്നതിനും, എന്താണ് ചീത്തയായിട്ടുള്ള തു്, വിരൂപമായിട്ടുള്ളതു്, അനാരോഗ്യമായിട്ടുള്ളതു് എന്നു കാണുന്നതിനും അതിനെ ഉപേക്ഷിക്കുന്നതിനും കുട്ടികളെ പഠിപ്പിക്കുക. വൃത്തിഹീനരാ യ കുട്ടികളെ ഒരിക്കലും പള്ളിക്കൂടത്തിൽ കയററരുതു്. വേണ്ടിവന്നാൽ അവരെ കുളിപ്പിക്കുകയും വേണം. ആദ്യമായി അവർ പള്ളിക്കൂടത്തിലെ നിലം തുടയ്ക്കാനെങ്കിലും ശീലിക്കട്ടെ.

ഇന്നു സംസ്കാരവും കലയും കാണുന്നുണ്ടെങ്കിൽ അതു ഇന്നു നൽകുന്ന വിദ്യാഭ്യാസം കൊണ്ടു ലഭിച്ചിട്ടുള്ളതാണോ? ഈ വിദ്യാഭ്യാസം ഇല്ലെങ്കിലും അവ ശേഷിക്കുകയില്ലെ? ഇന്ന് ഇൻഡ്യയെ അതിന്റെ ശോചനീയമായ ദയനീയാവസ്ഥയിലെത്തിച്ചതു് ഈ വിദേശവിദ്യാഭ്യാസമല്ലെ? ദേശീയമായ സാംസ്കാരികജീവിതത്തെ സൃഷ്ടിക്കുവാൻ ഇൻഡ്യയെ അഭിവൃദ്ധിപ്പെടുത്തി ഈ ദയനീയാവസ്ഥയിൽ നിന്നു മോചിപ്പിക്കുവാൻ ദേശീയവിദ്യാഭ്യാസം കൊണ്ടു മാത്രമെ സാധിക്കയുള്ളു. ഇൻഡ്യാചരിത്രം, സാഹിത്യം, കല, സംഗീതം, മതങ്ങൾ മുതലായവക്ക് പാഠപദ്ധതിയിൽ ഒരു പ്രധാനസ്ഥാനമുണ്ടായിരിക്കണം. ഇൻഡ്യയോടു സ്നേഹവും ബഹുമാനവും തോന്നത്തക്കവണ്ണം വേണം അവ പഠിപ്പിക്കുവാൻ. എന്നാൽ മാത്രമെ ഇൻഡ്യയുടെ ഉദ്ധാരണത്തിനു വേണ്ടി ശ്രമിക്കുവാൻ അവക്കു ആഗ്രഹം ഉണ്ടാകയുള്ളു. അതുകൊണ്ട് ദേശീയത്വം സ്വാർത്ഥപരവും സങ്കുചിതവും ആയിരിക്കണമെന്നല്ല അർത്ഥം. ഒരു യഥാർത്ഥ അധ്യാപകൻ വിദ്യാർത്ഥികളിൽ മററുള്ള ജനങ്ങളേയും അവരുടെ സംസ്കാരത്തേയും ബഹുമാനിക്കാനുള്ള വിശാലമനസ്ഥിതി ഉണ്ടാക്കുകയല്ലാതെ അസൂയാദിദുർഗ്ഗുണങ്ങളെ വളർത്തുകയില്ല. അങ്ങിനെയായാൽ അവക്ക് സത്യത്തെ തന്നത്താൻ അന്വേഷിച്ചറിയുന്നതിനും, സ്വന്തം ജനങ്ങളെ സഹായിക്കുവാനും കഴിയുന്നതല്ലല്ലൊ. എന്നാൽ നമുക്ക് ഹൃദയത്തെ ആകഷിക്കണമെങ്കിൽ ഈ വിദ്യാഭ്യാസം മാതൃഭാഷയിൽ വേണം. വിദേശഭാഷ മൂലം അതു സാധ്യമല്ല. അതുകൊണ്ട് ഒരു ദേശീയവിദ്യാഭ്യാസം, അഭ്യസനഭാഷയായി മാതൃഭാഷയെത്തന്നെ പ്രാഥമികവിദ്യാഭ്യാസത്തിനും ഉന്നതവിദ്യാഭ്യാസത്തിനും ഉപയോഗിക്കേണ്ടതാണ്. എന്നാൽ മാത്രമെ ദേശത്തിനു അതുകൊണ്ടു പ്രയോജനമുണ്ടാകയുള്ളു. മററു ഭാഷകളെ പ്രത്യേകവിഷയങ്ങളായിട്ടാണു പഠിപ്പിക്കേണ്ടതു്.

സ്ത്രീവിദ്യാഭ്യാസത്തെപ്പററിയും ഞാൻ രണ്ടു വാക്ക് പറഞ്ഞുകൊള്ളട്ടെ. അതു് ആൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ നിന്നും വ്യത്യസ്തമായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. ആകപ്പാടെ വിദ്യാഭ്യാസപദ്ധതി മുഴുവനും-ആദർശങ്ങളും കർന്നമായ നിയമന സമ്പ്രദായവും-പുരുഷപരമായിട്ടുള്ളതാകുന്നു. അതുകൊണ്ട് ഭാരതീയജനങ്ങൾ അവരുടെ ബാലികമാക്കും സ്ത്രീകൾക്കും അതു് അത്ര പ്രയോജനമുള്ളതായി വിചാരിക്കാത്തതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ. ഇൻഡ്യയിൽ മുമ്പെ എത്ര ഉൽകൃഷ്ട വനിതാരത്നമാണുണ്ടായിരുന്നതു്? ഭാരതമാതാവു് വീണ്ടും ഭാരതമാതാവാകണമെങ്കിൽ സ്ത്രീകൾ ആ ദേവിയുടെ പുരോഗതിയിൽ അത്യാന്തപരിശ്രമം ചെയ്യേണ്ടിയിരിക്കുന്നു. ഭാരതീയസ്ത്രീകളുടെ ബുദ്ധിക്കും ആവശ്യങ്ങൾക്കും യോജിച്ചതായ ഒരു വിദ്യാഭ്യാസസമ്പ്രദായം കണ്ടുപിടിക്കണം. പ്രായമാ

യവക്ക് മററുതരത്തിലുള്ള വിദ്യാഭ്യാസം രൂപീകരിക്കേണ്ടതാണ്. പരിമിതമായ പരിസരത്തിൽ നിന്നും രക്ഷപ്പെടുന്നതിനും, സ്വതന്ത്രവും സന്തോഷകരവുമായ ജീവിതം നയിക്കുന്നതിനും, ജീവിതത്തെപ്പററി വിശാലബോധമുണ്ടാകുന്നതിനും ആശ്രമങ്ങളോ ഗുരുകുലങ്ങളോ യുവജനങ്ങൾക്ക സ്ഥാപിക്കേണ്ടിയിരിക്കുന്നു. ദേശീയവിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ പല ശ്രമങ്ങൾ ചെയ്യുന്നു പലതും പരാജയത്തിൽ കലാശിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ നാം പരാജയങ്ങളിൽ നിന്നുമാണ് കാര്യങ്ങൾ പഠിക്കുന്നത്. വിദ്യാലയങ്ങൾ ജീവിതത്തിനു വേണ്ടി കഠിനമായ യുദ്ധം ചെയ്തുകൊണ്ടിരിക്കയാകുന്നു. നമുക്ക് നന്മ ലഭിച്ചിട്ടില്ല. നന്മയിലേക്ക് നാം പോകുകയാണ്. അവിടെ എത്താതെ നാം നമ്മുടെ ശ്രമത്തെ അവസാനിപ്പിക്കയില്ലല്ലൊ.

# "ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും."

## ഒരു വിമൎശനം

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ.)

ആഴമേറിയ ആഴിയിൽ മുങ്ങിത്തിരഞ്ഞു് എടുത്തുകൊണ്ടുവരുന്ന മുത്തുകളുടെ വില മതിക്കാനേറെ വിഷമമുണ്ട്. അതിലേറെ വിഷമമാണ് കണ്ടിട്ടും കേട്ടിട്ടുമില്ലാത്തുള്ളിടത്തുചെന്നു പണ്ടംനേടിവരാൻ. നല്ലൾക്കരുത്തും അഹിഭയനാശകമായ മന്ത്രതന്ത്രസിദ്ധിയുമുണ്ടെങ്കിലല്ലാതെ അതു സാദ്ധ്യമല്ല. കേരളമഹാക്ഷേത്രത്തിൽ പണ്ടേതന്നെ അനവധി പണ്ടങ്ങൾ പൊന്നും കല്ലറകളിൽ കുഴിച്ചിട്ടുണ്ട്. അന്ധതമസാവൃതങ്ങളും വിഷവായുപൂരിതങ്ങളുമായ ആ രസാതലനിവേശങ്ങളിൽകടന്നു വിലപിടിച്ച രത്നങ്ങളിൽ ചിലതെങ്കിലും പുറത്തെടുത്തു് കൊണ്ടുവരാൻ പുറപ്പെടുന്നതു സാഹസമാണെന്നു പലരും തടുക്കും; പാപമാണെന്നു ശപിക്കും; ദുൎമ്മോഹമാണെന്നു പുഛിക്കും. ആവക ഭീഷണികളെ ക്ഷത്രിയോചിതയായ ധീരതയോടെതൃണീകരിച്ച്, സൎവ്വകലാശാലാപ്രസംഗതരണിയിൽകയറി 'ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും' കണ്ടറിയാൻ മലയാളക്കര

യിലേക്കു പുറപ്പെട്ടിരിക്കുന്ന കൂട്ടത്തിൽ നമ്മേക്കൂടി തോണിയിൽ കയററി, തദ്രത്ന സഞ്ചയങ്ങളെ ശേഖരിക്കാൻ കൊണ്ടുപോകുന്ന അനുഗ്രഹത്തിന് അപ്പൻതമ്പുരാനോട് എത്രമാത്രം നന്ദിപറഞ്ഞാലും മതിയാകുന്നതല്ല. തോണിയേറെച്ചെറുതാണ്. കൂടിപ്പോകുന്നവർ സാവധാനം വാട്ടംപിടിച്ചിരുന്നില്ലെങ്കിൽ വഞ്ചി ഇരുളാഴിയിൽ മുങ്ങിപ്പോയേക്കും. ഇരുട്ടിൽ ചൂട്ടുമിന്നി വെളിച്ചം കാണിക്കുമ്പോൾ ചിലതെല്ലാം അങ്ങുമിങ്ങും തിളങ്ങുന്നതു കണ്ട് മനം മയങ്ങിയാൽ, അതു മിന്നാമ്മിനുങ്ങോ രത്നമോ എന്നു തിരിച്ചറിയാൻ മേലാതെ കുഴങ്ങും; മിന്നുന്നതെല്ലാം പൊന്നെന്നു കരുതി ചാടുന്ന സാഹസികക്കു മാററിത്തം പറവാനുണ്ടെളുപ്പം. അതുകൊണ്ട് എത്രയും കരുതലുള്ളവർമാത്രം 'തരണി'യിൽ കയറി പുറപ്പെട്ടാൽ മതി.

സാഹിത്യവും സംഗീതവും ഒരമ്മപെററ മക്കളാണ്. സരസ്വതീദേവിയുടെ സ്തനദ്വയമാണെന്നു ആര്യകവികൾ വർണ്ണിച്ചിരിക്കുന്നതിന്റെ താല്പര്യം മററൊന്നുമല്ല; ഒരമ്മയുടെ ഓരോമുലയും കുടിച്ചുവളൎന്ന ഇരുപെററമക്കളാണെന്നാകുന്നു. ഒരേതായ്മരത്തിൽനിന്നു പൊട്ടിക്കിളിച്ച ഇരുശാഖകളാകുന്നു അവ. ഉല്പത്തിസ്ഥാനത്തു രണ്ടുമൊന്നായി ചേരുന്നുണ്ടെങ്കിലും രണ്ടിനും പോകേ രണ്ടു വഴിക്കാണ്. ഇതിനെത്തന്നെയാണു തമ്പുരാൻ "എല്ലാ ഭാഷകളിലുമുള്ള സാഹിത്യസന്തതി ആദിയിൽ ഗാനരൂപത്തിലാണ് അവതരിച്ചിട്ടുള്ളതെന്നും," "നാദാത്മകമായ പ്രണവമാകുന്നു ശബ്ദപ്രപഞ്ചത്തിന്റെമൂലം" എന്നും "സാമമാണ് ആദിവേദമെന്നും" ഉപന്യസിച്ചിരിക്കുന്നത്. മലയാളി ആദ്യമെ അമ്മത്തായക്കാരായിരുന്നതുകൊണ്ടു ദ്രവിഡമാതാവിന്റെ ബന്ധം വിടാതെ തുടരുകയാൽ, സാഹിത്യസംഗീതസഹോദരന്മാർ കൂട്ടുകുടുംബക്കാരായിത്തന്നെ കാലക്ഷേപം ചെയ്തു. മക്കത്തായിയായ ഗൈർവ്വാണിയാകട്ടെ, സന്താനങ്ങൾക്കു സ്വാതന്ത്ര്യം നല്കാനായി തറവാട്ടുമുതലെല്ലാം ഭാഗംവച്ചുകൊടുത്തു. ഭാഗംപിരിഞ്ഞു യഥേഷ്ടം ചേഷ്ടിക്കാമെന്നു കരുതി പുറപ്പെട്ടപ്പോഴത്രേ, അനിയന്ത്രിതസ്വാതന്ത്ര്യം ലോകത്തിലുതകയില്ലെന്ന് അവക്കു ബോധപ്പെട്ടത്. സാഹിത്യത്തിനു ക്ലേശമധികമനുഭവിക്കേണ്ടിവന്നു. അതു കുറവുമല്ല. നാദാത്മകമായ സംഗീതത്തിന് അക്ഷരസംഖ്യ ഒഴിഞ്ഞിരിക്കാമായിരുന്നു; സ്വരാലാപംകൊണ്ടു നിർവൃതിനേടിയ പാട്ടിനോട്, 'യരതാഭജസാ' എന്ന "മാത്രക്കോലിന്റെ തുക്കംപിടിച്ച്" സാഹിത്യത്തിനു കിടപിടിക്കാൻ കഴിയുമൊ? അക്ഷരഗണനയിലുൾപ്പെടാത്ത മാത്രാവൃത്തങ്ങളെപ്പോലും അതിന് ഉപേക്ഷിക്കേണ്ടിവന്നു.

മരുമക്കത്തായമുറയനുസരിച്ചു തറവാട്ടുഗൃഹത്തിൽ സുഖമായി പാൎത്ത് ഏകയോഗക്ഷേമത്തോടുകൂടി കഴിഞ്ഞുവന്ന മലയാളി ഈവക ഭാരങ്ങളൊന്നുമില്ലാതെ ഉത്സാഹമായി വിളയാടിനടന്നുവന്നു. അമ്മയ്ക്കു പ്രായാധിക്യം വ

ന്നപ്പോൾ 'അലൈ'യെന്നും 'ചീർ' എന്നും മററുമുള്ള ചില മുടക്കുവാതഗോഷ്ഠികളും, 'പെണ്ണാ'യും 'കലിപ്പാ'യും മററുമായുള്ള രോഗബാധകളും പിടികൂടി എങ്കിലും, "മാത്രയുടെ ഉപാധിയും ഒരുത്ത ബന്ധുവുമായ സ്വരാക്ഷരങ്ങളെ"കൊണ്ടുള്ള ഔഷധം സേവിച്ച്, ഉപാധികളുടെ മാത്രയ്ക്കു ശാന്തി നേടി. അമ്മയ്ക്കു സുഖക്കേടുണ്ടെന്നുപോലും മലയാളികൾ ഗണിച്ചില്ല. അവർ പാട്ടുംപാടി പട്ടംപറത്തി രസിച്ചു. ഇതിനെ സരസനായ കവി വർണ്ണിച്ചിരിക്കുന്നതു നോക്കുക:—

"സംസ്കൃതക്കാർ പടം നൂലിൽതൂക്കി നൂലു പറപ്പിക്കുവാൻ നോക്കി; തമിഴർ നൂലും പടവുംകൂടി പറപ്പിക്കുവാൻ ശ്രമിച്ചു; മലയാളികൾ പടത്തിന്മേൽ സൂത്രം കെട്ടി അതു വിടാതെ പടം പറപ്പിച്ചു."

ഇങ്ങനെ സുഖമായി സ്വാതന്ത്ര്യത്തോടെ പാടിക്കളിച്ചു നടന്ന കൈരളിയാകട്ടെ, ഗൈർവ്വാണിയുടെ വേഷാഡംബരങ്ങളും പ്രൌഢഭാവങ്ങളുംകണ്ടു പരിഭ്രമിച്ചു വശമായി. സ്ത്രീസഹജയായ ഈർഷ്യ അവൾക്കുണ്ടായതു നല്ല തക്കമെന്നോർത്ത്, സൂത്രശാലിനിയായ ഗൈർവ്വാണി പണ്ടങ്ങളെ രവൽകൊടുത്തു കൈരളിപ്പെൺകിടാവിനെ അണിയിച്ചു വശപ്പെടുത്തി. പൈങ്കിളിയേപ്പോലെ പാടിയാടിനടന്ന പാവത്തിനുണ്ടോ കാപട്യം? സാധുവായ കൈരളിവൃത്തംകൂടി തന്ത്രനിപുണയായ ഗൈർവ്വാണിക്കു കാഴ്ചവച്ചു ദാസീഭാവത്തെ സ്വീകരിച്ചു. ഇപ്രകാരം തേജോവധംചെയ്യുതിനെപ്പററി തമ്പുരാൻ, "ഇത്രയും ഗുണപുഷ്കലമായ ഭാഷാഗാനാരാമം നോട്ടക്കുറവുകൊണ്ടു കാടുകെട്ടി നാനാവിധമായിത്തീരുവാനൊ നശിക്കുവാനൊ അനുവദിക്കുന്നതു കഷ്ടമാണ്" എന്നു വിലപിക്കുന്നു. ഭാഗംവച്ചു മലയാളതറവാട്ടിലെ സ്വത്തുപോലെ ആക്മാക്മില്ലാതെ കണ്ടവൻ കാണിയായിപ്പോയ ദുരവസ്ഥയെപ്പററി സ്വദേശസ്നേഹികളാരും വിലപിക്കാതിരിക്കയില്ല. പണ്ടത്തെ ഉത്സാഹമെവിടെ? ഇപ്പോഴത്തെ തെണ്ടിത്തമെവിടെ? എവിടെ ച്ചെന്നാലും അന്നു മാന്യതയുണ്ടായിരുന്നു. പ്രയോജനപ്രാധാന്യത്തെ പുരസ്കരിച്ചു സാഹിത്യത്തെ പന്ത്രണ്ടു ഗണങ്ങളായിത്തിരിച്ച് ഓരോന്നിലും കൈരളി നേടിയിരുന്ന പൊലിപ്പത്തെ തമ്പുരാൻ പഴയ പാട്ടുകളെ ഉദ്ധരിച്ച് ഉദാഹരിച്ചിട്ടുള്ളതു നോക്കുമ്പോഴാണ് ഇന്നുണ്ടായിട്ടുള്ള അധഃപതത്തിന്റെ സങ്കടം ഇരട്ടിക്കുന്നത്. ഭക്തിരസപാരിജാതമായിരുന്ന തുഞ്ചന്റേയും, ഫലിതചാതുരീമകുടമായിരുന്ന കുഞ്ചന്റേയും, സരസരീതിരാഗതാളശയ്യാപാകഗുണാഢ്യനായിരുന്ന ഉണ്ണായിയുടേയും, അകൃത്രിമലാവണ്യസുധാസാരമായിരുന്ന തമ്പിയുടേയും, ഭക്തശിരോമണിയായിരുന്ന തമ്പുരാന്റേയുംമററും ആപാദമധുരങ്ങളായ ഗാനങ്ങൾ, "കവിലോകത്തിന്റെ രസനയ്ക്കു രുചികരമല്ലാതായിത്തീർന്നു, ചിലതു നാട്ടുപുറങ്ങളിൽ ഉപജീവനമാർഗ്ഗവും വിനോദവുംതേടി പാമരന്മാരെ ശരണംപ്രാപിച്ചു" എന്നു പറ

ഞ്ഞാലുള്ള കഥയെന്താണ്? ഇങ്ങനെ നാടകത്തിൽ കിടന്നു കഷ്ടപ്പെട്ട് ഏറക്കാലം കഴിച്ചുകൂട്ടിയ കൈരളി പൂർവ്വാവസ്ഥയെ അനുസ്മരിക്കാൻ തുടങ്ങി. സ്വബോധംവന്നു "തലപൊക്കി", "മുഖപരിചയം നല്ലവണ്ണമുണ്ടെന്നു കണ്ടവരെ" മാത്രം നോക്കിയൊന്നു ചിരിച്ചു. "എന്നാൽ അവരുടെ പൂർവ്വചരിത്രവും കുലമഹിമയും കുലമര്യാദയും കാലഗതിയിൽ മറഞ്ഞും മറന്നുംപോയതുകൊണ്ട് ആദരിക്കേണ്ടമട്ടിൽ ആദരിക്കാൻ സാദ്ധ്യമല്ലാതേയും തീർന്നു." അവൾ കുറഞ്ഞൊന്നു പിന്നേയും പാടാൻ തുടങ്ങി. പക്ഷേ ശാരീരം കനത്തുപോയി. കിളിമൊഴിപോയി ഘനമൊഴിയായി. പിന്നെ എന്തുള്ള ഗതി? ചില കൃത്രിമയന്ത്രങ്ങളെ ആശ്രയിക്കയല്ലാതെ നിർവ്വാഹമുണ്ടോ? പ്രകൃതിസിദ്ധമായ ശാരീരമാധുര്യ്യം പോയപ്പോൾ യാന്ത്രികമായ ഗാനത്തിന്റെ സഹായംകൂടാതെ കഴിയുകയില്ലെന്നായി. ഇതാണു കവി പറയുന്നത്:— "ഭാഷാഗാനങ്ങളുടെ പണ്ടത്തെ സ്വാതന്ത്ര്യം ഇടക്കാലങ്ങളിലുണ്ടായ ദുരവസ്ഥകൊണ്ട് ഇനി നിയന്ത്രിക്കാതെ തരമില്ലെന്ന ദിക്കായിത്തീർന്നു" എന്ന്. അല്ലെങ്കിലുണ്ടാകുന്ന നാശം ചില്ലറയല്ല. സാഹിത്യാരാമത്തിൽ ആർക്കും പ്രവേശിക്കാമെന്നു വരുമ്പോൾ അനർഹന്മാർ അധികം കയറി മുടിക്കും. അതുകൊണ്ട്, "അനർഹന്മാരെ യഥാന്യായം നിയന്ത്രിക്കയൊ നിരോധിക്കയൊ" ചെയ്യുന്നതിന്, "ആരാമത്തിന്റെ അകൃത്രിമമായ വളർച്ചയ്ക്കു ഹാനിവരാത്തവിധത്തിൽ ചില നിയമങ്ങളെ ഏർപ്പെടുത്തുന്നതു കാലത്തിന്റെ പോക്കിനും സാഹിതിയുടെ ശ്രേയസ്സിനും യോജിച്ചതായിരിക്കും. ഭാഷാഗാന സുമങ്ങളെ ഒരു ചരടിൽ കോർത്തിണക്കുവാൻ സാധിക്കുമെങ്കിൽ ആ പൂമാല കൈരളിക്കൊരു കണ്ഠാഭരണമായിത്തീരുന്നതുമാണ്." എന്നു തമ്പുരാൻ ഉപദേശിക്കുന്നു.

ഇതത്ര എളുപ്പമല്ല സാധിക്കാൻ. വൃത്തമഞ്ജരീകർത്താവ് ഇതിനു പുറപ്പെട്ട് അപകടത്തിൽ കുടുങ്ങി ഒരുവിധം ജീവനുംകൊണ്ടു നിവൃത്തനായ കഥ കവി നമ്മെ സവിശേഷം കാണിച്ചുതരുന്നു. സംസ്കൃതക്കാരുടെ വാലു പിടിച്ച് മാത്രയും ഗണങ്ങളുമെല്ലാം ഒരുക്കി ഭാഷാഗാനങ്ങളെ പിടിച്ചുകെട്ടാൻ പുറപ്പെട്ടപ്പോൾ, ഒന്നിനെ കെട്ടുമ്പോൾ മറ്റേതു കയറുപൊട്ടിക്കുന്ന കാലിപ്പററത്തോടൊപ്പം, അവ ചുററുംകൂടി കൂത്താടാൻ തുടങ്ങി. മഞ്ജരിയെ ബന്ധിച്ചപ്പോൾ കളകാഞ്ചിയും മണികാഞ്ചിയും, മിശ്രകാകളിയും ഊനകാകളിയുമെല്ലാം കൂടി വിരണ്ടെത്തി, അവയെപ്പിടിച്ചപ്പോൾ പാനയും, മിശ്രനടയും, ഖണ്ഡനടയും, ഓട്ടനുംമററും പുറപ്പെട്ടു. എത്തുംപിടിയുംകിട്ടാതെ മഞ്ജരിക്കാരൻ ഓട്ടംതുടങ്ങി. ഗുരുലഘുനിയമക്കോലുപോലും ഉതകാതെ വട്ടത്തിലായി. ഒടുവിൽ പല അപവാദങ്ങൾ പറഞ്ഞും യതിഭംഗം സഹിച്ചും "ഭാഷാഗാനങ്ങളുടെ അനിവാര്യ്യതയെ" സമ്മതിച്ചു രക്ഷപ്പെട്ടു.

മഞ്ജരിക്കാരനു ഇത്രമാത്രം അകപ്പാട് പററിയതു് താളം കൂടാതെ മേളം കൂട്ടിയതുകൊണ്ടാണെന്നു തമ്പുരാൻ അഭിപ്രായപ്പെടുന്നു. കാലിക്കൂട്ടങ്ങളെ ശ്രീകൃഷ്ണഭഗവാൻ എങ്ങനെയാണു നയിച്ചതു്? താളത്തിലൂതിയ വേണുഗാനം കൊണ്ടാണല്ലോ. അനവധി പുരുഷാരംചേർന്ന പട്ടാളത്തെ താളത്തിൽ ബാൻറുകൊട്ടിയല്ലേ കവാത്തു ചെയ്യിപ്പിക്കാറുള്ളതു്? അതുകൊണ്ട് വക തിരിവില്ലാതെ കുഴങ്ങിയ വർഗ്ഗങ്ങളെ രീതിപ്പെടുത്താൻ താളമാനം അത്യാവശ്യമാണ്. അതാണ് "ഭാഷാഗാനങ്ങളെ താളവട്ടത്തിൽ നയിച്ചിരുന്നുവെങ്കിൽ ഇത്രയും കഷ്ടപ്പെടാതെ കഴിക്കാമായിരുന്നു" എന്ന് കവി പറഞ്ഞിരിക്കുന്നതു്. ഈ സിദ്ധാന്തത്തെ, താളസ്വരൂപഭേദങ്ങളേയും ഭാഷാഗാനദശാപരിണാമങ്ങളിൽ അവയുടെ വ്യാപ്തിയേയും കാണിച്ച് ഉറപ്പിക്കുന്നു.

നാദബ്രഹ്മസ്വരൂപമായ പ്രണവത്തിൽനിന്ന് വ്യക്തിപരങ്ങളായ അക്ഷരങ്ങളുണ്ടായി, അവയെ ശ്രുതിക്കൊത്തു് സ്വരിക്കുന്നതിൽനിന്ന് ജനിക്കുന്ന ഗാനത്തിൻെറ ബാല്യാവസ്ഥയിലുള്ള "കന്നാലിപ്രണവ"ത്തെക്കടന്ന്, വിടാവേലിയും, ശത്രുവെട്ടക്കലും, തോററവും, ബലിയഴിച്ചിലും, കഴിച്ച് "കൌമാരവും പൌഗണ്ഡവും കൈശോരവും അരിഷ്ടങ്ങളൊന്നും കൂടാതെ കടന്ന് കിളിപ്പാട്ടും, തുള്ളപ്പാട്ടും, വഞ്ചിപ്പാട്ടും, പാടി പരിപുഷ്ടദശയിലെത്തി രാഗാലാപം തുടങ്ങിക്കഴിയുമ്പോൾ, "ഭാഷാഗാനങ്ങളുടെ വൃത്തപ്രസ്താരവും താളപ്രസ്താരവും ഒത്തുപോകുന്നതായി കാണാം." ഒരേ സാഹിത്യംതന്നെ പലേ താളവട്ടത്തിലാക്കിത്തീർക്കുന്നതു് കാണുമ്പോൾ സാഹിത്യത്തിനെ നയിക്കുന്നതു് താളമാണെന്ന് ബോധപ്പെടാതെ വരില്ല. അതുകൊണ്ട് താളങ്ങളുടെ രീതിയും ജാതിയും നിർണ്ണയിച്ചാൽ ഭാഷാവൃത്തങ്ങളെ പിടിച്ചുകെട്ടാമെന്നീ കവി സങ്കല്പിക്കുന്നു. താളജാതികൾ തിസ്രം, ചതുരശ്രം, ഖണ്ഡം, വിശ്രം, സങ്കീർണ്ണം എന്ന് അഞ്ചായി ഗണിച്ചു ഓരോ ജാതിയിലും മാത്രയെ കണക്കാക്കി ധ്രുവം, മഠ്യം, രൂപകം, ഝമ്പയുപട, അടതാളം, ഏകതാളം എന്ന് ഏഴു പിരിവുകളുള്ളവയെ ഗണിക്കുമ്പോൾ, ആകെ മുപ്പത്തഞ്ചു സമ്പൂർണ്ണ താളങ്ങളുണ്ടെന്ന് വരുത്തി, കേവലഭാഷാവൃത്തങ്ങൾ സമ്പൂർണ്ണ താളങ്ങളായിരിക്കയില്ലെന്നും, ഓരോരോ ജാതിയുടേയും മാത്രാഗതി അനുസരിച്ചു 'തിസ്രനടയും' ചതുരശ്രനടയും' മതിയാകുമെന്നും, "ഏതു ഈരടിയും ഏതെങ്കിലും ഒരു നടയിൽ പെടാതിരിക്കയില്ലെന്നും" കവി സിദ്ധാന്തിക്കുന്നു. താളം പിടിക്കുന്ന സമ്പ്രദായഭേദം (അതിനു 'ഗ്രഹം' എന്നു പേർ) അനുസരിച്ചു 'അതീതം,' 'അനാഗതം,' 'സമം' 'വിഷമം' 'സങ്കീർണ്ണം' എന്നിങ്ങനെ അഞ്ചു മാതിരി വരാമെന്നും, ഏതു നടയിലും മുറുകീട്ടും സാവധാനത്തിലും ആകാമെന്നല്ലാതെ അഞ്ചിലേതെങ്കിലും ഒരു നടയിൽ പെടാതെ ഒരു പ്രസ്താരവും സാധിക്കയില്ലെന്നും ശപഥം ചെയ്യുന്നു. "ആയതു

കൊണ്ടു ഭാഷാഗാനങ്ങൾ താളത്തെ അവലംബിച്ചു വകതിരിക്കുന്നതായാൽ എളുപ്പമുണ്ടെന്നു മാത്രമല്ല അങ്ങനെയുള്ള നിയമനംകൊണ്ട് ദുരുപയോഗവും ദുസ്സ്വാതന്ത്ര്യവും തടുക്കുവാനും ഒരു വഴിയായിത്തീരും" എന്ന് ഗുണദോഷിക്കയും ചെയ്യുന്നു.

"കുഞ്ചന്റെ കാലശേഷം സംസ്കൃതനാടകങ്ങളുടെ ആധിപത്യം ഭാഷാസാഹിത്യത്തിൽ തുടങ്ങുന്നതുവരെ" "കണ്ടമട്ട്" എന്ന അനുകരണദശയായിരുന്നു. അന്നുമുതല് ഗദ്യസാഹിത്യത്തിനു പ്രധാന്യമുണ്ടായി പാട്ടുകളുടെ പുതുമ നിശ്ശേഷം നശിച്ചു. ഈ ജീർണ്ണദശയിൽനിന്ന് അടുത്തകാലത്തു ഒരുദ്ധാരണമുണ്ടായിത്തുടങ്ങുന്നുണ്ടെന്നു കാണുന്നതു "പാഴാക്കിക്കളയാതെ നാടൻ പാട്ടുകളെ സന്മാർഗ്ഗങ്ങളില് കൂടി വേണ്ടപോലെ നയിച്ചു മധുരസനിഷ്യന്ദികളും അനാഘ്രാതങ്ങളുമായി നാനാവർണ്ണങ്ങളിലുള്ള സുരഭിലസുമനിരകളെക്കൊണ്ടു കൈരളിയെ ആരാധിക്കേണ്ടതു ഭാഷാഭക്തന്മാരുടെ കൃത്യങ്ങളിൽ പ്രഥമഗണനീയമായ ഒന്നാണ്" എന്നു തമ്പുരാൻ മംഗളം പാടി നിറുത്തുന്നു.

(തുടരും)

## * സ്വാഗതപ്രസംഗം

(കവിതിലകൻ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. എ. ബി. എൽ. എം. ആർ. എ. എസ്സ്.)

മഹതികളേ, മഹാന്മാരേ!

സമസ്തകേരളസാഹിത്യപരിഷത്തിന്റെ ചതുർത്ഥസമ്മേളനം സമാരംഭിക്കുന്ന ശുഭമുഹൂർത്തത്തിൽ നമ്മുടെ മാതൃഭൂമിയായ കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് ഈ തിരുവനന്തപുരം പട്ടണത്തിൽ വന്നുചേന്ന് പ്രസ്തുത മഹാമഹത്തിൽ ഭാഗഭാക്കുകളായി തങ്ങളുടെ ദേശഭക്തിയേയും, ഭാഷാഭിമാനത്തേയും പ്രകടീകരിക്കുന്ന നിങ്ങൾക്ക് ഈ ആഘോഷത്തിനായി ഇവിടെ രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള സൽക്കാരസംഘത്തിന്റെ പ്രതിനിധി എന്ന നിലയിൽ ഞാൻ വിനീതമൃദുലവും സൗഹാർദ്ദമസൃണവുമായ സ്വരത്തിൽ സ്വാഗതം പറഞ്ഞുകൊള്ളുന്നു. നിങ്ങളിൽ പലക്കും ഒരു കൊല്ലത്തെ നിരന്തരപരിശ്രമമാകുന്ന മരുഭൂമിയുടെ കോണിലെങ്ങാൻ കാണുന്ന ഒരു ചെറിയ ശാഡ്വലസ്ഥലമാകുന്നു ക്രിസ്തുമസ് കല്പന; ഈ കല്പന നിങ്ങൾ ആദ്യന്തം വിശ്രാന്തിക്കും വിനോദത്തിനുമായി വിനിയോഗിച്ചാൽപ്പോലും അതു് വിഹിതാചരണമല്ലെന്നു ശഠിക്കുവാൻ ആക്കും അവകാശമില്ല. അങ്ങിനെയിരിക്കെ, സഞ്ചാരക്ലേശം സഹിച്ചു, ശരീരസാ

* സാഹിത്യപരിഷത്തിലെ പ്രസംഗം

ദം വഹിച്ച്, ധനവ്യയം ഗണിക്കാതെ, സമയനാശം സാരമാക്കാതെ ഇത്രത്തോളം എത്തി ഈ സദസ്സിനെ ആത്മസാന്നിദ്ധ്യംകൊണ്ട് അലങ്കരിക്കുന്ന നിങ്ങളുടെ നേൎക്ക് സൽക്കാരസംഘത്തിനുള്ള കടപ്പാട് വാക്കുകളാൽ പരിച്ഛേദ്യമല്ലെന്ന് പറയാതിരിക്കുന്നതെങ്ങനെ? അസ്വാസ്ഥ്യത്താലൊ അന്യകാൎയ്യവ്യഗ്രതയാലൊ, മററു കാരണങ്ങളാലൊ ഇന്നിവിടെ ശരീരംകൊണ്ട് സന്നിഹിതരാകുവാൻ സാധിക്കാത്ത അനവധി കേരളീയർ മനസ്സുകൊണ്ട് നമ്മെ അനുഗ്രഹിക്കുന്നുണ്ടെന്നു ഞാൻ നല്ലപോലെ അറിയുന്നു; അവൎക്കും അകൈതവമായി സ്വാഗതോപചാരം ചെയ്യുന്നതിനു എന്റെ അന്തഃകരണം ത്വരിക്കുന്നു.

### ഗാർഹികമായ ഒരു യോഗക്ഷേമദീക്ഷ.

അഥവാ ഈ സാഹിത്യനഗരത്തിൽ ഇത്തരത്തിലുള്ള ഒരു യുഷ്മദസ്മദ്വിചാരം തന്നെ അസ്ഥാനത്തിലാണെന്നും വന്നുകൂടായ്കയില്ല; "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" എന്നുള്ള ആദൎശം പ്രവൃത്തിരൂപത്തിൽ പരിണമിപ്പിക്കുന്നതിന് സൗകൎയ്യമുണ്ടാകുന്ന പുണ്യസ്ഥലം ഈ സരസ്വതീക്ഷേത്രംപോലെ മറെറന്താണ്? വ്യക്തിമത്സരം, വൎഗ്ഗീയചിന്ത, ദേശീയബുദ്ധി, ഉദ്യോഗസ്ഥാനുദ്യോഗസ്ഥഭേദം ഇവയുടെ ബാധകൂടാതെ കേരളത്തിലെ സകല സ്ത്രീപുരുഷന്മാൎക്കും ഒരേ നിലയിൽ നിന്നുകൊണ്ട് തങ്ങളുടെ സമഗ്രസാഹോദൎയ്യസമ്പത്തിനെ അനുഭവിച്ചു ആനന്ദിക്കുന്നതിന് മറേറതൊരു സമ്മേളനമാണ് അവസരം നൽകുന്നത്? സ്വഭാവപോഷണത്തിൽ ഉദ്യുക്തരായിരിക്കുന്ന നാമെല്ലാവരും കേവലം ഗാർഹികമായ ഒരു യോഗക്ഷേമദീക്ഷയിലാകുന്നു ഏൎപ്പെട്ടിരിക്കുന്നത്. ഇവിടെ ആതിഥികൻ ആര്? ആതിഥേയന്മാരാര്? അമൃതമഥനാവസരത്തിൽ വിഷപാനംചെയ്ത ശ്രീപരമേശ്വരനെ ദേവന്മാർ സ്തുതിച്ചപ്പോൾ മഹാകവി നീലകണ്ഠദീക്ഷിതർ അവിടത്തെക്കൊണ്ട് അരുളിച്ചെയ്യിക്കുന്നതു,

"കസ്യാന്യസ്യ വ്യസനമഹരം കാളകൂടം നിഗൃഹ്ണൻ?
ലജ്ജേ ഭൂയഃ സ്തുതിഷു ഭവതാം വ്യാപൃതസ്സ്വ കുടുംബേ:"

അതായതു "കാളകൂടത്തെ നിഗ്രഹിച്ചു ഞാൻ മററാരുടെയെങ്കിലും വ്യസനത്തെ ഹരിച്ചുവോ? അവനവന്റെ കുടുംബസംരക്ഷണത്തിൽ വ്യാപൃതനായ ഒരുവനെ ആരെങ്കിലും പുകഴ്ത്താറുണ്ടോ? അതിനാൽ നിങ്ങളുടെ ഈ സ്തുതികൾ കേട്ടു ഞാൻ വീണ്ടും ലജ്ജിക്കുകയാകുന്നു ചെയ്യുന്നതു" എന്നത്രെ. ഇത്തരത്തിലുള്ള ഒരു മനോഭാവം എന്റെ സ്വാഗതവാക്യങ്ങൾ കേൾക്കുമ്പോൾ നിങ്ങൾക്കും ന്യായമായി ഉണ്ടാകാവുന്നതാണ്.

### കുലശേഖരപ്പെരുമാക്കളുടെ കുലപുരി

ഈ പരിഷത്ത് ഇപ്പോൾ സമ്മേളിക്കുന്നതു പണ്ടേയ്ക്കുപണ്ടേ

ദേവധാവിദപൽപ്രഭുക്കളായ കുലശേഖരപ്പെരുമാക്കന്മാരുടെ കുലപുരിയിലാണെന്നും അതിലെ സാഹിത്യസുരഭിയായ മന്ദമരുത്താണ് നിങ്ങൾക്കു വാസ്തവത്തിൽ കുശലാശംസ ചെയ്യുന്നതെന്നും നിങ്ങൾ മറക്കരുത്. ലക്ഷ്മീസരസ്വതിമാരുടെ ഏകീഭവിച്ചുള്ള പുരുഷാവതാരമാണെന്നു കേരളീയർ വിശ്വസിക്കുന്ന ഗർഭശ്രീമാൻ സ്വാതിതിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ട് ഈ നഗരത്തെ ഒരവസരത്തിൽ,

"ലക്ഷ്മീദിവ്യകടാക്ഷഭൃങ്ഗനികരോദ്യാനായിതംസന്തതം
വിശേഷാംവസതാമതീവവിമലാനന്ദൈഘസന്ദായകം
ദുഗ്ധാംബുധിമധ്യതോപി കമലാഭർത്തുഃപ്രിയം മുക്തിദം
സ്യാനന്തപുരാൽ പരം പദമഹോ ജാനാമി നൈവാപരം"

അതായത്, "എല്ലായ്പ്പോഴും മഹാലക്ഷ്മിയുടെ ദിവ്യകടാക്ഷങ്ങളാകുന്ന വണ്ടുകൾക്കു പൂങ്കാവായും, അവിടെ താമസിക്കുന്ന സകല ജനങ്ങൾക്കും ഏററവും വിമലമായ ആനന്ദപുഞ്ജത്തെ പ്രദാനം ചെയ്യുന്നതായും, പാലാഴിയുടെ മധ്യഭാഗത്തേക്കാൾ ശ്രീയഃപതിക്കു പ്രിയമായും, മുക്തിദമായും, ഈ തിരുവനന്തപുരത്തേക്കാൾ ശ്രേഷ്ഠമായ ഒരു പുരത്തെ ഞാൻ അറിയുന്നില്ലതന്നെ," എന്നു നിർവ്വചിച്ചിട്ടുണ്ട്. ഈ പട്ടണം കാരുണ്യകല്ലോലിനിയും, കല്യാണഗുണശാലിനിയുമായ മഹാറാണി സേതുലക്ഷ്മീഭായി റീജൻറു തിരുമനസ്സിലെ പരിപാവനമായ ഭരണത്തിന് അധീനമായി, ഇപ്പോൾ, രണ്ടു പ്രകാരത്തിൽ "ലക്ഷ്മീദിവ്യകടാക്ഷഭൃങ്ഗനികരോദ്യാനായിതം" ആയിരിക്കുന്നു എന്നു ഞാൻ പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഈ മഹാരാജകുടുംബത്തിൻെറ കൂടസ്ഥന്മാരായ ചേരരാജാക്കന്മാർ ഏതുതരത്തിലാണ് സാഹിത്യപോഷണം ചെയ്തുവന്നതു എന്നു എൻെറ സ്നേഹിതൻ ശ്രീമാൻ പഴയന്നൂർ രാമപ്പിഷാരോടി ഏതാനും നിമിഷങ്ങൾ കഴിഞ്ഞാൽ നിങ്ങളെ ഉൽബോധിപ്പിക്കുന്നതാണ്. ഈ വിഷയത്തിൽ തങ്ങൾ അംഗീകരിക്കേണ്ട ആദർശമെന്തെന്നു അവരിൽ അപശ്ചിമനായ കുലശേഖരവർമ്മാവു തൻെറ സുഭദ്രാധനഞ്ജയ നാടകത്തിൽ.

"ആസിക്തൗഗ്രാമരാഗൈർഗ്ഗുളദമൃതരസൈർഭാരതീഭാമയന്തൌ
കണ്ണൌനഃ കാളിദാസപ്രവിഹിതരചനാഃകർണ്ണപൂരീക്രിയാസ്സ്വാം"

എന്നു ശ്ലോകാർദ്ധത്തിൽ വിശദീകരിച്ചിട്ടുണ്ട്. "ഞങ്ങളുടെ കർണ്ണങ്ങൾ പരിഷ്കൃതങ്ങളായ ഗാനങ്ങളെക്കൊണ്ട് ആസേചനം ചെയ്യപ്പെടണമേ; അവ അമൃതരസം സ്രവിക്കുന്ന സൂക്തികളെ ഭാവനം ചെയ്യണമെ! അവയ്ക്കു കാളിദാസമഹാകവിയുടെ രചനങ്ങൾ ആഭരണങ്ങളാകണമെ" എന്നാണു ഇതിൻെറ താല്പര്യം. ആ ആശംസ അനന്തരഗാമികളുടെ വിഷയത്തിൽ എത്രമേൽ ഭൂതാർത്ഥമായിരുന്നു എന്നുള്ളതിന് യശശ്ശരീരനായ ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് ഒരവസരത്തിൽ തനിക്കു ര

ഢ്യവംശത്തോടും മേഘസന്ദേശത്തോടും അനന്യസാധാരണമായ പ്രതിപത്തിയുണ്ടായിരുന്നു എന്ന് അരുളിച്ചെയ്യതുതന്നെ പര്യാപ്തമായ ലക്ഷ്യമാണ്.

"ഭൂചരക്ഷിതീശകുലഭൂഷണമൌലിരത്നം
ശ്രീകേരളർക്ഷിതിഭൃദദ്ഭുതദിവ്യരത്നം
വിദ്വൽഗണന്യമുഖപങ്കജമിത്രരത്നം
ശ്രീബാലരാമകുലശേഖരമൌലിരത്നം."

എന്ന് ബാലരാമഭാരതത്തിൽ തന്നെപ്പററി വർണ്ണനം ചെയ്യിട്ടുള്ള മഹാനുഭാവനായ കാർത്തിക തിരുനാൾ മഹാരാജാവിൻെറ—മൈസൂർ വ്യാഘ്രത്തെ ജയിച്ച ആ സാക്ഷാൽ ധർമ്മസിംഹത്തിൻെറ—രാജ്യഭരണകാലത്ത് തിരുവനന്തപുരത്തിന് സാഹിത്യസംഗീതവിഷയങ്ങളിലുള്ള നിലയെന്തായിരുന്നു എന്ന് അവിടുന്നുതന്നെ ആ ഗ്രന്ഥത്തിൽ,

"ഗഹനപദപദാർത്ഥജ്ഞാനവിജ്ഞാനദക്ഷൈ-
രമരഗുരുസമാനൈരർത്ഥശാസ്ത്രപ്രവീണൈഃ
സാരസഗുണകവീന്ദ്രൈർവാക്പ്രസംഗേവിദഗ്ദ്ധൈഃ
പ്രതിദിനമതിരമ്യാ ശോഭതേരാജധാനീ.
ശ്രുതിസുഖരസഗീതൈർവേണുവാദ്യൈർമ്മനോജ്ഞൈഃ
ചിരപരിചയഹസ്തന്യസ്തവീണാനിനാദൈഃ
കളരവകളകണ്ഠശ്ലാഘ്യഗന്ധർവ്വഗീതൈഃ
പ്രതിദിനമതിരമ്യാ ശോഭതേ രാജധാനീ."

ഈ പദ്യങ്ങളിൽ സമഞ്ജസമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രശസ്തമായ ആ പാരമ്പര്യത്തെ സ്വാതിതിരുനാൾ, ഉത്രം തിരുനാൾ, ആയില്യം തിരുനാൾ, വിശാഖം തിരുനാൾ മുതലായ മഹാരാജാക്കന്മാർ എങ്ങനെ പരിപാലിച്ചു പോന്നിരുന്നു എന്ന് നിങ്ങളിൽ പലക്കും അറിവുള്ളതാണല്ലൊ. "രാജാവ് കവിയായാൽ ലോകം മുഴുവൻ കവനംചെയ്യും" എന്ന് രാജശേഖരൻ കാവ്യമീമാംസയിൽ പ്രസ്താവിക്കുന്നുണ്ട്. കൊല്ലം പതിനൊന്നാം ശതകത്തിൽതന്നെ ചെറുണ്ണികോയിത്തമ്പുരാൻ, ഇരയിമ്മൻതമ്പി, പാച്ചുമൂത്തത്, രാമസ്വാമിശാസ്ത്രികൾ, കേരളകാളിദാസൻ, കേരളപാണിനി, സരസഗായകകവി, (കെ. സി. കേശവപിള്ള) മലബാർ സ്കാട്ട്, (സി. വി.) മലബാർ ഷെല്ലി (ആശാൻ) മുതലായി കേരളസാഹിത്യത്തിൻെറ പേരിനും പെരുമയ്ക്കും നിദാനീഭൂതന്മാരായ പല കവിപുംഗവന്മാരും കുലശേഖരപ്പെരുമാക്കന്മാരുടെ പ്രീത്യാദരങ്ങൾക്കു പാത്രങ്ങളായി തിരുവനന്തപുരത്തെ അലങ്കരിച്ചിട്ടുണ്ട്. ഈ കോകിലചക്രവർത്തികളിൽ പലരുടേയും മധുരഗാനങ്ങളാൽ തിരുവനന്തപുരം ഇന്നും മാറൊലിക്കൊള്ളുന്നപോലെ തോന്നുന്നുണ്ട്. ഈ അന്തരീക്ഷത്തിൽ വർഷീയാനായ ഒരു ശുക്ഷരാജാവ് തിരുമധുരപ്പെട്ടയിൽ രാമനാമവും പാടി കൈരളീദേവിയെ ഇന്നും പുളകി

തഗാത്രിയാക്കുന്നതു കാരണമുണ്ടതായ ഒരു കാൎയ്യതന്നെയാണ്. മഹാറാണി റീജൻറു തിരുമനസ്സുകൊണ്ടു് ഈ പരിഷത്തിനു നൽകീട്ടുള്ള അമൂല്യങ്ങളായ അനുഗ്രഹങ്ങളെ കൃതജ്ഞതയോടുകൂടി സ്മരിക്കുന്നതിനും ഇതു സമുചിതമായ സന്ദൎഭമാകുന്നു.

ഉത്തമസാഹിത്യം

സകല ഹൃദ്യകലകൾക്കും ശിരോഭൂഷണമാകുന്നു കവിത അഥവാ ഉത്തമസാഹിത്യം. മനുഷ്യജീവിതത്തിന്റെ ക്ഷണഭംഗുരതയെ ഹലായുധൻ എന്ന ഒരു പ്രാചീനകവി മഹാഭാരതത്തിലെ കഥാപുരുഷന്മാരെ ലക്ഷീകരിച്ചു താൻ നിൎമ്മിച്ച അധോലിഖിതമായ ശ്ലോകത്തിൽ ഹൃദയംഗമമായി ലോകത്തിനു് ഉപദേശിക്കുന്നുണ്ടു്.

"ഭീമേനാത്ര വിജൃംഭിതം ധനുരിഹദ്രോണേന മുക്തം രുഷാ;
കൎണ്ണസ്യാത്രഹയാഹൃതാ;രഥപതിൎഭീഷ്മോത്രയോദ്ധുംസ്ഥിതഃ;
വിശ്വം രൂപമിഹാൎജ്ജുനസ്യ ഹരിണാസന്ദൎശിതം കൌതുകാ-
ദ്ദേശാസ്തഇമേ; നതേ സുകൃതിനഃ കാലോഹി സൎവ്വങ്കഷഃ"

"ഇതാണു് സുപ്രസിദ്ധമായ കുരുക്ഷേത്രം. ഇതിൽ ഈ സ്ഥലത്തു് ഭീമസേനൻ വിജൃംഭിച്ചു; ഈ സ്ഥലത്തു് ദ്രോണാചാൎയ്യർ വ്യസനത്തോടുകൂടി വില്ലു വലിച്ചെറിഞ്ഞു; ഈ സ്ഥലത്തു കൎണ്ണന്റെ കുതിരകൾ അപഹൃതങ്ങളായി; ഈ സ്ഥലത്തു് മഹാരഥനായ ഭീഷ്മാചാൎയ്യർ യുദ്ധം ചെയ്യാനായി നിന്നു; ഈ സ്ഥലത്താണു ഭഗവാൻ ശ്രീകൃഷ്ണൻ അൎജ്ജുനനു വിശ്വരൂപം പ്രദൎശിപ്പിച്ചതു്; ഈ സ്ഥലങ്ങളെല്ലാം ഇവിടെ ഇപ്പോഴുമുണ്ടു്; എന്നാൽ ആ സുകൃതികളോ? അവർ അപ്രത്യക്ഷീഭവിച്ചിരിക്കുന്നു. ഹാ! ഹാ കാലം എന്നതു എന്തെന്തിനെയാകുന്നു നശിപ്പിക്കാത്തതു്?" എന്നാണു് ഈ ശ്ലോകത്തിന്റെ അൎത്ഥം. വിഷാംശം അധികവും, അമൃതാംശം കുറച്ചുമാകയാൽ സംസാരത്തെ തത്വവേദികൾ ഒരു വിഷവൃക്ഷത്തോടു ഉപമിക്കാറുണ്ടു്. ഭോജരാജാവു്,

"സംസാരവിഷവൃക്ഷസ്യ ദ്വയമേവാമൃതംഫലം-
സുഭാഷിതരസാസ്വാദഃ സുജനൈസ്സഹസങ്ഗമഃ"

ആതായതു്, ഈ വിഷവൃക്ഷത്തിൽ രണ്ടു് അമൃതഫലങ്ങൾ കായ്ക്കാറുണ്ടെന്നും, അവയിൽ ഒന്നു് സുഭാഷിതങ്ങളിൽ നിന്നുവരുന്ന രസത്തിന്റെ ആസ്വാദനവും, മറ്റൊന്നു സത്തുക്കളോടുമായുള്ള സങ്ഗമവുമാകുന്നു എന്നുമുള്ള സാന്ത്വനത്താൽ നമ്മെ ആശ്വസിപ്പിക്കുന്നു. സുഭാഷിതങ്ങൾ, അഥവാ മഹാനുഭാവന്മാരായ ഗ്രന്ഥകാരന്മാരുടെ വാക്കുകൾ, സ്വാദുതയ്ക്കു മൂൎദ്ധാഭിഷിക്തോദാഹരണങ്ങളാകുന്നു.

"മധുസ്വാദു; ഭൃശംസ്വാദു മധുതോപി പ്രിയാമുഖം;
പ്രിയാമുഖാദപിസ്വാദു കാവ്യം; കാവ്യാന്തകിഞ്ചന"

എന്നു നിങ്ങളിൽ പലരും കേട്ടിരിക്കും. പൂന്തേൻ മധുരംതന്നെയാണ്, സംശയമില്ല; പൂന്തേനിനെക്കാൾ എത്രയൊ അധികം മധുരമാകുന്നു ഒരുവന്ന് തന്റെ പ്രേമഭാജനമാകുന്ന സ്ത്രീരത്നത്തിന്റെ മുഖം. അതെന്താണ്? പൂന്തേനിന്റെ മാധുര്യം നമുക്ക് അനുഭവഗോചരമാകുന്നതു രസനേന്ദ്രിയത്തെ സ്പർശിക്കുമ്പോൾ മാത്രമാകുന്നു. പ്രിയാമുഖമോ? അതിന്റെ മാധുര്യം ദൃഷ്ടമാത്രത്തിൽ ആസ്വാദ്യമാകുന്നു. "ലോചനാഭ്യാം പിബന്നിവ" എന്നല്ലയൊ വാല്മീകി മഹർഷിയുടെ വാക്യം? നേത്രങ്ങൾകൊണ്ടു് പാനം ചെയ്യുന്നപോലും! അത്തരത്തിലുള്ള പ്രിയാമുഖത്തേക്കാൾ മധുരമാകുന്നു സൂക്തി; അതെന്തെന്നൊ? അതു നാം കേൾക്കുമ്പോൾത്തന്നെ നമുക്കു നിർവൃതി നൽകുന്നു. അനുസ്മരിക്കുന്തോറും ആനന്ദത്തെ വർദ്ധിപ്പിക്കുന്നു. സൂക്തിയേക്കാൾ സ്വാദുവായി ലോകത്തിൽ ഒന്നുംതന്നെയില്ല ഈ തത്വത്തെത്തന്നെ നീലകണ്ഠദീക്ഷിതർ ശിവലീലാർണവത്തിൽ, തന്റെ ജന്മഭൂമിയായ ചോളദേശത്തെ വർണ്ണിക്കുമ്പോൾ,

"സ്വാദീയസീ യത്ര കവേരകന്യാ തതസ്തരാം കേരഫലദ്രുമാനി
തതസ്തമാം ചാഥഗിരാംവിലാസാഃ പ്രസന്നഗംഭീരപദാഃകവീനാം"

എന്നു പ്രപഞ്ചനം ചെയ്യുന്നു. "അവിടെ കാവേരിയാററിലെ വെള്ളം മധുരമാണ് അതിനേക്കാൾ മധുരമാണു നാളികേരവൃക്ഷങ്ങളിലെ ഇളനീര്; അതിനേയും കാൾമധുരങ്ങളാണ് കവികളുടെ പ്രസന്നഗംഭീരപദങ്ങളായ വാഗ്വിലാസങ്ങൾ." വെറുതെയല്ല, ഗിബ്ബൺ എന്ന മഹനീയനായ ആംഗലേയചരിത്രകാരൻ, ഒരവസരത്തിൽ, തനിക്കു ലോകത്തിലെ ഐശ്വര്യം മുഴുവൻ ലഭിക്കുക, ഗ്രന്ഥപാരായണത്തിനു സൗകര്യം സിദ്ധിക്കുക, ഇവയിൽ ഒരു വരമേ കാംക്ഷിക്കാവൂ എന്നു വരികിൽ താൻ കാംക്ഷിക്കുന്നതു നിശ്ചയമായി രണ്ടാമത്തേതായിരിക്കും എന്നു പറഞ്ഞതു്. കാവ്യകാരന്മാരും മററുള്ളവരെപ്പോലെ പരേതന്മാരാകുക തന്നെ ചെയ്യുമെങ്കിലും അവരുടെ കാന്തമായ കാവ്യശരീരം ലോകത്തിൽ അജരാമരമായി ആകല്പകാലം നിലനിൽക്കുന്നു എന്നുമാത്രമല്ല, അവർ ആരുടെ യശസ്സിനെ ആ വിധത്തിൽ നിലനിറുത്തണമെന്നു് ആഗ്രഹിക്കുന്നുവൊ അവരേയും ആ ശരീരത്തിൽ ആവാഹിച്ച് ചിരഞ്ജീവികളാക്കുന്നു. "ഭ്രാതസ്സൽക്കവികൃത്യ! കിം സ്തുതി ശതൈരന്ധം ജഗത്വാംവിനാ," "അല്ലയൊ ഭ്രാതാവേ! അങ്ങില്ലെങ്കിൽ ഈ ജഗത്തു് കേവലം അന്ധംതന്നെ," എന്നു് സൽക്കവികൾമത്തെ കൽഹണൻ പ്രശംസിക്കുന്നു. താൻ എലിസബത്തു് മഹാരാജ്ഞിയുടെ കാലത്തു ജീവിച്ചിരുന്നു എങ്കിൽ "I would rather write Hamlet than win the Armada," "ഷേക്സ്പീയരേപ്പോലെ ഹാംലെററു നാടകമെഴുതുവാനല്ലാതെ ഡ്രേക്കിനേപ്പോലെ ആർമേഡായുദ്ധം ജയിക്കുവാനാഗ്രഹിക്കുന്നതല്ലായിരുന്നു" എന്നു് ആംഗലേയസാഹിത്യനേതാക്കന്മാരിൽ അദ്വിതീയനാ

യിരുന്ന സർലെസ്ലി സ്റ്റീഫ്ൻ ഒരു സന്ദർഭത്തിൽ പ്രസ്താവിച്ചിട്ടുള്ളതി ൻെറ തത്വം ഇതിൽനിന്ന് അനുമാനിക്കാവുന്നതാണ്.

കേരളീയസംസ്കാരം

ഓരോ രാജ്യത്തിൽ ഓരോ തരത്തിലുള്ള സംസ്കാരം പ്രചരിക്കുന്നുണ്ട്; ആ സംസ്കാരത്തിൻെറ ഉച്ചനീചത്വങ്ങൾ പ്രായേണ ആ രാജ്യത്തിലെ സാഹിത്യത്തെ ആശ്രയിച്ചിരിക്കും; ആ സംസ്കാരം അഭിലഷണീയമായ രീതിയിൽ അഭിവൃദ്ധമായാൽ അതുതന്നെ അവർക്കു ചതുർവിധ പുരുഷാർത്ഥങ്ങളേയും അനായാസേന പ്രദാനം ചെയ്യുന്നതുമാണ്. നമ്മുടെ കേരളഭൂമിക്ക സ്ഥായിയും സമഞ്ജസവുമായ ഒരു സംസ്കാരമുണ്ട്. അത് അതതു പുരുഷാന്തരത്തിൽ ജീവിച്ചിരുന്ന സരസ്വതീദാസന്മാരുടെ നിരന്തരമായ വ്യവസായം നിമിത്തം നമുക്കു ലഭിച്ചിട്ടുള്ള മഹനീയമായ ഭാഷാസാഹിത്യത്തിൻെറ ഫലമാണെന്നുള്ളതിൽ പക്ഷാന്തരത്തിനു അവകാശം കാണുന്നില്ല. കൃഷ്ണഗാഥ, രാമായണചമ്പു, അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, നളചരിതം ആട്ടക്കഥ, കുചേലവൃത്തം വഞ്ചിപ്പാട്ട്, സന്താനഗോപാലം പാന തുടങ്ങിയ ഇരയിമ്മൻ തമ്പിയുടെ "ഓമനത്തിങ്കൾക്കിടാവോ" എന്നാരംഭിക്കുന്ന ആതാരാട്ടുവരെ ബൃഹത്തും ലഘുവുമായ അനേകമനേകം അനർഘരത്നങ്ങളാൽ ഗ്രഥിതമായ ഈ സാഹിത്യഹാരം ഏതൊരു സഹൃദയനാകുന്ന കണ്ഠാലങ്കാരമാക്കുവാൻ കാമിക്കാത്തത്? തൈപ്പള്ളിയില്ലത്തിലെ ഉണ്ണിനമ്പൂതിരി സർവ്വജ്ഞപീഠം കയറി; ആചാര്യദണ്ഡിയുമായുള്ള സൗഹാർദ്ദം ദൃഢീകരിക്കുവാൻ മാതൃദത്തൻ നമ്പൂതിരി മുതലായ കേരളീയബ്രാഹ്മണർ മഹാബലിപുരംവരെ പോയി; കേരളീയനായ വാസുഭട്ടതിരിയുടെ യുധിഷ്ഠിരവിജയം കാശ്മീരകനായ രാജാനകരത്നകണ്ഠനും, കാശ്മീരകനായ മംഖകൻെറ കാവ്യാലങ്കാരം കേരളീയനായ സമുദ്രബന്ധനും വ്യാഖ്യാനിച്ചു; വില്വമംഗലത്തു സ്വാമിയാരുടെ ജന്മഭൂമി ആന്ധ്രാദി നാനാദേശീയർ തങ്ങളുടേതാണെന്നും വാദിച്ചു; മേല്പത്തൂർ നാരായണഭട്ടതിരിയെ കാണുവാൻ കാശിവാസിയായ ഭട്ടോജിദീക്ഷിതർ ഉൽക്കണ്ഠിതനായി; എന്നുവേണ്ട, കേരളീയരുടെ പ്രതിഭയേയും പാണ്ഡിത്യത്തേയും ഭാരതവർഷം ഏതുകാലത്തും സശിരഃകമ്പം സമ്മതിക്കുകതന്നെ ചെയ്തു. കേരളീയസംസ്കാരം ക്രി. പി. പത്താംശതകത്തിൻെറ അവസാനത്തിൽ നമ്മുടെ പൂർവികന്മാരെ ഏതുനിലയിൽ എത്തിച്ചിരുന്നു എന്നുള്ളതിനു പ്രഥമരാജരാജനെന്ന ചോളചക്രവർത്തിയുടെ തിരുവാലങ്ങാട്ടുശാസനത്തിൽ കേരളത്തെപ്പററി "രാഷ്ട്രം ശിഷ്ടജനാഭിരാമമതുലം ദുർഗ്ഗം മഹീധ്രൈർദ്ധ്രാഘിഷ്ഠൈഃ" എന്നുകാണുന്ന വർണ്ണനം പ്രത്യക്ഷമായ നിദർശനമാകുന്നു. കേരളം ശിഷ്ടജനങ്ങളെക്കൊണ്ടു അഭിരാമമായ ഒരു രാജ്യമെന്നാകുന്നു അതിൻെറ ജേതാവായ രാജരാജചോളൻെറ മതം. വിഗതമത്സരന്മാരും, നിരഹങ്കാരന്മാരും, അലോലുപന്മാരും, ദംഭ

ദപ്പലോഭമോഹക്രോധവജ്ജിതന്മാരുമാകുന്ന ശിഷ്ടന്മാർ എന്നു ബോധായനനും, ഏതെങ്കിലുമൊരു വിദ്യയിൽ പാരംഗതനെന്നു പതഞ്ജലിയും പ്രസ്താവിക്കുന്നു. പാശ്ചാത്യവാത്യയാൽ ഭൗതികചിന്താതലമുകൾകൊണ്ടിട്ടുള്ള ഇക്കാലത്തുപോലും കേരളീയർ ഇതരദേശവാസികളെ അപേക്ഷിച്ച് താരതമ്യേന ബഹിരന്തശ്ശുചിക്കു കീത്തിപ്പെട്ടിരിക്കുന്നു എന്നുള്ള വസ്തുത ഈയവസരത്തിൽ നാം അഭിമാനപൂർവം അനുസ്മരിക്കേണ്ടതും, അതിനു നമ്മുടെ സാംസ്കാരത്തോടും, സാഹിത്യത്തോടും, അതിൻെറ നിർമ്മാതാക്കളായ എഴുത്തച്ഛൻ തുടങ്ങിയുള്ള കവിവേധസ്സുകളോടും എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നു സ്ഥൂലദൃഷ്ടികൊണ്ടെങ്കിലും ഒന്നു പരീക്ഷണം ചെയ്യേണ്ടതും ആവശ്യമാകുന്നു.

### കേരളവാസികളുടെ ഏകീഭാവം

രാഷ്ട്രീയമായ ഒരു ഭേദബുദ്ധി കേരളത്തിൻെറ ഭിന്നവിഭാഗങ്ങളെ അധിവസിക്കുന്ന ജനങ്ങൾക്കു ഒരിക്കലും ഉണ്ടാകുവാൻ പാടുള്ളതല്ല. കോട്ടയത്തു് കേരളവർമ്മരാജാവിൻെറ കാരുണ്യംകൊണ്ടു തിരുവിതാംകൂറും, തിരുവിതാംകൂർ ധർമ്മരാജാവിൻെറ കാരുണ്യംകൊണ്ടു ബ്രിട്ടീഷ് മലബാറും ഓരോ കാലത്തു നിലനിന്നു പോന്നതു ചരിത്രപ്രസിദ്ധമാണല്ലോ. കൊച്ചിയും തിരുവിതാംകൂറുമായുള്ള ചരിത്രപ്രസിദ്ധമായ സന്ധി കൊല്ലം ൯൩൬-കർക്കടകം ൨൫-ാംനു- ശുചീന്ദ്രത്തുവച്ചു ഉണ്ടായതിൽപ്പിന്നെ ഈ രണ്ടു രാജ്യങ്ങൾക്കും തമ്മിലുള്ള സൗഭ്രാത്രം ഒരുകാലത്തും ക്ഷയിച്ചിട്ടില്ല. ധർമ്മരാജാവിൻെറ കാലത്തു കൊച്ചി വലിയതമ്പുരാൻ അവിടത്തെ പ്രാണമിത്രമായിരുന്നു എന്നു്,

> "ആസ്തേ വഞ്ചിക്ഷിതിപതിവരാദാത്മനാ നന്യഭിന്നോ
> യസ്മിൻ മാടക്ഷിതി ഭൃദധുനാദേഹമാത്രേണഭിന്നഃ"

എന്ന ശ്ലോകാർദ്ധത്തിൽ ചാതകസന്ദേശകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. തിരുവിതാംകൂർകാരുടെ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും, മലബാർകാരുടെ മാനവിക്രമഏട്ടൻതമ്പുരാൻ (സാമൂതിരിപ്പാട്) തിരുമനസ്സുകൊണ്ടും എത്രമാത്രം സൗഹാർദ്ദത്തിലാണു പെരുമാറിവന്നതു്! സാഹിത്യപരിഷത്തിൻെറ സ്ഥിരാദ്ധ്യക്ഷനായ നമ്മുടെ അപ്പൻതമ്പുരാൻ തിരുമേനി കഴിഞ്ഞകൊല്ലം കോട്ടയ്ക്കൽ സാമൂതിരികോവിലകത്തും, ഇക്കൊല്ലം തിരുവിതാംകൂർ മഹാറാണിറീജൻറു തിരുമനസ്സിലെ പട്ടം കൊട്ടാരത്തിലും അച്ഛന്തോൾ കുമാരമന്ദിരത്തിലെന്നപോലെ സ്വച്ഛന്ദം എഴുന്നള്ളിത്താമസിക്കുന്നതുതന്നെ ഈ മൂന്നു ദേശവാസികളുടേയും ഏകീഭാവത്തെ ഉച്ചൈസ്തരം പ്രഖ്യാപനംചെയ്യുന്നു. തിരുവിതാംകൂർ എന്നും, കൊച്ചി എന്നും, മലബാർ എന്നും ഉള്ള വ്യത്യാസം കേരളീയർക്കു് ഒരിക്കലും—പ്രത്യേ

കിച്ച സാഹിത്യവിഷയത്തിൽ—ഉണ്ടാവാൻ യാതൊരു ബന്ധവും കാണുന്നില്ലതന്നെ.

കേരളഭാഷാസാഹിത്യത്തിൻെറ പുരോഗതി.

കേരളഭാഷാസാഹിത്യത്തിന് ഈയിടയ്ക്കു് അത്ഭുതപൂർവമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നുപറയുന്നതിൽ ഏതാണ്ട് പരമാർത്ഥാംശം ഇല്ലെന്നില്ലെങ്കിലും ബംഗാളി, ഹിന്ദി മുതലായ ഇതര ഭാരതീയഭാഷകളുമായോ, തെലുങ്ക്, തമിഴ്, കർണ്ണാടകം എന്നീ ഇതരദ്രാവിഡഭാഷകളുമായോ താരതമ്യപ്പെടുത്തുമ്പോൾ ഈ സാഹിത്യത്തിൻെറ പുരോഗതി ഏററവും ശോചനീയമാണെന്ന നിർമ്മത്സരന്മാർ സമ്മതിക്കാതെ നിവൃത്തിയില്ല. ഏതാനും ചില ഖണ്ഡകാവ്യങ്ങളും, ടാഗോർപ്രസ്ഥാനത്തിലുള്ള പ്രേമഗീതങ്ങളും, പാശ്ചാത്യ സമ്പ്രദായത്തിലുള്ള ചെറുകഥകളും ലഭിച്ചാൽ സാഹിത്യപോഷണം തദ്വാരാ സമഗ്രവും സമഞ്ജസവുമായെന്ന് അഭിമാനിക്കുന്നവർ ലോകപരിചയം സിദ്ധിച്ചവരാകുവാൻ തരമില്ല. തെലുങ്കിന് രാജമന്ത്രിയിലും, തമിഴിന്ന ചിദംബരത്തും, കർണ്ണാടകത്തിന്ന മൈസൂരിലും ഇപ്പോൾ ഓരോ സർവ്വകലാശാലയുണ്ട്. മലയാളത്തിന് ഇനിയും ഒന്ന് ഉണ്ടായിക്കഴിഞ്ഞിട്ടില്ല; ഉണ്ടാകുവാനുള്ള ലക്ഷണവും കാണുന്നില്ല. ഏതദ്ദേശീയഭാഷകളിൽ ജനസംഖ്യാബലംകൊണ്ട് ഹിന്ദി ഒന്നാമത്തേയും, ബംഗാളി രണ്ടാമത്തേയും, തെലുങ്ക് മൂന്നാമത്തേയും, മറാത്തി നാലാമത്തേയും, തമിഴ് അഞ്ചാമത്തേയും, കർണ്ണാടകം എട്ടാമത്തേയും, മലയാളം പന്ത്രണ്ടാമത്തേയും സ്ഥാനത്തിനത്രേ അവകാശിയായിക്കാണുന്നത്. ദ്രാവിഡരിൽ രണ്ടുകോടി മുപ്പത്തഞ്ചു ലക്ഷം ജനങ്ങൾ തെലുങ്കും, ഒരു കോടി എൺപത്തഞ്ചു ലക്ഷം തമിഴും, ഒരു കോടി കർണ്ണാടകവും, എഴുപത്തഞ്ചു ലക്ഷം മലയാളവും സംസാരിക്കുന്നു. ഭാരതഭൂമിയിൽ വിദ്യാഭ്യാസത്തിന്ന കേളികേട്ട ദേശം കേരളമാണെങ്കിലും, അതിന് ഇനിയും ഒരു സർവ്വകലാശാല കൂടാതെയാണ് ജീവിക്കുവാൻ വിധി എന്നുള്ള വസ്തുത ഏതു ഭാഷാഭിമാനിയുടേയും ഹൃദയത്തെ തീവ്രമായി വ്രണപ്പെടുത്തുക തന്നെ ചെയ്യും. ഭാഷാചരിത്രം, സാഹിത്യ ചരിത്രം, നിരുക്തം, ദേശീയപദസമാഹാരം, ശൈലീസമാഹാരം, അപ്രസിദ്ധങ്ങളായ പ്രാചീനഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം, പഴയ പാട്ടുകളുടെ സംഗ്രഹം, വിവിധങ്ങളായ നവീനപ്രസ്ഥാനങ്ങളിൽ ഗ്രന്ഥരചന, ജീവചരിത്രനിർമ്മിതി, ചരിത്രനിബന്ധനം, നിഷ്കൃഷ്ടവും നിർമ്മത്സരവുമായ ഗ്രന്ഥവിമർശനം, ബംഗാളി, ഹിന്ദി, തെലുങ്ക്, കർണ്ണാടകം മുതലായ ഏതദ്ദേശീയഭാഷകളിൽനിന്നും സർവോപരി സംസ്കൃതം ഇംഗ്ലീഷ് ഈ ഭാഷകളിൽനിന്നും, ഗ്രന്ഥപരാവർത്തനം, ശാസ്ത്രപുസ്തക നിർമ്മാണം ഇങ്ങനെ ഏതെല്ലാം പദ്ധതികളിൽക്കൂടി എത്ര നിരന്തരമായും നിസ്തന്ദ്രമായും എത്ര കാലത്തേക്ക് എത്ര വളരെ അനുഗൃഹീതന്മാരായ വ

ശ്യവചസ്സുകൾ പ്രയത്നിച്ചാലാണ് ഭാഷാസാഹിത്യത്തിന്റെ ദാരിദ്ര്യം പരിഹൃതപ്രായമാകുവാൻ പോകുന്നതു്? "യദ്യൽ കർമ്മകരോതി തത്തദഖിലം ഭാഷേ! തവാരാധനം" എന്നു പറയത്തക്ക നിലയിൽ ഇവിടെ ഏതു് ഉത്ഥാനശീലനായ ഭാഷാബന്ധുവിനും അവനവന്റെ കൈങ്കര്യം യഥാശക്തി അനുഷ്ഠിക്കുവാൻ സൗകര്യമുണ്ട്.

"ബഹുധാപ്യാഗമൈർഭിന്നാഃ
പന്ഥാനസ്സിദ്ധിഹേതവഃ
ത്വയ്യേവനിപതന്ത്യോഘാ
ജാഹ്നവീയാഇവാർണ്ണവേ."

എന്നു കാളിദാസൻ പറഞ്ഞതുപോലെ ഏതുവഴിക്കു അവൻ പ്രയത്നിച്ചാലും അതെല്ലാം ഭാഷാഭഗവതിയുടെ സപര്യയായി പരിണമിക്കുന്നതുമാണ്. തദേകതാനത ഒന്നു മാത്രമേ അപേക്ഷണീയമായി കാണുന്നുള്ളു.

## സാഹിത്യപരിഷത്തു്.

നാലുകൊല്ലമായിട്ടു സാഹിത്യപരിഷത്തു് എന്തെല്ലാം ചെയ്തു എന്നു ചോദിക്കുന്നവർ പലരുമുണ്ട്. ഗണനീയമായി അതിന്നു യാതൊന്നും ചെയ്യുവാൻ സാധിച്ചിട്ടില്ലെന്ന് ഏററു പറവാൻ ഞാൻ തന്നെ സന്നദ്ധനാണ്. സാഹിത്യപോഷണത്തിന് അനുകൂലമായ ഒരു പരിതഃസ്ഥിതി ജനിപ്പിക്കുക എന്നൊരു കൃത്യം അതനുഷ്ഠിക്കുന്നില്ലെന്നു പറവാൻ ശത്രുക്കൾക്കുപോലും സാധിക്കുന്നതല്ല; അതുതന്നെ ഒരു ചില്ലറക്കാര്യമെന്നു കരുതുവാൻ പാടുള്ളതുമല്ല. "പരിഷത്തു്" എന്നതു ഒരു വലിയ പദമാണ്.

"അവ്രതാനാമമന്ത്രാണാം
ജാതിമാത്രോപജീവിനാം
സഹസ്രശസ്സമേതാനാം
പരിഷത്ത്വംനവിദ്യതേ."

അതായതു, തങ്ങൾ കാര്യമായി എന്തെങ്കിലും പ്രവർത്തിക്കേണ്ടതാണെന്നുള്ള നിശ്ചയത്തോടുകൂടാതെയും, പ്രാപ്യസ്ഥാനത്തിലേക്ക് എത്തുവാൻ വേണ്ട ആലോചനകൾ ചെയ്യാതെയും, ഊണിനും, കാപ്പികുടിക്കും, വെടിവട്ടത്തിനും മാത്രമായി ആയിരക്കണക്കിനു ജനങ്ങൾ ഒന്നിച്ചു കൂടിയാലും അതൊരു പരിഷത്താകയില്ലെന്നുള്ള ബോധായനന്റെ ഉപദേശം നാമെല്ലാവരും ഭയഭക്തിവിശ്വാസത്തോടുകൂടി അനുസ്മരിക്കേണ്ടതാകുന്നു. മലയാളഭാഷയെ പോഷിപ്പിക്കുവാൻ ഇന്നിവിടെ സന്നിഹിതരായിരിക്കുന്ന നാമെല്ലാവരും ഉററു ശ്രമിച്ചാൽ ഫലം പാണിസംസ്ഥിതമാകാതെ എവിടെപ്പോകും? ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യവരാൻ നിബോധത! വന്ദേമാതരം!

# പുസ്തകാഭിപ്രായം

## അശോകൻ

ഗ്രന്ഥകത്താ:— ശാസ്ത്രി മഹോപാദ്ധ്യായ കെ. എസ്സ്. നീലകണ്ഠനുണ്ണി.

പ്രസാധകൻ:— കേരളവിലാസം അച്ചുക്കൂടം തൃശ്ശൂർ. വില 8 ണ.

ആജീവനാന്തമുള്ള ദിഗ് വിജയമൊ മനുഷ്യവേട്ടയൊ കൂടാതെ ജനക്ഷേമകരമായ രാജ്യഭരണംകൊണ്ട് 'മഹാൻ' എന്ന പദത്തിനഹനായിത്തീന്നിട്ടുള്ള ഒരു ചക്രവത്തിയാണ് അശോകൻ. എങ്കിലും ലോകത്തിലെ പ്രസിദ്ധ ചക്രവത്തിമാരിൽ ഒരാളാണ് അശോകൻ എന്ന് ചരിത്രകാരന്മാർ സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്. ആക്ബറുടെ കാലത്തിനുമുമ്പുള്ള ഭാരതചരിത്രത്തിലെ ഏററവും പ്രസിദ്ധനായ ഒരു ദേഹമാണ് ഈ ചക്രവത്തി. അമേരിക്കയിലെ ഹേംസ് പാതിരി ലോകത്തിലെ ഏഴു മഹാന്മാരിൽ ഒരാളായി അശോകനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ഭാരതത്തിലെന്നുമാത്രമല്ല, ലോകമൊട്ടുക്കു പ്രസിദ്ധനും ലോകരുടെ ഭക്തിബഹുമാനാദരങ്ങൾക്കു പാത്രീഭൂതനും ആയ അശോകചക്രവത്തിയുടെ ഒരു ലഘുജീവചരിത്രമാണ് ഞങ്ങളുടെ അഭിപ്രായത്തിനു വിഷയീഭവിച്ചിരിക്കുന്ന പ്രസ്തുതഗ്രന്ഥം.

ചരിത്രപ്രധാനനായ ഈ ചക്രവത്തിയുടെ ഈ ജീവചരിത്രം ഞങ്ങളെ നിരാശപ്പെടുത്തിയിരിക്കുന്നു എന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ചരിത്രഗ്രന്ഥങ്ങളെ പ്രധാനമായി അവലംബിക്കാതെ ചില ഐതിഹ്യങ്ങളെ മാത്രം അടിസ്ഥാനമാക്കിയാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളതു്. സംസ്കൃതത്തിലെ അശോകനെക്കുറിച്ചുള്ള അപദാനം, പാലിയിലെ ദീപവംശം, ബുദ്ധഘോഷൻെറ വിനയവിമശം, പാലിയിലെ മഹാവംശം എന്നീ പ്രാചീനഗ്രന്ഥങ്ങളേയും ശിലാസ്ഥാപനങ്ങളേയും അടിസ്ഥാനമാക്കി അശോകനെപ്പററി എഴുതിയിട്ടുള്ള ആധുനിക ചരിത്രഗ്രന്ഥങ്ങൾ പരാമശിച്ചാണ് ഈ ജീവചരിത്രം എഴുതിയിരുന്നതെങ്കിൽ അതു് ചരിത്രദൃഷ്ട്യാ പ്രാധാന്യമഹിക്കുന്ന ഒന്നായിത്തീന്നേനെ. അശോകൻെറ പിതാവായ ബിന്ദുസാരനേയും, അദ്ദേഹത്തിൻെറ പിതാവും മൗര്യസാമ്രാജ്യസ്ഥാപകനുമായ ചന്ദ്രഗുപ്തനേയും പററി പറഞ്ഞിട്ടുള്ളതു് ഒട്ടുംതന്നെ മതിയായില്ല. സാമ്രാജ്യസ്ഥാപകനായ ചന്ദ്രഗുപ്തൻ ഏപ്പെടുത്തിയ രാജ്യഭരണരീതിയെ പിൻതുടരുകയും അല്പാല്പമായ ചില പരിഷ്കാരങ്ങൾ വരുത്തുകയും ആണ് അശോകൻ ചെയ്തിട്ടുള്ളതു്. എന്നാൽ ഈ ഗ്രന്ഥം വായി

ച്ചാൽ ഭരണരീതി അശോകൻ പുത്തനായി സൃഷ്ടിച്ച ഒന്നാണെന്നു തോന്നിപ്പോകം. രാജ്യഭരണം എന്ന അധ്യായത്തിൽ പറയുന്ന കാൎയ്യങ്ങൾ കറെക്കൂടി ക്രമീകരിച്ചും ഓരോ ഇനമായി തരം തിരിച്ചും പറയേണ്ടതാണ്. രാജ്യഭരണരീതിയിലുള്ള ഗുണദോഷങ്ങളെ ചൂണ്ടിക്കാണിച്ച് ശരിയായി വിമൎശിച്ചിട്ടില്ല. അശോകൻെറ കാലത്ത് കലാസംബന്ധമായും വിദ്യാഭ്യാസസംബന്ധമായും ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെപ്പററി ഗ്രന്ഥകാരൻ ഒന്നും പറയാതിരുന്നതു മറന്നുപോയിട്ടോ, അറിവില്ലാഞ്ഞിട്ടോ എന്നറിഞ്ഞുകൂടാ. 'ശാസനങ്ങൾ മൂലമല്ലാതെ അശോകനെപ്പററിയുള്ള ശരിയായ ഒരറിവു നമുക്കുണ്ടാകുന്നില്ല,' എന്നു പറയുന്നത് അത്ര ശരിയല്ല. ആകപ്പാടെ ഗ്രന്ഥകാരന് ചരിത്രസംബന്ധമായ അഗാധമായ ഒരറിവുണ്ടെന്ന് ഈ ഗ്രന്ഥം കാണിക്കുന്നില്ല. ഒരു ചരിത്രകാരനു വേണ്ട വിമൎശനബുദ്ധിയൊ, കല്പനാശക്തിയൊ, വൎണ്ണനാവൈഭവമൊ ഗ്രന്ഥകാരനില്ല. എന്നുതന്നെയല്ല അശോകൻെറ സ്വഭാവത്തെപ്പററി ശരിയായ ഒരു വിവരണംകൂടി ഗ്രന്ഥത്തിൽ ആവശ്യം ചേൎക്കേണ്ടതായിരുന്നു. ഈ ഗ്രന്ഥംകൊണ്ട് അശോകൻെറ സാക്ഷാത്തായ മഹത്വത്തിൻെറ ഒരു പ്രതീതി വായനക്കാൎക്ക് ഉണ്ടാകുമെന്നു തോന്നുന്നില്ല.

ഭാഷാരീതി തരക്കേടില്ല. അശോകൻെറ ജീവചരിത്രത്തിൻെറ ഒരു മുഖവുരയായി ഈ ചെറുപുസ്തകത്തെ ഗണിക്കാവുന്നതാണ്. എന്നാൽ പാഠപുസ്തകമാക്കാൻ കൊള്ളാവുന്ന പുസ്തകമാണെന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല. വിലയും അല്പം കൂടുതലാണ്. ഗ്രന്ഥകാരൻ ചരിത്രസംബന്ധമായി ശരിയായ അറിവു സമ്പാദിച്ച ശേഷം നല്ലതായ ഒരു ചരിത്രമെഴുതിക്കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

---

## മംഗലാവതരണം.

ഗ്രന്ഥകൎത്താ, സംസ്കൃതവിദ്വാൻ എം. കെ. പത്മനാഭപിള്ള പാമ്പാക്കുട.

വില 1-പണം

ക്രിസ്തുദേവൻെറ അവതാരകഥയെ കീൎത്തനംചെയ്യുന്നതാണ് ഇതിലെ ഇതിവൃത്തം. വഞ്ചിപ്പാട്ട്, പാന, ഗാഥ, താരാട്ട് എന്നിങ്ങനെ നാലു പാദങ്ങളിലായിട്ടാണ് കവി പാടിയിട്ടുള്ളത്. കവിയുടെ സ്വതസിദ്ധമായ വാസനക്ക് നല്ല ഉദാഹരണങ്ങൾ ഇതിൽ ധാരാളം കാണാം. ഗഹനങ്ങളായ കല്പനകളൊ, പുതുമയുള്ള ആശയങ്ങളൊ ഒന്നുമില്ലെങ്കിലും കവിതക്ക് ഒരു ഒഴുക്കും വായിക്കാൻ സുഖവും ഉണ്ട്.

"കവിതകൾ അവയുടെ യഥാൎത്ഥ വൈശിഷ്ട്യത്തെതന്നെ ആശ്രയിച്ചുവേണം ലോകത്തിൽ നിലനില്ക്കാൻ. അന്യന്മാരുടെ പ്രശംസയാകുന്ന പൊയ്ക്കാലിന്മേൽ കയറി നിന്നാൽ താഴെ ഇറങ്ങേണ്ടതായിവരും" എന്ന് ഒരു സാഹിത്യകാരൻ എഴുതിയിട്ടുണ്ട്. കഷ്ടിച്ചു ൨൦൦–വരി പദ്യം മാത്രമുള്ള ഈ ചെറുകൃതിക്ക്, മുഖവുര, അവതാരിക, അഭിപ്രായം എന്നിങ്ങനെ പല രൂപങ്ങളിലായി നാലു മാന്യന്മാരുടെ പ്രശംസകൾകൂടി വാങ്ങിച്ചേൎത്തിരിക്കുന്നത് ഗ്രന്ഥകൎത്താവിന്റെ സ്വപ്രത്യയസ്ഥൈൎയ്യത്തിന്റെ അഭാവത്തേയും, പരപ്രത്യയനബുദ്ധിയുടെ പ്രഭാവത്തേയുമാണു കാണിക്കുന്നത്. ഈ കവിതയിൽ യുക്തിയും മനോധൎമ്മവും ഉപയോഗിക്കേണ്ട നല്ല ഘട്ടങ്ങൾ വളരെയുണ്ടായിട്ടും അവയൊന്നും വേണ്ടപോലെ ഉപയോഗിക്കാതെ യഥാസ്ഥിതിയിൽതന്നെ കഥപറയുന്നതേയുള്ളു. നിത്യകന്യകയായ 'മേരി'ക്കു 'പുന്ന്യഗൎഭം' ഉണ്ടായപ്പോൾ പരിഭ്രമിക്കുന്ന അവസരത്തിൽ "മതി, മനുന്യ ചിന്തമതി, മഹനീയമാതൃസ്ഥാനം മാനിച്ചുകൊള്ളൂ" എന്നിങ്ങനെ പറയുന്ന ഭാഗങ്ങളും മററും മുൻപറഞ്ഞതിനു ഉദാഹരണങ്ങളാണ്. ഈമാതിരി പല ഘട്ടങ്ങളും കവിദൃഷ്ടിക്ക് അപൎയ്യാപ്തങ്ങളും ശുഷ്കങ്ങളും ആയി തോന്നിയേക്കാമെങ്കിലും വാസനക്കാരനാണു ഈ കവി എന്നുള്ളതിനു തൎക്കമില്ല. ഗൎഭസ്ഥരായ എലിശ്ബായും മറിയാമ്മയും കൂടി കാണുമ്പോൾ എലിശ്ബായുടെ സ്വാഗതവചനങ്ങൾ നോക്കുക.

"ഓമനമകളായമറിയാമ്മേ (പാന)
ഭൂമിമണ്ഡലഭാഗ്യക്കൊടിക്കുറെ!
വിശ്വനായകൻവന്നുവരിക്കയാൽ
വിശ്വവന്ദ്യയായ് വന്നവധൂമണെ!
നിൻെറജന്മവും നന്മയും നേൎച്ചയും
തൻെറകൎമ്മവുംധൎമ്മവുംകുക്ഷിയും
സൎവ്വുമിപ്പോൾസൽഫലപൂൎണ്ണമായ്
പാർവണ ചന്ദ്രസുന്ദരരൂപിണി
തൽപിതാവിൻെറയല്പപ്രസാദത്താൽ
ഞാനുമിമ്മട്ടിലായിമനോരമേ!"

നല്ല വാസനക്കാരനായ ഈ കവിക്കു സൎവ്വസിദ്ധികളും ഉണ്ടാകുമാറാകട്ടെ.

## ഉദ്ധാരണങ്ങൾ.

വിദേശഭാഷമൂലമുള്ള അഭ്യസനം

ഈ വിഷയത്തെപ്പററി അനേകം മഹാന്മാർ അഭിപ്രായം പറ

ഞ്ഞിട്ടുള്ളതാണല്ലൊ. എന്നാൽ മുൻകാലങ്ങളിൽ വിദേശഭാഷമൂലം അഭ്യസനം നടത്തിയിരുന്ന രാജ്യങ്ങൾ പണ്ടു യൂറോപ്പിലും ഉണ്ടായിരുന്നു. അതു് രാജ്യത്തിൻെറ പുരോഗതിക്കു പ്രതിബന്ധമായി തീർന്നതായി കണ്ടതിനാൽ അവർ വിദ്യാഭ്യാസം മാതൃഭാഷയിലാക്കിത്തീർക്കയാണുണ്ടായതു്. എന്നാൽ മക്കാളെപ്രഭു നടപ്പാക്കിയ ഈ വിദേശഭാഷയിൽക്കൂടിയുള്ള അഭ്യസനം ഇവിടെ-ഭാരതത്തിൽ-ഇനിയും ഭരതവാക്യം ചൊല്ലാറായിട്ടില്ല. ഈ വിഷയത്തെപ്പററി ഡാക്ടർ എൻ. പി. ലാഴ് സൻ എം. എ. ഡി. ഡി ഇൻഡ്യൻ എഡ്യൂക്കേററർ എന്ന മാസികയിൽ എഴുതിയിരിക്കുന്ന ശ്രദ്ധേയമായ ലേഖനത്തിലെ ഏതാനും ഭാഗം താഴെ ചേർക്കുന്നു.:—

നൂറുകൊല്ലംമുമ്പു മക്കാളിയും കൂട്ടുകാരും ഇൻഡ്യയിൽ പാശ്ചാത്യ വിദ്യാഭ്യാസം നടപ്പിലാക്കാൻ അഭിപ്രായപ്പെട്ടപ്പോൾ അവരുടെ ഒരു വാദം പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിക്കുന്നവരെ പരിഭാഷകന്മാരായി ഉപയോഗിക്കാമെന്നും അവരിൽനിന്നും നൂതനങ്ങളായ ആശയങ്ങളെ മററുള്ളവരിൽ പ്രചരിപ്പിക്കാമെന്നുമായിരുന്നു. ഇതാണു ഫലങ്ങൾ ഏററവും നിരാശാജനകങ്ങളായി കണ്ടതു് ആ തരത്തിലുള്ള വിദ്യാഭ്യാസംകൊണ്ടു വലിയ ഗുണമൊന്നും ആശിക്കേണ്ട എന്നുള്ളതിനു യൂറോപ്പിലെ അനുഭവം ഒരു മുന്നറിവായി സ്വീകരിക്കാമായിരുന്നു. ഭാഷയും ആശയങ്ങളും പരസ്പരം സ്വതന്ത്രങ്ങളല്ല. അങ്ങിനെയാണെന്നു വിചാരിച്ചു ആശയങ്ങൾ അതുപയോഗിക്കുന്ന ഭാഷ നോക്കാതെ പ്രചരിപ്പിക്കാമെന്നു് വിചാരിച്ചുകൂടാ. അങ്ങിനെയായാൽ ഫലം നിരാശാജനകമായിരിക്കും. ലാററിൻ ശബ്ദങ്ങൾ അവയുടെ അർത്ഥഗ്രഹണം കൂടാതെ ഉപയോഗിക്കുന്നതു് അസഹനീയമായിത്തീർന്നപ്പോൾ ഒരു എഴുത്തുകാരൻ തൻെറ നാടകങ്ങളിൽ ആ സമ്പ്രദായത്തിൻെറ ആപൽക്കരങ്ങളും ആക്ഷേപാർഹങ്ങളുമായ ഫലങ്ങളെ പ്രദർശിപ്പിച്ചു തുടങ്ങിയ ഒരു കാലം ഡെൻമാർക്കിൽ ഉണ്ടായിരുന്നു ... ... ...

ഗൃഹവും വിദ്യാലയവും തമ്മിൽ സഹകരണമില്ല. ഗൃഹത്തിൽ ഉപയോഗിക്കുന്ന ഭാഷയല്ല, വിദ്യാലയത്തിൽ ഉപയോഗിക്കുന്നതു് ഭാഷയിൽ മാത്രമല്ല, ആശയങ്ങളിൽക്കൂടി ഈ രണ്ടുലോകങ്ങളും വ്യത്യസ്ഥങ്ങളായിത്തീരുമ്പോൾ വിഭിന്നത ഭയങ്കരമായിത്തീരുന്നു. വിദ്യാലയത്തിലെ ജോലി കഠിനമായിത്തീരുന്നു. പാഠശാലയിൽ പഠിക്കുന്ന കാര്യങ്ങൾ ഗൃഹത്തിലേയും സംഭാഷണത്തിൽ പെടുകയാണെങ്കിൽ, വിദ്യാർത്ഥികൾ വിഷമം കൂടാതേയും, ജ്ഞാനത്തെ വർദ്ധിപ്പിക്കുന്നു എന്നുള്ള ധാരണകൂടാതേയും പലകാര്യങ്ങളും മനസ്സിലാക്കുന്നതാണു്. നേരെമറിച്ചു് ഗൃഹവും വിദ്യാലയവുമായി ബന്ധമില്ലെങ്കിൽ ബാലികാബാലന്മാർക്കു്, ആവശ്യമുള്ളതു പഠിക്കുന്നതിനും പഠിച്ചതു് ഓർമ്മിക്കുന്നതിനും ഒരുസമരം ചെയ്യേണ്ടിവരും. ഗൃ

ഹത്തിൽനിന്നും സഹായം ലഭിച്ചില്ലെങ്കിൽ പാഠശാലയിൽനിന്നും പഠിച്ചതു് പൂർണ്ണമായി സ്വാത്മാനുഭൂതി വരുത്തുവാൻ സാധിക്കയില്ല. ഈആശയങ്ങളും മററും ഗൃഹത്തിലെ സംഭാഷണത്തിലുൾപ്പെടുത്തുകയാണെങ്കിൽ പലകാര്യങ്ങളുടേയും അർത്ഥം വ്യക്തമാകയും, ശരിയായ പ്രയോഗരീതി മനസ്സിലാകയും ചെയ്യും."

## "കേൾക്കാൻ സുഖമില്ലാത്ത വാസ്തവങ്ങൾ."

യോഗക്ഷേമത്തിൽ ഇങ്ങനെ കാണുന്നു:-

"സ്ഫടികംകൊണ്ടു നിർമ്മിച്ച വീട്ടിലിരുന്നു പുറമേ പോകുന്നവരെ കല്ലെറിയരുതെന്നു് ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ടു്. അമേരിക്കക്കാരിയായ മിസ്സ് മേയോ എന്ന ഒരു സ്ത്രീ ഇന്ത്യക്കാരേയും ഇന്ത്യയിലെ ആചാരങ്ങളേയും കഠിനമായി ഭർത്സിച്ച് 'മദർ ഇന്ത്യ' എന്ന പേരിൽ ഒരു പുസ്തകം എഴുതി പ്രസിദ്ധം ചെയ്തതിനെ സംബന്ധിച്ചുണ്ടായ ക്ഷോഭം ഇനിയും നിലച്ചിട്ടില്ലല്ലൊ. ഈ പുസ്തകത്തിനു മറുപടിപുസ്തകമായി അനേകം പുസ്തകങ്ങൾ പ്രസിദ്ധമാക്കിക്കഴിഞ്ഞിട്ടുണ്ടു്. എന്നാൽ എതിരാളിയുടെ ദോഷങ്ങളെ ചൂണ്ടിക്കാണിച്ചുംകൊണ്ടു് ഒരു പുസ്തകം പ്രസിദ്ധമാക്കിയതു് ഇപ്പോൾ മാത്രമാണു്. "അങ്കിൾ ഷാം" എന്ന പേരിൽ മിസ്റ്റർ കെ. എൽ ഗാബ് എന്നാൾ ഇതിനിടെ പ്രസിദ്ധമാക്കിയ പുസ്തകത്തിൻെറ മൂന്നാമത്തെ പതിപ്പും വിററുതീർന്നിരിക്കുന്നു. പരിഷ്കാരത്തിലും സ്ത്രീസ്വാതന്ത്ര്യത്തിലും മൂർദ്ധന്യദശയിലെത്തിയ അമേരിക്കയിലെ സ്ഥിതികളെപ്പററി റിക്കാർട്ടുകളെ അടിസ്ഥാനമാക്കി എഴുതിയുണ്ടാക്കിയ ഈ പുസ്തകത്തിൽ കാണുന്ന ചില വിവരങ്ങളാണു താഴെ ചേർക്കുന്നതു്:—

൧. അമേരിക്കയിലെ ഹൈസ്കൂളിൽ പഠിക്കുന്ന ബാലികമാരിൽ ൧൦൦ന്നു ൪൫-ം വിദ്യാലയം വിടുന്നതിനു മുമ്പായി പുരുഷസംസർഗ്ഗം ഉണ്ടായിട്ടുള്ളവരാണു്.

൨. അമേരിക്കയിലെ ഒരു നഗരത്തിൽതന്നെ സ്പെയിൻരാജ്യത്തിൽ മുഴുവനും കാണുന്ന ദുർവൃത്തകളിൽ അധികം വ്യഭിചാരിണികളെ കാണ്മാനുണ്ടാവും.

൩. ന്യൂയോർക്ക പട്ടണത്തിൽ കാണുന്ന സ്ത്രീകളിൽ ഒന്നെങ്കിലും യഥാർത്ഥത്തിൽ പുരുഷബന്ധം ഉണ്ടായിട്ടില്ലാത്ത കന്യകയാണെന്നു പറവാൻ തരമില്ല.

൪. അമേരിക്കയിലെ പെൺകിടാങ്ങളെല്ലാം കാമിനികളും, വശീകരണവിദ്യ പ്രയോഗിക്കുന്നവരും അധികപ്രസംഗികളും ആണു്.

൫. സന്താനനിയന്ത്രണവിദ്യകൾ ഫലിക്കായ്കയാൽ ഗർഭം അലസിപ്പിക്കുകകാരണം രോഗംപിടിപെട്ടു മരിക്കുന്ന സ്ത്രീകളുടെ എണ്ണം അമേരിക്കയിൽ കാണുമ്പോലെ ലോകത്തിലെങ്ങും കാണുകയില്ല.

'അങ്കിൾഷാം' എന്ന പുസ്തകത്തിൽ ചേർത്തിട്ടുള്ള ഈവക വിവരങ്ങൾ തെററാണെന്നു പറവാൻ ഇതേവരെ ആരും ഉണ്ടായിട്ടില്ല,.